X. നിയമനിർമ്മാണ കാര്യം

(1) 1986—ലെ കേരള ധനകാര്യ ബിൽ

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986—ലെ കേരള ധനകാര്യബിൽ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച 8—ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Electricity (**Sri. R. Balakrishna Pillai**) Sir, I second it.

ശ്രീമതി കെ. ആർ. ഗൗരി: വിശദീകരണം വേണം. ഇൻട്രോഡക്ഷൻ ഇല്ലാതെയാണ് ഇവിടെ പ്രമേയം അവതരിപ്പിച്ചത്.

മി. സ്പീക്കർ: ശ്രീ. ശങ്കരനാരായണപിള്ള, അങ്ങയുടെ പ്രമേയം അവതരിപ്പിക്കുന്നുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: പ്രമേയം അവതരിപ്പിച്ചു. ഓരോ ഐറ്റത്തിലുമുള്ള തുകയെക്കുറിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞില്ല. ഓരോ ഐറ്റത്തിനുമുള്ള തുകയെപ്പറ്റി അറിയാൻ വേണ്ടിയാണ് ചോദിക്കുന്നത്.

മി: സ്പീക്കർ: അത് ചർച്ചയിൽ ചോദിക്കാം. ഇനിയും അതിനു സമയമുണ്ട്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സർ, ഞാൻ ഈ ഫിനാൻസ് ബില്ലിനെയും പ്രമേയത്തെയും എതിർക്കുന്നു. ഈ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിലെ നിർദ്ദേശങ്ങളനുസരിച്ച് നികുതി പിരിക്കുന്നതിനും സമാഹരിക്കുന്നതിനും അധികാരം നൽകുന്നതിനുവേണ്ടിയുള്ള ബില്ലാണ് ഇവിടെ അവതരിപ്പിച്ചത്. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, 32 കോടി രൂപയുടെ പുതിയ വിഭവസമാഹരണത്തിനുള്ള നിർദ്ദേശങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള ബഡ്ജറ്റാണിത്. സബ്ജക്ട് കമ്മിറ്റിയുടെ സ്റ്റേറ്റുമെന്റനുസരിച്ച്, അതിലെ വസ്തുതകൾ കളളമായിരുന്നു, കൂടിശ്ശിക തീർക്കുന്നതിന് പ്രൊവിഷനുണ്ടായിരുന്നില്ല, പ്രവർത്തനങ്ങൾക്കാവശ്യമായ പണം മാറ്റിവച്ചിട്ടില്ല, പലതിനും ടോക്കൺ പ്രൊവിഷൻ മാത്രമാണ് വച്ചിട്ടുള്ളത്, അതുകൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടി ബഡ്ജറ്റ് കമ്മി അല്ലാതാക്കാൻ പുതിയ ധനകാര്യമന്ത്രി ഈ വർഷം പരമാവധി ശ്രമിക്കുമെന്ന് ഈ സഭയിൽ പ്രഖ്യാപിച്ചു. അതുകൊണ്ട് ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിന്റെ പൊതുവായ സമീപനംപോലും ഉപേക്ഷിച്ചതിനുശേഷമാണ് പുതിയ ധനകാര്യമന്ത്രി, പഴയ ധനകാര്യമന്ത്രിയുടെ ബിൽ പരിശോധനയ്ക്ക് അയയ്ക്കാനുള്ള പ്രമേയവുമായിട്ട് വന്നിരിക്കുന്നത്: ഇതിന്റെയെല്ലാം നേതാവായ മുഖ്യമന്ത്രിയാണെങ്കിൽ, ബഡ്ജറ്റ് കമ്മിയുമാകാം, മിച്ചവുമാകാം എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ലോകത്തിൽ ഏതെങ്കിലുമൊരു നിയമസഭയ്ക്ക് ഇത്തരമൊരു ഗതികേട് വന്നിട്ടുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. ഈ ബഡ്ജറ്റിനെ സംബന്ധിച്ചും അതിലെ നികുതിനിർദ്ദേശങ്ങളെ സംബന്ധിച്ചുമൊക്കെത്തന്നെ ബഡ്ജറ്റ് കമ്മിയോ മിച്ചമോ അഥവാ രണ്ടും അല്ലാത്തതോ എന്ന് ഉറപ്പിച്ചു പറയാൻപോലും സാധിക്കാത്ത ഒരു പ്രത്യേക സാഹചര്യത്തിൽ ഒരു വികൃത

LIBRARY ARCHIVES Kerala Legislative Assembly

ശിശുവിനെപ്പോലുള്ള ചില നികുതി പിരിക്കുന്നതിനുവേണ്ടിയുള്ള അവകാശത്തിനുവേണ്ടിയാണ് ഇങ്ങനെയൊരു ബില്ലുമായിട്ട് ഈ സഭയിൽ വന്നിരിക്കുന്നത്. സർ, ഈ സഭയിൽ അവതരിപ്പിച്ച പുതിയ നികുതി നിർദ്ദേശങ്ങളിലെ ഓരോന്നിനെ സംബന്ധിച്ചും പറയുമ്പോൾ ഇത് സാധാരണക്കാരനെ ബാധിക്കുമോ, പാവപ്പെട്ടവനെ ബാധിക്കുമോ എന്നൊക്കെ പരിശോധിക്കണം. ബാധിക്കാൻ ഇടയില്ല എന്നുള്ള ഗൗരവപരമായ വാദങ്ങളുണ്ടാകാൻ ഇടയുണ്ട്. പക്ഷെ ഈ സെയിൽസ് ടാക്സിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ വർദ്ധനവിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ മാത്രമാണുള്ളതെന്നുള്ള ഒരൊറ്റ കാര്യം കൊണ്ടുതന്നെ നമ്മുടേതുപോലുള്ള ഒരു കൺസ്യൂമർ സ്റ്റേറ്റിൽ ഇത്തരം സെയിൽസ് ടാക്സിൽ പുതിയ പുതിയ നിർദ്ദേശങ്ങളും പൊതുവായ വില വർദ്ധനയ്ക്ക് ഇടയാക്കുന്ന പ്രതിഭാസവുമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഗവൺമെന്റ് അത് ആവർത്തിച്ച് ആവർത്തിച്ച് വരികയുമാണ്. ഈ ഒരൊറ്റ കാരണം കൊണ്ടുതന്നെ പൊതുവായ നികുതി പിരിവിനെ സംബന്ധിച്ചുള്ള സർക്കാരിന്റെ സമീപനം കൊണ്ടുതന്നെ, ചെറുകിട വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങളുടെയും, ഉപോൽപ്പന്നങ്ങളുടെയും മേലുള്ള നികുതിമൂലംതന്നെ ചെറുകിട വ്യവസായങ്ങൾ അധികവും നമ്മുടെ സംസ്ഥാനംവിട്ട് പുറത്തു പോകുകയാണ്. അതുകൊണ്ടുതന്നെയാണ് പാക്കിംഗ് കേസ് വ്യവസായം തകർച്ചയിലായത്. ഇരുമ്പിനും ഉരുക്കിനും അതിനോടനുബന്ധപ്പെട്ട ലോഹങ്ങൾ കൊണ്ട് ഉണ്ടാക്കുന്ന എല്ലാ സാധനങ്ങൾക്കും നികുതി ബാധകമാക്കിയെന്നാണ് പറഞ്ഞത്. ഇപ്പോൾ ടിൻ പാക്കിംഗ് കേസുകളിൽ നമ്മുടെ വെളിച്ചെണ്ണ വ്യാപാരത്തിലും കശുവണ്ടി വ്യാപാരത്തിലും ആവശ്യമുള്ള വസ്തുക്കൾ തമിഴ്നാട്ടിൽനിന്നാണ് സപ്ലൈ ചെയ്യുന്നത്. ഇത്തരം നികുതി നിർദ്ദേശങ്ങൾകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾ മേൽപ്പറഞ്ഞ സാധനങ്ങൾ സപ്ലൈ ചെയ്യുന്നില്ല. തൃശ്ശൂർപോലുള്ള ഞങ്ങളുടെ പ്രദേശങ്ങളിൽ ഒരു ചെറിയ ഫർണിച്ചർ വാങ്ങണമെങ്കിൽപ്പോലും കോയമ്പത്തൂരിൽ പോകണമെന്നതാണ് സ്ഥിതി. ഈ നികുതിനിർദ്ദേശങ്ങൾകൊണ്ട് സ്ഥിതി ഗതികൾ കൂടുതൽ വഷളാകുകയും കൂടുതൽ വില വർദ്ധനയ്ക്ക് ആവശ്യമായ രീതിയിലുള്ള പ്രതിഭാസങ്ങൾക്ക് ഇടയാകുകയും ചെയ്യുമെന്നുള്ള വസ്തുത ഈ ഗവണ്മെന്റ് ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. ഇതിൽ പുതിയ നികുതിനിർദ്ദേശങ്ങൾ പി. വി. സി. ക്ലോത്ത്, വാട്ടർ പ്രൂഫ് ക്ലോത്ത്, റബ്സിൻ തുണി എന്നിവയ്ക്കാണ്. ഇതെല്ലാംതന്നെ സാധാരണക്കാരനെ ബാധിക്കുന്ന തരത്തിലുള്ളതാണ്. ബസ്സിന്റെ സീറ്റിന്റെ കവറിനുള്ള തുണി അതുപോലെ റോളക്സ് ചെയ്തുവരുന്നതാണ്. അങ്ങനെ സാധാരണക്കാരനെ ബാധിക്കുന്ന രീതിയിൽ വില വർദ്ധനയ്ക്ക് വേഗത കൂട്ടുന്ന ഒരു സമീപനമാണ് സെയിൽസ് ടാക്സ് വർദ്ധിപ്പിക്കുന്നതുവഴി ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പുതിയ നികുതിനിർദ്ദേശങ്ങൾ കൂടാതെതന്നെ വിവേസമാഹരണത്തിനു കഴിയുന്ന ഒരു സംസ്ഥാനമാണിത്. ഇന്ന് ഏറ്റവും കൂടുതൽ സാധനങ്ങൾ വാങ്ങി ഉപയോഗിക്കുന്ന ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയിൽ സെയിൽസ് ടാക്സ് കൃത്യമായി പിരിക്കാൻ കഴിഞ്ഞാൽത്തന്നെ എത്രയോ കൂടുതൽ സംഖ്യയുണ്ടാക്കാൻ കഴിയുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ബജറിന്റെ കമ്മി മിച്ച സംവാദം പോലെതന്നെ പല മേഖലകളിലും ചില പ്രത്യേക താൽപ്പര്യംവച്ച് നികുതി ഒഴിവാക്കുന്നു. സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽനിന്നും നികുതി പിരിവ് വളരെ മോശമാണ്. അത്തരം പ്രദേശങ്ങളിൽ ചില ഔദാര്യങ്ങൾ കാണിക്കുന്നുവെന്ന് പ്ലാനിംഗ് വിദഗ്ദ്ധൻമാരും സർക്കാരിന്റെ പരിശോധന സംബന്ധിച്ചുള്ള ആഡിറ്റ് റിപ്പോർട്ടിലും പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയധികം നികുതി വെട്ടിപ്പുകളും നടത്തുന്നു. അതിനു പരസ്യമായി രേണാധികാരികളും കൂട്ട് നിൽക്കുന്ന ഒരു സംസ്ഥാനം ഇൻഡ്യയിൽ വേറെയുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. പുതിയ ധനകാര്യമന്ത്രി പല അഭ്യാസങ്ങളും പഠിച്ചയാളാണ്. അതുകൊണ്ട് ഈ രീതിയിലുള്ള പ്രോത്സാഹനവുമായി മുൻപോട്ടു പോകുമോ എന്നെനിക്കറിഞ്ഞുകൂടാ. അദ്ദേഹം പലതിലും വൈദഗ്ദ്ധ്യം തെളിയിച്ചയാളാണ്. ഇത്തരം ബിസിനസ്സുകളിലൊക്കെതന്നെ അദ്ദേഹം വിദഗ്ദ്ധനാണ്. ഇക്കാര്യത്തിൽ എന്തുണ്ടാകുമെന്ന് കണ്ടറിയണം. സഹകരണ പ്രസ്ഥാനങ്ങളിലൂടെ മാത്രം വന്ന, ഒരു മന്ത്രിയെന്നതിനേക്കാളധികം സമ്പാദ്യമുണ്ടാക്കാൻ കഴിഞ്ഞ ഒരു പ്രാപ്തനായ മന്ത്രിയെന്ന നിലയിലുള്ള ബഹുമതിയാണ്, അദ്ദേഹത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ഇത്തരം ബുദ്ധിമുട്ടുള്ള കാര്യങ്ങൾ പറയിപ്പിക്കരുത്. സർ, ഞാൻ പറഞ്ഞ വന്നത് ഈ നികുതി വർദ്ധനവിനെക്കുറിച്ചാണ്. ഈ നികുതി നിർദ്ദേശങ്ങൾക്കു പുറമെ, ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവ്, ട്രാൻസ്പോർട്ട് ചാർജ് വർദ്ധന തുടങ്ങി സാധാരണക്കാരെ ബാധിക്കുന്ന ഒട്ടേറെ വർദ്ധനകളും വീണ്ടും കൂട്ടിച്ചേർത്താൽ മനുഷ്യന് താങ്ങാൻ കഴിയാത്ത വിധത്തിൽ ദുഷ്കരമാകും. ഈ വിലപനനികുതിപിരിവിന്റെ പൊതുസ്വഭാവത്തെക്കുറിച്ച് പറഞ്ഞാൽ പ്രൊവിഷണൽ അസസ്മെന്റ് തന്നെ വേണ്ടല്ലോ. പ്രൊവിഷണൽ അസസ്മെന്റനുസരിച്ച് ഒരു നല്ലസംഖ്യ പിരിക്കുകയും ഫൈനൽ അസസ്മെന്റിൽ ബാക്കി കണക്കുകൂട്ടി പരിശോധിക്കുകയും ചെയ്യുന്ന ഒരു സംവിധാനമുണ്ടായിട്ടുകൂടി പൂർണ്ണമായി പിരിവ് നടത്താൻ കഴിയാത്ത ഒരു സംസ്ഥാനമാണ് നമ്മുടേത്. വ്യാപാരി—വ്യവസായി സംഘടനകളുടെ ആവശ്യമനുസരിച്ചാണ് മുൻ ധനകാര്യമന്ത്രി ഈ പ്രൊവിഷണൽ അസസ്മെന്റ് നിറുത്തിവച്ചത്. പ്രൊവിഷണൽ അസസ്മെന്റ് പോലുമില്ലാതെ ഫൈനൽ അസസ്മെന്റ് നടത്തി, കാലം കഴിഞ്ഞതിനുശേഷം നികുതിപിരിക്കുക എന്ന സമീപനം ഈ രാജ്യത്തെ നികുതിവെട്ടിപ്പുകാർക്ക് കൂട്ടുനിന്നുകൊണ്ട് ഈ ഗവൺമെന്റ് എടുക്കുന്നതാണ്.

ശ്രീ. ഇ. പത്മനാഭൻ: ഈ നികുതിപിരിവ് കൃത്യമായി നടത്തുന്നുവെന്നുള്ള ആക്ഷേപം വ്യാപാരി-വ്യവസായി സംഘടന ഉന്നയിച്ചതിന്റെ പേരിൽ തൃശ്ശൂരിൽത്തന്നെയുള്ള നിരവധി സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരെ ഇടുക്കിയിലും മറ്റും സ്ഥലം മാറിയതു മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: അതും എനിക്കറിയാം. അങ്ങനെ അവരെ സ്ഥലം മാറിയതുമാത്രമല്ല അന്നത്തെ ധനകാര്യമന്ത്രി, വ്യാപാരി—വ്യവസായികളുടെ പ്രത്യേക സ്വീകരണ യോഗത്തിൽവച്ചാണ് പ്രൊവിഷണൽ അസസ്മെന്റ് നിറുത്തലാക്കുമെന്ന് അവർക്ക് ഉറപ്പുകൊടുത്തത്. പുതിയ ധനകാര്യമന്ത്രിയ്ക്ക് സ്വീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ദിവസം എന്നാണെന്ന് എനിക്കറിഞ്ഞുകൂടാ. സർ, അങ്ങനെ പ്രൊവിഷണൽ അസസ്മെന്റ് നിറുത്തി നികുതിപിരിവ് മനഃപൂർവ്വം തടസ്സപ്പെടുത്തി പല മേഖലയിൽനിന്നും നികുതി പിരിക്കാതെ, പല പ്രദേശങ്ങൾക്കും പ്രത്യേകമായിട്ടുള്ള ആനുകൂല്യങ്ങൾ നൽകി വികലവും വികൃതവുമായ, ഒരു പ്രത്യേക ബിസിനസ്സായി സെയിൽസ് ടാക്സ് വകുപ്പിനെ മാറിയതിന്റെ ഫലമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അതിന്റെ ചുവടും പിടിച്ചാണ് പോകുന്നത്. സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന രീതിയിലുള്ള ഇത്തരം നികുതി നിർദ്ദേശങ്ങൾ കൂടാതെതന്നെ വിവേസമാഹരണം സാധ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. കൃഷ്ണൻ: അതുകൊണ്ടല്ലേ മുൻ ധനകാര്യമന്ത്രി ശ്രീമാൻ മാണിയെ, മാറിയത്?

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: അദ്ദേഹത്തെ മാറിയതിന്റെ കാരണമിതാണെന്ന് എനിക്ക് തോന്നുന്നില്ല. അദ്ദേഹത്തേപ്പോലെ മിടുക്കനായ ഒരാളെവേണം; മാണിയാണ് ഈ ബിസിനസ് കൈകാര്യം ചെയ്യുന്നതെങ്കിൽ ഐക്യജനാധിപത്യമുന്നണിയുടെ കക്ഷിക്കും നേതാ

11 A.M.)] വിനും കൃത്യമായ ഓഹരി കിട്ടുകയില്ലെന്നും വിശ്വസ്തനായ ശ്രീ. തച്ചടിപ്രഭാകരനെ ഏൽപ്പിക്കാമെന്നുമാണ് ശ്രീമാൻ കരുണാകരൻ കരുതുന്നതെങ്കിൽ ആ കണക്കു തെറ്റാനാണു പോകുന്നത്. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഞാൻ പറഞ്ഞുവരുന്നത് നികുതി വെട്ടിപ്പിനെപ്പറ്റിയാണ്. സ്വർണ്ണ വ്യാപാരത്തിന് ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ് തൃശ്ശൂർ. അവർ സെയിൽസ്ടാക്സ് കൊടുക്കാറില്ല. ബില്ലും കൊടുക്കാറില്ല. അതിൽ നിന്നുള്ള വരുമാനം സെയിൽസ് ടാക്സിന് കിട്ടുന്നില്ല. ഒരുപക്ഷേ മന്ത്രി എഴുന്നേറ്റുനിന്ന് ഒരു കണക്കുവായിക്കുമായിരിക്കും: സ്വർണ്ണത്തിന് ഇതിനുമുമ്പുണ്ടായിരുന്നതിനേക്കാൾ, നായനാരുടെ കാലത്തുണ്ടായിരുന്നതിനേക്കാൾ നികുതി കൂടുതൽ ആയിരിക്കുന്നുവെന്ന്. കാരണം അന്നത്തേക്കാൾ സ്വർണ്ണത്തിന് പത്തിരട്ടി വില കൂടിയില്ലേ? അപ്പോൾ പത്തിരട്ടി നികുതി വർദ്ധിക്കേണ്ടതല്ലേ? ഇതാണ് കണക്ക്. സാമാന്യമായി ഈ രാജ്യത്ത് സെയിൽസ്ടാക്സ് എല്ലാകൊല്ലവും വർദ്ധിക്കും. കാരണം, പിടിച്ചാൽ കിട്ടാത്ത വിലവർദ്ധനവിന്റെ തോതനുസരിച്ച് നികുതിവർദ്ധിക്കാതിരിക്കുമോ? വളരെ സമർത്ഥമായി, അത്തരം മേഖലകളിൽനിന്ന് നികുതി പിരിക്കാതെ അവർക്ക് കൂടുതൽ ഔദാര്യവും ആശ്വാസവും കൊടുക്കുക, അവർ സംഭാവന കൊടുക്കുക, നികുതി വെട്ടിക്കാൻ സൗകര്യം നൽകുക, സത്യസന്ധമായിട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരെ പിടിച്ച് സ്ഥലംമാറ്റുക, ചില മേഖലകളിൽ ഔദാര്യം കാണിക്കുക ഈ രീതിയിൽ താന്തോന്നിത്തമായിട്ടുള്ള ഒരു നികുതിപിരിവ് സമ്പ്രദായം നിലനിൽക്കുന്ന ഒരു സംസ്ഥാനത്ത് കാര്യക്ഷമമായ ഒരു ഏർപ്പാടുണ്ടാക്കുന്നതിനുപകരം പുതിയ നികുതി നിർദ്ദേശങ്ങളുമായിട്ടാണ് വരുന്നത്. 32 കോടിരൂപയുടെ പുതിയ നികുതിനിർദ്ദേശങ്ങളാണുള്ളത്. നമ്മുടെ പുതിയ ധനകാര്യമന്ത്രി സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാരെയൊക്കെ ഒന്ന് കയ്യിലെടുത്തിരിക്കുകയാണ്. അവരുടെ സമ്മേളനം വിളിച്ചിരുന്നു. അവർക്കാവശ്യമായ 'സ്റ്റാഫിനെ കൊടുത്ത് അവരുടെ പ്രമോഷൻ സാദ്ധ്യതകളും ഉറപ്പാക്കി അവരെക്കൂടി ഒന്ന് മെരുക്കിയെടുത്തേ ബിസിനസ് നടത്താൻ കഴിയുകയുള്ളൂ എന്ന സ്ഥിതിയിലാണ് പ്രവർത്തിക്കുന്നതെന്ന് ഞാൻ കേട്ടു. അതുകൊണ്ട് പിരിവ് കൂടുമായെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും ഇത്തരം പഴുതുകളടച്ച് ഒരു സമീപനം കൈക്കൊണ്ടാൽതന്നെ ഇതിൽപറയുന്നതിനേക്കാൾ കൂടുതൽ സംഖ്യ സംസ്ഥാനത്തു നിന്ന് പിരിച്ചെടുക്കാൻ കഴിയുമെന്നു വ്യക്തമായിരിക്കേ ഞാൻ നേരത്തേ പറഞ്ഞതുപോലെ കുടിൽവ്യവസായങ്ങളെയടക്കം ദ്രോഹിക്കുന്ന ഈ സമീപനം ഉപേക്ഷിക്കുന്നതിനും പുതിയ നികുതി നിർദ്ദേശങ്ങളില്ലാതെ വരുന്നതിനും കഴിയുമെന്നുള്ളതാണ് വസ്തുത. ഈ നികുതിനയംകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ ചെറുകിടവ്യവസായങ്ങളെയൊക്കെ നശിപ്പിച്ചു. ഞാൻ വരുന്ന കുന്നംകുളം പട്ടണത്തിലെ തൊഴിലാളികളും തൊഴിലിൽ ഏർപ്പെട്ടിരുന്നത് വട്ടക്കണ്ണി (screw rings) ഇൻഡസ്ട്രിയും, പ്രസ്സും ആയിരുന്നു. അവിടത്തെ ജനങ്ങളുടെ പ്രധാനപ്പെട്ട ഉപജീവനമാർഗ്ഗമായിരുന്നു അത്.

LIBRARY ARCHIVES Kerala Legislative Assembly

അതിപ്പോൾ വെള്ളത്തിലായി. ഈ ലോഹങ്ങളുടെ പുതിയനികുതിനിർദ്ദേശങ്ങൾ കൂടിവന്നാൽ ആ വ്യവസായം അടച്ചുപൂട്ടി അവർ രാജ്യം വിടുമെന്നാണ് പറയുന്നത്. അത്രയും ചെറുകിട വ്യവസായങ്ങൾക്കൊന്നും പ്രോൽസാഹനം നൽകുന്നില്ല. സ്മാൾ സ്കെയിലിന് അഞ്ചുകൊല്ലമേ ആനുകൂല്യം നൽകുന്നുള്ളൂ.. തകർച്ചയ്ക്കു വേഗത കൂട്ടുന്ന നികുതിനിർദ്ദേശങ്ങളാണ് പൊതുവായിട്ട് ഇതിലുള്ളതെന്നാണെനിക്ക് പറയുവാനുള്ളത്.

മറെറാരുകാര്യം പറയുവാനുള്ളത് സാമ്പത്തിക അച്ചടക്കമില്ലായ്മയെപ്പറ്റിയാണ്. നികുതി ഭീമിച്ചിട്ട് നികുതിദായകന് എന്താണ് കൊടുക്കുന്നത്? നികുതിദായകനെ ദ്രോഹിക്കുകയും വിലവർദ്ധനവുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അഴിമതിയും ധൂർത്തും ഒഴിവാക്കി സാമ്പത്തിക അച്ചടക്കംപാലിക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിലാണ് നിങ്ങൾ പുതിയ നികുതിനിർദ്ദേശങ്ങളുമായിട്ട് വരുന്നത്. ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്താണ്? കാർഷികമേഖലയ്ക്ക് എന്താണ് കൊടുത്തത്? കാർഷികമേഖലയെ പാപ്പരാക്കി. നെൽകൃഷി തകർത്തു. എല്ലാ കൃഷിക്കാരെയും തകർത്തു. കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറച്ചു. ഭക്ഷ്യസാധനങ്ങൾ ആണ്ടിൽ മൂന്നിരട്ടിയാണ് കാലത്തെയ്ക്കുപോയിട്ട് അഞ്ചിരട്ടിയാണ് കാലത്തെയ്ക്കു പോലുമുണ്ടാകില്ല. കഴിഞ്ഞ ബഡ്ജറിൽ ധനകാര്യമന്ത്രി പറഞ്ഞു 700 കോടിരൂപയാണ് ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി മാറിവച്ചതെന്ന്. ഇപ്പോൾ എത്രയാണ് ആയിരംകോടിരൂപയായിക്കാണും. നല്ല ബിസിനസ് ആണ്. പൊതുമേഖലയാകെ തകർത്തു. കൃഷിയെ തകർത്തു. വ്യവസായത്തെ തകർത്തു. എല്ലാം ബിസിനസ്സാണ്. പള്ളിക്കൂടം കച്ചവടം, അതിന് കമ്മീഷൻ. ട്രാൻസ്പോർട്ട് ദേശസാൽക്കരണം മാറി സ്വകാര്യമേഖലയിൽ കച്ചവടം എല്ലാം സ്വകാര്യമേഖലക്കാർക്ക് 'വിറ്റുകാശാക്കി. ഇവർ ഈ രാജ്യത്തെപ്പോലും വിറ്റുകാശാക്കും സർ. ആ രീതിയിലാണ് ഗവൺമെൻറ് നികുതി ചെലവ്ചെയ്യുന്നത്. അവർ രാജ്യത്തെ മുഴുവൻ വിറ്റ് കാശാക്കുമെന്നു പറഞ്ഞാൽ എന്താണതിൽ അതിശയമുള്ളത്? ഇന്ത്യയുടെ ഏറ്റവും പരമാധികാരചിഹ്നമായ 'ഇന്ത്യൻ ദേശീയപതാക'. ഇന്ത്യാ രാജ്യത്ത് കടക്കരുതെന്ന് പറഞ്ഞ രണ്ടുവിദേശദ്രോഹികൾക്ക് വാടകയ്ക്കു കൊടുത്ത മാന്യൻമാരല്ലേ സർ, ഇവർ? രണ്ടുപേർ വന്നു കാപ്പികുടിയും കഴിഞ്ഞുപോയിരെന്ന് പറയുന്നതുപോലെ വളരെ ലാഘവത്തോടുകൂടിയല്ലേ പറഞ്ഞത്? ദേശീയപതാക എന്നുപറഞ്ഞാൽ എന്താണെന്ന് ഇവർക്കറിയുമോ? മുഖ്യമന്ത്രിയെ സഭയിൽ കാണുന്നില്ല. സ്വാതന്ത്ര്യം തന്നെ അവരാണ് വാങ്ങിച്ചതെന്ന് കോൺഗ്രസ്സുകാർ പറയാറുണ്ട്. ദേശീയ പതാകയെന്നു പറഞ്ഞാൽ എന്താണെന്നറിയുമോ ഇവർക്ക്? അതിന്റെ പരമാധികാരത്തെക്കുറിച്ചറിയുമോ? അത് വാടകയ്ക്ക് കൊടുക്കാനുള്ള സാധനമാണോ? അതു വാടകയ്ക്ക് കൊടുത്ത വിദ്വാൻമാരാണ് ഇവർ. ഈ രാജ്യത്തെ മുച്ചൂടും മുടിച്ച് വിലവർദ്ധനവുണ്ടാക്കി ജനങ്ങളെയാകെ പാപ്പരാക്കി. രാജ്യംപോലും കാശ് കിട്ടിയാൽ വിദേശികൾക്ക് തീറെഴുതുന്ന ഒരു കൊള്ളക്കമ്പനിക്കാരുടെ ഈ നികുതി നിർദ്ദേശങ്ങളെ യാതൊരു വിധത്തിലും അനുകൂലിക്കുവാൻ സാദ്ധ്യമല്ല എന്നുള്ളതാണ് വസ്തുത. പഴയ കള്ളൻമാരെക്കൂടാതെ ചെറിയ കുട്ടികളെക്കൂടെ അപ്രൻറീസായിട്ട് പരിശീലനത്തിന് എടുത്തിട്ടുണ്ട്. അവരെക്കുറിച്ച് എനിക്ക് വളരെ ഖേദം തോന്നുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി ഡെപ്യൂട്ടി സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനകാര്യ ബില്ലിനെ, ഞാൻ പൂർണ്ണമായും അംഗീകരിക്കുകയാണ്. എനിക്കുമുമ്പ് പ്രസംഗിച്ച മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടിയിലെ ശ്രീ. അരവിന്ദാക്ഷൻ തുടക്കത്തിൽ മനോഹരമായ ചില നിർദ്ദേശങ്ങൾ വയ്ക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ കൗതുകത്തോടുകൂടി കാത്തിരിക്കുകയായിരുന്നു. പക്ഷെ ഒന്നുരണ്ടു ചോദ്യങ്ങൾ വന്നപ്പോൾ അദ്ദേഹം വഴിമാറിപ്പോയിയെന്നാണ് ഞാൻ മനസ്സിലാക്കിയത്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് മിച്ചമാണോ കമ്മിയാണോയെന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അരവിന്ദാക്ഷന്റെ സംശയം ഇതുവരെയും തീർന്നിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ മിച്ചമുണ്ടോ കമ്മിയുണ്ടോയെന്നതിനേക്കാളുപരി, വർഷങ്ങൾക്കുശേഷം നമ്മുടെ സംസ്ഥാനത്തു മിച്ചം വന്നിരിക്കുന്നുവെന്നുള്ള ഒരുരജതരേഖ കേരളത്തിന്റെ ഇക്കോണമിയിൽ ദൃശ്യമായിരിക്കുന്നുവെന്നുള്ള വസ്തുത വച്ചുവേണം നമ്മുടെ രാജ്യത്തെ സാമ്പത്തികകാര്യങ്ങൾ പരിശോധിക്കാനെന്നാണ് വിനയപൂർവ്വം എനിക്ക് പറയുവാനുള്ളത്. എങ്ങനെയാണ് ഈ സാമ്പത്തിക സ്ഥിതി മെച്ചമായത്? വളരെവർഷങ്ങളായി, ഓവർഡ്രാഫ്റ്റ് കൂടികിടക്കുന്ന ഒരു സംസ്ഥാനമെന്നാണ് നമ്മുടെ സംസ്ഥാനം അറിയപ്പെട്ടിരുന്നത്. ഓവർഡ്രാഫ്റ്റു മിഡ് ടേം ലോണുകളായിട്ട് മാറാൻ ഇന്ത്യാഗവൺമെന്റ് സഹായിച്ചുവെന്നുള്ളതാണ് അടിസ്ഥാനപരമായ ഒരു കാര്യം. കഴിഞ്ഞകൊല്ലങ്ങളിൽ ഇവിടെ വരൾച്ചയുണ്ടായപ്പോഴും വെള്ളപ്പൊക്കമുണ്ടായപ്പോഴും എല്ലാം നമ്മൾ പ്രതീക്ഷിക്കാത്ത നിലയിൽ ഏകദേശം 135 കോടിയോളം രൂപ ഇന്ത്യാഗവൺമെന്റിൽനിന്നും സഹായധനമായി ലഭിച്ചുവന്നുട്ടുള്ളതാണ് മറ്റൊരു വസ്തുത. മൂന്നാമത്തെകാര്യം, ഇന്ത്യാരാജ്യത്തൊരു സംസ്ഥാനത്തും നടന്നിട്ടില്ലാത്തവിധത്തിൽ 7–ാം പഞ്ചവത്സര പദ്ധതിയുടെ പ്ലാൻ അഡ്വാൻസ് ഇന്ത്യാഗവൺമെന്റ് കേരളസംസ്ഥാനത്തിനു തന്നു. അതും ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സഹായകരമായി. ഒറ്റനോട്ടത്തിൽ വളരെ പിന്നോക്കാവസ്ഥയിൽകിടക്കുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത നന്നാക്കിയെടുക്കുവാനുള്ള ആത്മാർത്ഥമായ ശ്രമത്തിന് നമ്മുടെ ഗവൺമെന്റിൽ നിന്നും പരിപൂർണ്ണമായ പിന്തുണയും ലഭിച്ചു. നമ്മുടെ എക്കണോമിക് റിവ്യൂവിലെ റിപ്പോർട്ടുപ്രകാരം The improved performance of the Agricultural and service sectors and a low level of inflation have contributed to the significant growth of the economy in real terms. അതുംകൂടി വന്നപ്പോൾ ഈ സംസ്ഥാനത്ത് ഒരു മെച്ചത്തിന്റെ രജതരേഖ കാണാൻസാധിച്ചുവെന്നുള്ളതാണ് വസ്തുത. ബഹുമാനപ്പെട്ട അരവിന്ദാക്ഷന്റെ പ്രസംഗത്തിൽപറഞ്ഞു, അഗ്രികൾച്ചറൽ സെക്ടർ മുഴുവൻ തകർന്നുപോയിരിക്കുന്നുവെന്ന്. അത് അദ്ദേഹം പറയരുതായിരുന്നു. കാരണം ബഹുമാനപ്പെട്ട അരവിന്ദാക്ഷൻ, പഠിക്കുന്ന ഒരു വ്യക്തിയാണെന്ന് എനിക്കറിയാം. അദ്ദേഹം അരിയെ സംബന്ധിച്ചിടത്തോളം പറഞ്ഞു, നെല്ലുൽപ്പാദനം കുറഞ്ഞുപോയിരിക്കുന്നുവെന്ന്. ഇവിടെ എന്താണ് സ്ഥിതി? Economic Review-ൽ Page No. 2-ൽ പറയുന്നത് Rice production rose by 4 per cent from 12.08 lakh tonnes in 1983-84 to 12.56 lakh tonnes in 1984-85. Productivity of rice in the State reached a record level of 1729 kg. per hectare in 1984-85. In spite of a steady decline in the area under rice since 1974-75, the level of production could be maintained in the range of 12 to 14 lakh tonnes as a result of increasing productivity.

LIBRARY ARCHIVES Kerala Legislative Assembly

പഴയ കാലഘട്ടത്തിൽനിന്ന് വ്യത്യസ്തമായി, ഈ സംസ്ഥാനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ റൈസ് പ്രൊഡക്ഷൻ വർദ്ധിച്ചിരിക്കുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമായി അവശേഷിച്ചിരിക്കെ നെല്ലിന്റെ ഉൽപ്പാദനം കുറഞ്ഞിരിക്കുന്നുവെന്ന് പറയുന്നതിന്റെ അർത്ഥമെന്താണെന്നു മനസ്സിലാക്കാൻ എനിക്ക് താൽപ്പര്യമുണ്ട്. ഞാൻ മറ്റൊരു കാര്യം കൂടി പറയട്ടെ.

ശ്രീമതി കെ. ആർ. ഗൗരി: രണ്ടു കൊല്ലം ഫ്ളഡ്ഡായിരുന്നു. ഒരു കൊല്ലം ഡ്രൗട്ടായിരുന്നു. പിന്നെ എവിടെ വർദ്ധിച്ചുവെന്നാണ് പറയുന്നത്? നിങ്ങൾ അങ്ങനെയല്ലേ പറഞ്ഞുനടക്കുന്നത്?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട ഗൗരിയമ്മ എന്റെ സമയം തടസ്സപ്പെടുത്താൻ ശ്രമിക്കുന്നുവെങ്കിൽ എനിക്ക് ബുദ്ധിമുട്ടുണ്ട്. വസ്തുതകളും ആധാരമാക്കാമെങ്കിൽ ഞാൻ ഒരു കാര്യം പറയാം. During 1984-85 the highest rate of increase in production was noticed for Coffee (390.6%), followed by Cardamom (159%), (Coconut 30.4%), Ground nut (27.7%), Fuses (10.7%).....അതിൽ ആകെ കുറഞ്ഞിരിക്കുന്നത് എന്താണെന്നുവച്ചാൽ പെപ്പർ മാത്രമാണ്. പെപ്പറിന്റെ പ്രൊഡക്ഷൻ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കുറഞ്ഞിട്ടുണ്ട്. അതിന് മറ്റ് പല കാരണങ്ങളുമുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: എക്കണോമിക് റിവ്യൂവിൽ പറയുന്നത് വരൾച്ചയ്ക്ക് ശേഷമുള്ള പ്രൊഡക്ഷനും വരൾച്ചയുടെ കാലത്തുണ്ടായ പ്രൊഡക്ഷനുമായി താരതമ്യപ്പെടുത്തിയാണ്. മറിച്ച്, 1980–'81–ലെ പ്രൊഡക്ഷനുമായി നോക്കുമ്പോൾ 1984–'85–ലെ പ്രൊഡക്ഷൻ കൂടുതലാണെന്ന് പറയാൻ കഴിയുമോ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി. ഞാൻ പറയുന്നത് നമ്മുടെ അഗ്രിക്കൾച്ചറൽ സെക്ടറിന്റെ പെർഫോമൻസ് വളരെയധികം മെച്ചപ്പെട്ടിരിക്കുന്നു എന്നാണ്. ഇൻഡ്യാ ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലുള്ള മിച്ചത്തിന്റെ രൂപരേഖ കണ്ടുകൊണ്ടുള്ള മുന്നോട്ടുപോക്കിനുള്ള സ്ഥിതിയിലേയ്ക്ക് സ്റ്റേറ്റ് എത്തിയിരിക്കുന്നു. നമ്മുടെ അഗ്രിക്കൾച്ചറൽ ഫണ്ട് കുറച്ചുകൂടി വിപുലമാക്കിയാൽ ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കുറച്ചു കൂടി മെച്ചപ്പെടുത്താൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. ഇ. കെ. നായനാർ: 13 ലക്ഷം ടൺ റൈസ് ഉൽപ്പാദിപ്പിച്ചിടത്ത് ഇപ്പോൾ 12 ലക്ഷം മാത്രമേയുള്ളൂ. അതുപോലെ കൊപ്രയുടെയും, തേങ്ങയുടെയും വിലയാണെങ്കിൽ മൂവായിരം കിട്ടിയ സ്ഥലത്ത് ഇപ്പോൾ 1200 ആണ്. അഗ്രിക്കൾച്ചറൽ സെക്ടർ ആകെ തകർന്നിരിക്കുകയാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: തേങ്ങയുടെ വിലയെ സംബന്ധിച്ചല്ല, ഞാൻ ഇവിടെ പറഞ്ഞത്, പ്രൊഡക്ഷനെ സംബന്ധിച്ചാണ്. ഡ്രൗട്ട് കാലഘട്ടത്തിൽനിന്നും ഫ്ളഡ് കാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായ ഒരു പുതിയ മുഖം നമ്മുടെ പ്രൊഡക്ഷൻ മേഖലയിലുണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നുവെന്ന് സ്ഥാപിക്കാൻ വേണ്ടിയാണ് ഞാൻ ഈ കാര്യം സൂചിപ്പിച്ചത്. ഞാൻ കൊണ്ടു വരുന്ന പോയിൻറ് എന്താണെന്ന് ചോദിച്ചാൽ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കേരളത്തിൻറെ റിസോഴ്സസ് മൊബിലൈസേഷൻ നടത്തുകയെന്ന പരിപാടി നടത്തുന്നതോടൊപ്പം തന്നെ അഗ്രിക്കൾച്ചറൽ ഫണ്ട് കുറച്ചു കൂടി വിപുലപ്പെടുത്തിയാൽ ഈ സംസ്ഥാനത്തിൻറെ സാമ്പത്തിക നില കുറച്ചു കൂടി മെച്ചമായ ഒരു സാഹചര്യത്തിൽ എത്തിക്കാൻ സാധിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. അതിനെ നമ്മൾ വികൃതമായി കണ്ടതുകൊണ്ട് കാര്യമില്ല. ഞാൻ പറയാം ഇവിടുത്തെ നികുതി ഘടനയിൽ മാറ്റം വരുത്തണമെന്ന് ബഹുമാനപ്പെട്ട അരവിന്ദാക്ഷൻ പറഞ്ഞു. സ്വാഗതാർഹമായ ഒരു നിർദ്ദേശമാണ്. കാലാകാലങ്ങളിലായി ഇന്നതിന് ഇന്നത് എന്ന് പറഞ്ഞുകൊണ്ട് നികുതി ഘടന നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. പല കമ്മീഷനുകളെക്കുറിച്ചും നമുക്കറിയാം. നികുതി നിർദ്ദേശങ്ങളെ സംബന്ധിച്ച് പഠിക്കാനും റിപ്പോർട്ട് കൊടുക്കാനും ആവശ്യപ്പെട്ട കമ്മീഷനുകളും മുഴുവൻ തന്നെ നികുതി ഘടനയിൽ അടിസ്ഥാനപരമായ മാറ്റം വരുത്തണമെന്ന അഭിപ്രായക്കാരാണ്. ഞാൻ ഒരു കാര്യം കൂടി സൂചിപ്പിക്കാം. ഇൻഡ്യയിലെ മറ്റ് ഏത് സ്റ്റേറ്റുകളെ അപേക്ഷിച്ച് നോക്കിയാലും കേരളത്തിൻറെ എക്കണോമിയെന്ന് പറഞ്ഞാൽ അത് ഒരു ഒറ്റയാനാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രദ്ധിക്കേണ്ട കാര്യമാണ്. നമ്മൾ ഇപ്പോൾ ഒറ്റയാനാണ്. ഒന്നുമായും കണക്ട് ചെയ്തുകൊണ്ട് സ്ഥിരമായിട്ടുള്ള എക്കണോമി നമുക്കില്ല. ഇപ്പോൾ തേങ്ങയുടെ വില കുറഞ്ഞതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു തേങ്ങയ്ക്ക് വിലയുള്ളപ്പോൾ ഇസ്ത്തിരി വച്ച ഷർട്ടുമിട്ട് നടന്ന നമ്മൾ ഇപ്പോൾ തേങ്ങക്ക് വില കുറഞ്ഞപ്പോൾ താണു പോയി. അതാണ് നമ്മുടെ എക്കണോമി. ആ എക്കണോമി പിടിച്ചു നിർത്താൻ കാർഷിക പ്രദേശമായ കേരളത്തെ സംബന്ധിച്ചിടത്തോളം അഗ്രിക്കൾച്ചറൽ ഫണ്ട്, അഗ്രിക്കൾച്ചറൽ സെക്ടർ കുറച്ചുകൂടി കാര്യക്ഷമമാക്കുകയെന്നുള്ളതാണ് നമ്മുടെ മുൻപിലുള്ള ഒരു പോംവഴി. ആ കൂട്ടത്തിൽ ബഹുമാനപ്പെട്ട അരവിന്ദാക്ഷൻ സൂചിപ്പിച്ചതുപോലെ (അദ്ദേഹം അത് വിശദീകരിച്ചില്ല) നമ്മുടെ ടാക്സ് ഘടനയിൽ അടിസ്ഥാനപരമായ മാറ്റം വരുത്തിയാൽ ഇന്ന് കാണുന്ന പ്രയാസങ്ങൾ കുറച്ചുകൂടി ലഘൂകരിക്കാൻ സാധിക്കുമെന്നാണ് എൻറെ പൂർണ്ണമായ വിശ്വാസം. ആ കാര്യത്തിൽ അദ്ദേഹത്തോട് ഞാൻ യോജിക്കുന്നു.

പിന്നെ സർവ്വീസിനെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞു. സർവ്വീസ് കാര്യക്ഷമമാണെന്ന് പറഞ്ഞു. ഇവിടെ പറഞ്ഞത് പൂർണ്ണമായും ശരിയല്ല. നമുക്കറിയാം ഉദാഹരണമായി ഇന്ന് എൻസൈക്ലോപീഡിയ. 23 ലക്ഷം രൂപയാണ് ഓരോ കൊല്ലവും എൻസൈക്ലോപീഡിയക്ക് കൊടുക്കുന്നത്. സത്യത്തിൽ അവിടെ നടക്കുന്നത് എന്താണ്? യാതൊന്നും നടക്കുന്നില്ല. ആറേഴു കൊല്ലമായി ഒന്നും നടക്കുന്നില്ലെന്നാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട് തുടങ്ങിയ പല റിപ്പോർട്ടുകളിലും വന്നത്. സ്വയംഭരണസ്ഥാപനങ്ങൾ എന്ന് പറയുന്ന സ്ഥാപനങ്ങൾ നശിപ്പിക്കുന്ന കോടിക്കണക്കിന് ഉറുപ്പികയുടെ കണക്ക് കാണണ്ടേ? അത് ഏത് ഗവൺമെൻറായാലും കാണണമല്ലോ? സമരങ്ങൾ— ഇപ്പോൾ പ്രീഡിഗ്രി ബോർഡിനെതിരായി സമരം നടക്കുന്നു. എത്ര കോടി രൂപയുടെ നഷ്ടം! എന്താണ് ഈ സ്റ്റേറ്റിൻറെ സാമ്പത്തിക രംഗത്ത് വരുത്തി വച്ചിരിക്കുന്ന അപകടങ്ങൾ? ഇന്നല്ല അതു മനസ്സിലാകുക. കുറച്ച് കാലം കഴിഞ്ഞേ അത് മനസ്സിലാകുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെയെല്ലാം തന്നെ സമചിത്തതയോടുകൂടി നോക്കിക്കണ്ടുകൊണ്ട് ഒരു പുതിയ സമീപനം വേണം. ഈ സ്റ്റേറ്റിൽ നാളെ ഞങ്ങൾ ഭരിക്കട്ടെ, അല്ലെങ്കിൽ ശ്രീമതി ഗൗരിയമ്മ ഭരിക്കട്ടെ, അല്ലെങ്കിൽ ആരെങ്കിലും ഭരിക്കട്ടെ നമ്മളെല്ലാവരും ഒന്നുകിൽ എം. എൽ. എ. യാകും അല്ലെങ്കിൽ ആകാതിരിക്കും. അത് വേറെ വിഷയം. പക്ഷേ ഈ സ്റ്റേറ്റിനെ സാമ്പത്തികമായി മെച്ചപ്പെടുത്തുന്ന കാര്യത്തിൽ നിർല്ലജ്ജകമായ പങ്ക് വഹിക്കാൻ പൊളിറ്റിക്കൽ പാർട്ടികൾക്ക് ബാദ്ധ്യതയില്ലേ? ഇപ്പോൾ രണ്ടു മൂന്നു നല്ല പോയിന്റുകൾ പറഞ്ഞ് ശ്രീ. അരവിന്ദാക്ഷൻ രാഷ്ട്രീയത്തിലേക്ക് വന്നു. ദുബായ് പൗരൻമാർക്ക് സ്വീകരണം കൊടുത്ത കാര്യത്തെക്കുറിച്ച് പറഞ്ഞു അതാണോ വിഷയം? അങ്ങനെയാണെന്ന് വച്ചാൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥിതിയെന്താണ്? ഏത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് ഇൻഡ്യയിലുള്ളത്? കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യ, അത് പ്രസവിച്ച കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) അത് ഇപ്പോൾ പ്രസവിക്കാൻ പോകുന്നതാണ് യഥാർത്ഥ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. സർ, എന്റെ സ്ഥലമായ കോഴിക്കോട് വെള്ളിലപ്പള്ളി എന്ന് പറയുന്ന ഒരു ചെടിയുണ്ട്. ആ ചെടിക്ക് മൂന്നിലയാണുള്ളത്. ആദ്യം വരുന്ന ഇല കറുത്ത പച്ചയാണ്. രണ്ടാമത്തേത് വെള്ളയിലയാണ്. മൂന്നാമത്തേത് ചുവന്നയില. അതിനെപ്പറ്റി ഞങ്ങളുടെ നാട്ടുകാർ പറയും. ''അമ്മ കറുമ്പി, മോള് വെളുമ്പി, മകളുടെ മകളൊരു ശൊങ്കത്തി'' എന്ന്. അതുപോലെയാണ് ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി. യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി ഏതാണ്? രാഘവൻ പ്രസവിക്കാൻ പോകുന്ന കമ്മ്യൂണിസ്റ്റുപാർട്ടി യഥാർത്ഥ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയാണോ? അതല്ല വിഷയം; ഞാൻ അതിലേക്ക് പോകുന്നില്ല. എന്റെ പാർട്ടി എന്നെ പഠിപ്പിച്ച കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. എനിക്ക് അങ്ങോട്ട് പോകേണ്ട കാര്യമില്ല. ഞാൻ ദുബായ് പൗരൻമാരെ സംബന്ധിച്ചും ദേശീയ പതാക വാടകയ്ക്കു കൊടുത്തതിനെ സംബന്ധിച്ചും പറഞ്ഞതിനു മാത്രം രാഷ്ട്രീയമായി മറുപടി പറഞ്ഞതാണ്. മറ്റൊരു പോയിന്റ്, ഇപ്പോൾ കാര്യക്ഷമതയില്ലാത്ത നേതൃത്വം ഗവൺമെന്റ് തലത്തിലായാലും ശരി ഉദ്യോഗസ്ഥ വിഭാഗങ്ങളിലായാലും ശരി നമ്മുടെ സ്റ്റേറ്റിനെ സാമ്പത്തികമായി പാപ്പരാക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇത് ശ്രദ്ധിക്കേണ്ടതാണ്. ഇപ്പോൾ പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിൽ നടക്കുന്നില്ല. എന്തുകൊണ്ട് നടക്കുന്നില്ല? പല പൊതുമേഖലാസ്ഥാപനങ്ങളും ലാഭത്തിൽ നടക്കുന്നുണ്ട്. നമ്മുടെ കെ. എസ്. ആർ. ടി. സി., കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കാൻ സാധിക്കുന്ന ഒരു സ്ഥാപനമാണ്. ഞാൻ എം. എൽ. എ. യൊന്നുമല്ലാതിരുന്ന കാലത്ത് ജോലി ചെയ്തിരുന്ന കോഴിക്കോട്ടുള്ള ഒരു സ്വകാര്യ കമ്പനി വളരെ ചെറിയ നിലയിൽ തുടങ്ങിയ ഒരു കമ്പനിയായിരുന്നു. അത് ഇന്ന് കേരളത്തിലെ മാത്രമല്ല, ഇൻഡ്യാ രാജ്യത്തെ തന്നെ ഏറ്റവും അറിയപ്പെടുന്ന ഒരു കമ്പനിയായി മാറിയിരിക്കുകയാണ്. എന്താണ് കാരണം? കാര്യക്ഷമതയാണ്. നമ്മുടെ കെ. എസ്. ആർ. ടി. സി. യോ? ഓരോ ദിവസവും നഷ്ടമാണ്. അങ്ങനെ നഷ്ടപ്പെട്ട് വരുന്ന കമ്പനിയുടെ കണക്കെല്ലാം കൈയിലുണ്ട്. ഞാൻ അത് പറയുന്നില്ല. സമയക്കുറവുകൊണ്ട് നീട്ടുന്നില്ല. ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. വി. കെ. രാജൻ: സർ, ഞാൻ ഈ ഫിനാൻസ് ബില്ലിനെ എതിർക്കുകയാണ്. ഇവിടെ ബഡ്ജറ്റ് തന്നെ ഇല്ലെന്ന അഭിപ്രായക്കാ

LIBRARY ARCHIVES Kerala Legislative Assembly

രനാണ്. ഞാൻ. ബഡ്ജറ്റ് മിച്ചമാണോ കമ്മിയാണോ എന്ന തർക്കത്തിലേക്കല്ല ഞാൻ പ്രവേശിക്കുന്നത്. ഇവിടെ ബഡ്ജറ്റ് തന്നെയില്ല. അങ്ങനെ ബഡ്ജറ്റ് ഇല്ലാത്ത സാഹചര്യത്തിൽ ആണ് നാം ചർച്ച ചെയ്യുന്നത്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റ് മിച്ചമാണോ കമ്മിയാണോ എന്ന് ധനകാര്യമന്ത്രി പറയേണ്ടതാണ്. ശ്രീമാൻ മാണി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് 15 കോടി രൂപയുടെ മിച്ച ബഡ്ജറ്റാണ്. മാണി പറഞ്ഞു 31—3—1986—ൽ റിസർവ്വ് ബാങ്കിൽ നിന്ന് കിട്ടിയ കണക്ക് പ്രകാരം 167 കോടി രൂപയുടെ മിച്ചമാണെന്ന്. പിന്നീട് ശ്രീമാൻ തച്ചടി പ്രഭാകരൻ രണ്ടാമത് നൽകപ്പെട്ട സപ്ലിമെന്ററിൽ അടുത്ത വർഷം അവസാനിക്കുന്ന ദിവസം കമ്മിയാകാതെ കഴിക്കാം. അതിന് ഒരു ശ്രമം നടത്തുകയാണ് എന്നാണ് പറഞ്ഞത്. പിന്നീട് കണ്ട പത്രപ്രസ്താവന ഞാൻ വായിച്ചതനുസരിച്ചാണെങ്കിൽ നമ്മുടെ സെയിൽസ് ടാക്സ് ഇനത്തിൽ 100 കോടി രൂപ അധികം പിരിച്ചെടുക്കാൻ കഴിയും; അങ്ങനെ ഒപ്പിക്കാമെന്നാണ്. പിന്നെ എങ്ങനെയാണ് ശ്രീ. മാണി ബഡ്ജറ്റ് മിച്ചമാണെന്ന് പറഞ്ഞത്? സത്യപ്രതിജ്ഞയിൽ ഞങ്ങളെല്ലാം പങ്കെടുത്തിരുന്നു. നിയമസഭ പരിപാവനമാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിലെ കണക്കുകളും അസത്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ പാർലമെന്ററിൽ ശ്രീ. പൂജാരി പറഞ്ഞ കണക്കുകളൊന്നും ഞാൻ പറയുന്നില്ല. മിച്ചവുമാകാം കമ്മിയുമാകാമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ആണാണോ പെണ്ണാണോ എന്നു ചോദിച്ചാൽ ആണുമാകാം പെണ്ണുമാകാം എന്ന് പറയുന്ന അത്രയും പരിഹാസ്യമായിട്ടാണ് മുഖ്യമന്ത്രി ഇതിനെസംബന്ധിച്ച് മറുപടി പറഞ്ഞത്. ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് ബഡ്ജറ്റില്ല. ശ്രീ. കെ. എം. മാണി ഇവിടെ അവതരിപ്പിച്ചിട്ടുള്ള എല്ലാ ബഡ്ജറ്റുകളും, ഗവേഷണം നടത്തിയാൽ പോലും സത്യം കണ്ടെത്താൻ കഴിയുകയില്ല എന്നുള്ളതിൽ തർക്കമില്ല. എനിക്ക് അതിൽ ആശങ്കയില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇതിന്റെ മറുപടിപ്രസംഗത്തിൽ അതിന്റെ യഥാർത്ഥ ചിത്രം ഈ സഭയുടെ മുൻപിൽ വയ്ക്കണമെന്നാണ് എനിക്ക് ആദ്യമായി അഭ്യർത്ഥിക്കുവാനുള്ളത്. ഞാൻ മറ്റൊരു കാര്യം പറയാം. ഈ ഗവൺമെന്റ് ഇവിടെ അധികാരത്തിൽ വന്നത്.....

ശ്രീ. എ. വി. താമരാക്ഷൻ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സ്വകാര്യമായി നമ്മോട് പറഞ്ഞത് 100 കോടി രൂപയെങ്കിലും ഈ വർഷം കമ്മി വരുമെന്നല്ലേ?

ശ്രീ. വി. കെ. രാജൻ: സ്വകാര്യ സംഭാഷണത്തിൽ പലപ്പോഴും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പെൻഷൻ ഗവൺമെന്റാണെന്നും പ്രത്യുൽപ്പാദനപരമായ കാര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് കാർഷിക വ്യാവസായിക മേഖലയെ ഭദ്രതയിലേക്ക് നയിക്കത്തക്ക രീതിയിലുള്ള ഒരു സർക്കാരാണ് ഇവിടെ അധികാരത്തിലിരിക്കുന്നതെന്നും ആണ് ശ്രീ. കരുണാകരനും വലതുമുന്നണി നേതാക്കൻമാരും പ്രഖ്യാപനം നടത്തിയത്. ഇന്നലെ വ്യവസായവകുപ്പുമന്ത്രിയുടെ പ്രസംഗം നമ്മളെല്ലാം കേട്ടതാണ്. ശ്രീ. അച്യുതമേനോന്റെ കാലത്താണ് അടിസ്ഥാനപരമായ വ്യവസായങ്ങളെ വന്നത്. ആ വ്യവസായങ്ങളെ ഉദ്ഘാടനം ചെയ്യുന്ന കടമയല്ലാതെ മറ്റൊന്നും നിർവ്വഹിച്ചതായി വ്യവസായവകുപ്പുമന്ത്രി പ്രസംഗിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പ്രഖ്യാപനത്തിൽ വേറെയൊന്നും വന്നിട്ടില്ല. 500 കോടി രൂപ കിട്ടിയത് ആ ഗവൺമെന്റിന്റെ കാലം കഴിഞ്ഞുവന്ന ഗവൺമെന്റുകളുടെ അതിന്റെ പ്രവർത്തനം ആരംഭിച്ചു. ഈ ഗവൺമെന്റ് വന്നപ്പോൾ അത് ഉദ്ഘാടനം ചെയ്യുന്ന കർമ്മം നിർവ്വഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ അത്യാധുനികങ്ങളായി നിലനിന്നിരുന്ന വ്യവസായശാലകളെ ഒന്നൊന്നായി പൂട്ടിയിട്ടിരിക്കുകയാണ്. മാവൂർ റയോൺസ് ഒരു കൊല്ലമായി പൂട്ടിയിട്ടിരിക്കുന്നു. ഈ പെരുമ്പാവൂർ റയോൺസ് തുറന്നിട്ടില്ല. തുറന്നുവെന്ന് പ്രഖ്യാപനം നടത്തുകയാണ്. ഈ സംസ്ഥാനത്ത് പതിമൂന്നിലേറെ ഫാക്ടറികളെ അടച്ചുപൂട്ടിയിരിക്കുന്നു. പതിനായിരക്കണക്കിന് തൊഴിലാളികളെ തൊഴിലില്ലാത്തവരായി അലഞ്ഞു നടക്കുന്ന സ്ഥിതിവിശേഷമാണ് ഈ ഗവൺമെൻറിന്റെ കാലത്ത് ഉണ്ടാക്കിയത്. നമ്മുടെ സംസ്ഥാനത്ത് വ്യവസായമാരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങളെ ഏതാണെന്ന് നമ്മെ ആലോചിക്കണം. അപ്പുറത്തിരിക്കുന്ന തൊഴിലാളി നേതാക്കൻമാരായ ആളുകളെ പറയും തൊഴിലാളികളുടെ ദ്രോഹപ്രവർത്തനങ്ങളെ കൊണ്ടാണ് ഇവിടെ വ്യവസായം വരാത്തത് എന്ന്. അതുകൊണ്ടാണോ ഇവിടെ വ്യവസായം വരാത്തത്? ഈ സംസ്ഥാനത്ത് അസംസ്കൃത സാധനങ്ങളുടെ കുറവുണ്ട്. മാർക്കറ്റ് വളരെ ദൂരത്തിലാണ്; മാർക്കറ്റിൽ എത്തിക്കാൻ സൗകര്യങ്ങളും കുറവാണ്. ഇതിന്റെയൊക്കെ ഫലമായി നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങളെ ആരംഭിക്കുന്നതിന് സ്വകാര്യമുതലാളിമാർ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല. അങ്ങനെ താൽപ്പര്യം കാണിക്കാത്ത സമയത്ത് കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളെ വ്യവസായങ്ങളെ ആരംഭിക്കണം. പൊതുമേഖലയിൽ വ്യവസായങ്ങളെ ആരംഭിച്ച് നമ്മുടെ സംസ്ഥാനത്തെ അഭിവൃദ്ധിയിലേക്ക് നയിക്കത്തക്ക രീതിയിൽ ഉള്ള ഏതെങ്കിലും പരിപാടി ഈ സർക്കാരിനുണ്ടോ? അതിനെ സംബന്ധിച്ച് പറയണം. അച്യുതമേനോൻ ഗവൺമെൻറിന്റെ കാലത്ത് ഇവിടെ അടിസ്ഥാനപരമായ വ്യവസായങ്ങളെ ആരംഭിക്കുന്നതിനുള്ള അടിത്തറ പാകി. കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുടെ സഹായത്തോടുകൂടി സ്വകാര്യ മുതലാളിമാർ വന്ന് വ്യവസായം തുടങ്ങുന്നില്ല. അവർ പറയുന്നത് ഇവിടെ തൊഴിലാളിവിരുദ്ധ നടപടികളാണെന്നാണ്. ആരോ പറഞ്ഞുകേട്ടു ഇവിടെ പ്രൊഡക്ഷൻ വർദ്ധിച്ചുവെന്ന്. പ്രൊഡക്ഷൻ വർദ്ധിക്കുമെങ്കിൽ കോസ്റ്റ് ഓഫ് പ്രൊഡക്ഷനും വർദ്ധിക്കും. പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിനാവശ്യമായ രീതിയിലുള്ള സംവിധാനം ഈ രാജ്യത്തുണ്ടാകണം. അച്യുതമേനോൻ ഗവൺമെൻറിന്റെ കാലത്ത് കേരളത്തിലെ തൊഴിലാളികളെ സംഘടിതരായിരുന്നു. അവർ കൂടുതൽ ജീവിതസൗകര്യങ്ങളെ അനുസരണമായി ജീവിക്കുന്നു. അവർ വർഗ്ഗബോധമുള്ള ആളുകളാണ്. ആന്ധ്രയിലോ, തമിഴ്നാട്ടിലോ, വടക്കെ ഇൻഡ്യയിലോ ഉള്ള സംസ്ഥാനങ്ങളെപോലെ പാപ്പരായ ജീവിതത്തിന്റെ ഉടമകളല്ല ഇവിടുത്തെ തൊഴിലാളികളെ. അതിനനുസരണമായി സാധനങ്ങൾക്ക് മാർക്കറ്റ് വില കിട്ടുന്നില്ല എന്ന അവസ്ഥ വന്നു. ഈ സംസ്ഥാനത്ത് അച്യുതമേനോൻ ഗവൺമെൻറ് രൂപീകരിച്ചപ്പോൾ ഒരു നടപടി സ്വീകരിച്ചതാണ്. അന്ന് സർക്കാർ ആവശ്യത്തിനു, പൊതുമേഖലാ ആവശ്യത്തിനും നമ്മുടെ സംസ്ഥാനത്തു് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മുൻഗണനകൊടുത്ത് വാങ്ങിയ്ക്കണം എന്ന നിബന്ധന ആ സർക്കാർ ഇവിടെ ഉണ്ടാക്കി. അത് ഈ ഗവൺമെൻറ് പാലിക്കുന്നുണ്ടോ? അതിനുപരിയായി ഈ സർക്കാർ മറെറാരുകാര്യം ചെയ്തു. 15 ശതമാനം സബ്സിഡി കൊടുക്കാമെന്ന് പറഞ്ഞു. അങ്ങനെ വരുമ്പോൾ ഉൽപ്പാദനച്ചെലവ് മുട്ടിനിൽക്കുന്ന സ്ഥിതിവിശേഷം വരും. നമ്മുടെ രാജ്യത്തെ വ്യാവസായിക മേഖല അഭിവൃദ്ധിപ്പെടുത്താൻ സഹായകമായ ഒരു നിലപാടാണ് അന്നത്തെ ഗവൺമെൻറ് സ്വീകരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാലകൃഷ്ണപിള്ളയോട് ഞാൻ ചോദിക്കുന്നു, അദ്ദേഹത്തിന്റെ ഇലക്ട്രിസിറ്റി ബോർഡിൽ കുണ്ടറ അലിൻഡിൽ നിർമ്മിക്കുന്ന കേബിളും വാങ്ങിക്കുന്നുണ്ടോ? ഒടൽക്കിലെ ട്രാൻസ്ഫോമേഴ്സ് എടുക്കുന്നുണ്ടോ? പൈപ്പ് ഫാക്ടറികളിൽ ഉണ്ടാക്കുന്ന പൈപ്പ് നിങ്ങൾ വാങ്ങിക്കുന്നുണ്ടോ? അതുപോലെ മറ്റുള്ള കാര്യങ്ങൾ നിങ്ങൾ ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പൊതുമേഖലയിൽ നിന്ന് വാങ്ങിച്ചാൽ മന്ത്രിമാർക്കുള്ള കമ്മീഷൻ കിട്ടുകയില്ല എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. വി. കെ. രാജൻ: അങ്ങനെയാണല്ലോ നമ്മൾ ഇവിടെ അഴിമതിയാരോപണങ്ങളൊക്കെ കൊണ്ടുവന്നത്. കോടിക്കണക്കിന് രൂപ ശ്രീ. എം. പി. ഗംഗാധരൻ പൈപ്പ് വാങ്ങിയതിന്റെയും അതുപോലെ ബാലകൃഷ്ണപിള്ള വാങ്ങിയതിന്റെയും മറ്റ് മന്ത്രിമാർ വാങ്ങിയതിന്റെയും കണക്ക് ഇവിടെ പറയുന്നില്ല. അവർ ഭീമമായ സംഖ്യ കമ്മീഷൻ വാങ്ങിച്ചതാണ്. ഈ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കമ്പോളത്തിൽ വിൽക്കാത്ത അവസ്ഥാവിശേഷം ഉണ്ടാക്കാൻ ഈ മന്ത്രിമാരും ഗവൺമെന്റും കൂട്ടുനിന്നു. അതുകൊണ്ട് തൊഴിലാളികൾ പാപ്പരായിത്തീർന്നു. വ്യവസായശാലകൾ അടച്ചിടുന്നു. അത്തരം സ്ഥിതിവിശേഷം വന്നു. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പ്രക്രിയ എന്തുകൊണ്ട് ശ്രീ. കരുണാകരന്റെ കാലത്ത് തുടരുന്നില്ല? നമ്മുടെ വ്യവസായസ്ഥാപനങ്ങളിൽ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് എന്തുകൊണ്ട് വാങ്ങാൻ കഴിയുന്നില്ല? അതുപോലെ തന്നെ 15 ശതമാനം സബ്സിഡി കൊടുക്കുന്നില്ല? അതു മാത്രമേ കരണീയമായ മാർഗ്ഗം ഉള്ളൂ? കേന്ദ്രഗവൺമെന്റ് അതാതു കാലങ്ങളിൽ കൊടുക്കുന്ന സംഖ്യ മറ്റ് സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നതുപോലെ കണക്കുപറഞ്ഞ് കേരളത്തിലെ വ്യവസായത്തിന്റെ ഭദ്രതയ്ക്കുവേണ്ടി വാങ്ങിയ്ക്കണമെങ്കിൽ ഉറച്ചുനിൽക്കുന്ന ഗവൺമെന്റ് വേണം. നക്കാപ്പിച്ച കിട്ടിയിട്ടു കാര്യമില്ല. അവരുടെ മുൻപിൽ മുട്ടുമടക്കുന്ന സർക്കാർ ഉണ്ടായിട്ട് കാര്യമില്ല. ധീരമായി കേരളത്തിന്റെ അവകാശങ്ങൾ പിടിച്ചുവാങ്ങാൻ കഴിയാത്തതിന്റെ ഫലമായി ആധുനികങ്ങളായ വ്യവസായങ്ങൾ തകരുന്നു, പുതിയ വ്യവസായങ്ങൾ വരുന്നുമില്ല.

കയർ, കശുവണ്ടി, കൈത്തറി, ചെത്തു വ്യവസായം, മത്സ്യബന്ധനം തുടങ്ങിയ വ്യവസായങ്ങളിൽ പണിയെടുക്കുന്ന പത്തിരുപതുലക്ഷം തൊഴിലാളികളെ പാപ്പരീകരിക്കുന്ന ശ്മശാനഭൂമിയാക്കി വ്യവസായവകുപ്പു മന്ത്രിയും ഗവൺമെന്റും വ്യവസായവകുപ്പിനെ മാറ്റിയിരിക്കുന്നു.

കാർഷികമേഖലയിലെ സ്ഥിതി എന്താണ്? അതിനെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് നെൽക്കൃഷിക്കാർക്ക് ആശ്വാസം നൽകുന്നതാണ്. എന്നാൽ നാലുകൊല്ലമായി അത് അട്ടത്ത് വച്ചിരിക്കുകയാണ്. ഒരു കമ്മീഷന്റെ റിപ്പോർട്ട് പഠിക്കാൻ വേറൊരു കമ്മീഷൻ! ആ രീതിയിൽ അത് പോയിരിക്കുന്നു. നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് മുൻകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കി കേരളത്തിലെ നെൽക്കൃഷിക്കാരെ സംരക്ഷിക്കണം. അതിനു തയ്യാറുണ്ടോ? ആയിരം കോടിരൂപനാളികേരകൃഷിക്കാർക്ക് നഷ്ടപ്പെട്ടു. ഹിന്ദുസ്ഥാൻലിവറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

1984–85–ലെ വാർഷിക റിപ്പോർട്ടിൽ അവർ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഏറ്റവും നല്ല കാലാവസ്ഥയാണ്. 1985 എന്നാണ്. ഇഷ്ടം പോലെ കൊയ്യും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യാൻ അനുവാദം നൽകിക്കൊണ്ട് കേരളത്തിലെ നാട്ടിൻപുറങ്ങളിലെ 35 ലക്ഷം കർഷകത്തൊഴിലാളി കുടുംബങ്ങളെ ദ്രോഹിച്ചു. അതിനെതിരായി ഒരു അക്ഷരം ഈ ഗവൺമെന്റ് പറഞ്ഞിട്ടില്ല. ശ്രീ. രാജീവ് ഗാന്ധി പറഞ്ഞു, നെൽക്കൃഷിയും തെങ്ങുകൃഷിയും മാറ്റി മറ്റ് കൃഷികളിൽ ഏർപ്പെടാൻ. കേരളത്തിൽ 35 ലക്ഷത്തോളം വരുന്ന ജനങ്ങളോട് ശ്രീ. രാജീവ് ഗാന്ധി പറഞ്ഞ മറുപടിയാണ്. ശ്രീ. കരുണാകരൻ അതിനെതിരായിട്ട് പറഞ്ഞു. രണ്ട് ബാറിന് 17 1/2 രൂപയുണ്ടായിരുന്നത് ഇപ്പോൾ രണ്ടുമാസക്കാലമായി 15 1/2 രൂപയായി. കൊക്കോ കൃഷി പോലെ അതും അധഃപതിച്ചിരിക്കുകയാണ്.

ഈ ഗവൺമെന്റ് അഴിമതിനിറഞ്ഞ ഒരു ഗവൺമെന്റാണ്. മുഖ്യ മന്ത്രിയുടെ കോടികളുടെ കാര്യവും മറ്റ് മന്ത്രിമാരുടെ കാര്യവും ഞാൻ പറയുന്നില്ല. തൃശ്ശൂരിൽ വടക്കേത്തറയിൽ രുഗ്മിണിയമ്മയുടെ (ശങ്കര നാരായണൻ എഴുത്തച്ഛന്റെ ഭാര്യ) കെട്ടിടം പൊളിക്കാൻ ഹൈക്കോടതി തീരുമാനിച്ചു. അതിനെ മറികടക്കാൻ സുപ്രീം കോടതി സ്റ്റേ കൊടുക്കുന്നതുവരെ ഈ മുഖ്യമന്ത്രിയും ശ്രീ. സുന്ദരവും കൂടി സ്റ്റേ കൊടുത്തു. ഇത്രയും പരിഹാസ്യമായ ഒരു ചിത്രം ഇതിനുമുൻപ് ഒരിക്കലും കണ്ടിട്ടില്ല. കഴിഞ്ഞകാലങ്ങളിൽ ഈ നിയമസഭയിൽ മുഖ്യമന്ത്രിക്കെതിരായി നിരത്തിവച്ച ആരോപണങ്ങളിൽ ഏറ്റവും വലിയ ആരോപണമായിട്ട് ഞാൻ അതിനെ ചിത്രീകരിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് അഴിമതിനിരോധന കമ്മീഷനുണ്ട്. ഈ ഗവൺമെന്റിലെ എല്ലാ മന്ത്രിമാരും അഴിമതിക്കാരാണ്. ശ്രീ. ശ്രീനിവാസൻ പുറത്തുപോയി, ശ്രീ. എം. പി. ഗംഗാധരൻ പുറത്തുപോയി. അഴിമതി നിരോധന കമ്മീഷന്റെ റിപ്പോർട്ട് വന്നു. രണ്ട് റിപ്പോർട്ട് വന്നു. ആ റിപ്പോർട്ടിൽ ഒരുകാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പബ്ലിക്ക് മെൻ–ന്റെ വരുമാനവും സമ്പാദ്യവും തമ്മിൽ അന്തരമുണ്ടെങ്കിൽ പരിശോധിക്കാൻ അധികാരം നൽകുന്ന വിധത്തിൽ ഈ നിയമത്തിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട അവരുടെ റിപ്പോർട്ട് ഈ നിയമസഭയിൽ അവതരിപ്പിച്ചു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ നടപടി സ്വീകരിക്കുമോ? ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചാൽ അപ്പുറത്തിരിക്കുന്ന പലരും ജയിലിൽ ആകും. അവരെ ജയിലിൽ അടയ്ക്കേണ്ടിവരും.

സർ, ഒരു പത്തു ഉറുപ്പിക വരുമാനമില്ലാത്ത ആളുകൾ, അവരെല്ലാം പതിനായിരങ്ങൾ കട്ട് ഉണ്ടാക്കിയതാണ്. അഴിമതിനിരോധന നിയമത്തിൽ ആവശ്യമായ ഭേദഗതി അടുത്ത നിയമസഭയിൽ കൊണ്ടുവരാൻ സാധിക്കുമോ? അതിന് മാർഗ്ഗമുണ്ടെങ്കിൽ നിങ്ങൾ അത് കൊണ്ടുവരുമോ? അഴിമതി നിരോധന കമ്മീഷനെ അടിസ്ഥാനമാക്കി നടപടി സ്വീകരിക്കാമെന്നും സത്യസന്ധരാണെന്നും പെരുമ്പറയടിച്ച് നടന്നാൽ പോര. ആ സത്യസന്ധത തെളിയിക്കാനുള്ള അവസരം അടുത്ത നിയമസഭയിൽ ഉണ്ടാക്കണം. അതിന് നിങ്ങൾ തയ്യാറാണോ? ഇന്നലെ ശ്രീ. അഹമ്മദ് സാഹിബ് ഇവിടെ പറഞ്ഞു ഞങ്ങൾ ഇപ്പുറത്തും അവർ അപ്പുറത്തും ഇരിക്കുമെന്ന്. ഇരിക്കുമോ സർ? ഈ രാജ്യത്തിലെ ജാതിമത കൂട്ടുകെട്ടുകൾ അതായത് ശ്രീ. രാജീവ് ഗാന്ധിയുടെ അതേ നയം ഇവിടെ സ്വീകരിച്ചുകൊണ്ട് നമ്മുടെ രാജ്യത്തെ സകലമാനകൃഷിക്കാരേയും കർഷകത്തൊഴിലാളികളേയും എല്ലാ ജനവിഭാഗങ്ങളേയും ദ്രോഹിച്ച് പാപ്പരാക്കിയ ഈ ഗവൺമെന്റിന് ഇനിയും അധികാരത്തിൽ വരുവാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, 1986–87 സാമ്പത്തിക വർഷത്തിൽ ബഹുമാന്യനായ ധനകാര്യമന്ത്രി ബഡ്ജറ് നിർദ്ദേശത്തിൽ കൂടി കൊണ്ടുവന്ന പുതിയ നികുതി നിർദ്ദേശങ്ങളും കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ധനകാര്യ ബില്ലിനെ ഞാൻ പൂർണ്ണമായും അനുകൂലിക്കുകയാണ്. ഈ ഗവൺമെൻറ് നാല് വർഷവും രണ്ടുമാസവും പിന്നിട്ടിരിക്കുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്ന ഘട്ടത്തിൽ ഈ സംസ്ഥാനത്തിൻെറ ഖജനാവിൻെറ സ്ഥിതിയെന്തായിരുന്നുവെന്ന് ഞാൻ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ? വർദ്ധിച്ച ഒരു സാമ്പത്തിക ബാദ്ധ്യതയോടുകൂടിയാണ് കേരളത്തിലെ ഐക്യ ജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നത്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഈ സംസ്ഥാനത്ത് നാല് വർഷംകൊണ്ട് ഉണ്ടായിട്ടുള്ള വികസനപ്രവർത്തനങ്ങളും, മറ്റ് ക്ഷേമപരിപാടികളും ഇവയെല്ലാം ഒന്നൊന്നായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാനും അതുപോലെതന്നെ ഈ സംസ്ഥാനം ഒരു മാതൃകാ സംസ്ഥാനമാക്കി മാറ്റാനും ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. ഗവൺമെൻറ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ഏകദേശം നൂറ് കോടിയോളം രൂപ അധികച്ചെലവ് വരുമെന്ന് കണക്കാക്കിയിരുന്നു. അതും ഇപ്പോൾ ഈ ഗവൺമെൻറ് വകവച്ചുകൊടുത്തിട്ടുണ്ട്. അതുപോലെതന്നെ ഈ സംസ്ഥാനത്ത് വൻകിടവ്യവസായങ്ങൾ ആരംഭിക്കുകയും മറ്റ് പല പരിപാടികളും ഏറ്റെടുക്കുകയും റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണങ്ങൾ ഈ സംസ്ഥാനത്ത് നടപ്പാക്കുകയും ചെയ്തു. യാതൊരു വികസന പ്രവർത്തനങ്ങൾക്കും ഇവിടെ യാതൊരു വിധത്തിലുള്ള തടസ്സവും ഈ നാലുവർഷംകൊണ്ട് ഈ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. ഈ സംസ്ഥാനത്ത് കഴിഞ്ഞ കാലങ്ങളിലെല്ലാം, ''അരിയെവിടെ തുണിയെവിടെ'' എന്ന് മുദ്രാവാക്യം വിളിച്ചവർ ആയിരുന്നു പ്രതിപക്ഷത്തിരുന്നത്. ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിൻെറ ഭരണകാലത്ത് കർക്കിടക മാസത്തിൽപോലും ഇവിടെ സുഭിക്ഷമായി കഴിയാനും, അതുപോലെതന്നെ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞുകൊണ്ട് സാധാരണക്കാരനുവേണ്ടി ആവശ്യാനുസരണം ന്യായമായ വിലയ്ക്ക് ഇവിടെ ഭക്ഷ്യസാധനങ്ങളും മറ്റും ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെയൊരു കാലഘട്ടം ഇതിനുമുമ്പ് ഇവിടെ ഉണ്ടായിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് മാതൃകാപരമായ ഭരണം കാഴ്ചവയ്ക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞു. അതേ അവസരത്തിൽത്തന്നെ ഒന്നുരണ്ട് കാര്യങ്ങൾ അതായത് ഈ സംസ്ഥാനത്തിൻെറ വാണിജ്യ വ്യവസായ രംഗത്തെക്കുറിച്ചുള്ള ഒന്നുരണ്ടു കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനം വികസിച്ചുവരുന്ന ഒരു സംസ്ഥാനമാണ്. അതേ അവസരത്തിൽ നമ്മുടെ നികുതി നിരക്കുകൾ അശാസ്ത്രീയമാണ്, ദേശീയ വീക്ഷണമുള്ള തെക്കൻ സംസ്ഥാനങ്ങളിൽ ഏകീകൃത സ്വഭാവമുള്ള ഒരു നികുതി നിരക്ക് ആവശ്യമാണ്. അതുപോലെതന്നെ ഏകീകരിച്ച ഒരു കൂലി സമ്പ്രദായം നമ്മുടെ ദേശീയ തലത്തിലോ അതല്ലെങ്കിൽ മേഖലാടിസ്ഥാനത്തിലോ ഉണ്ടാകേണ്ടതും വ്യാവസായിക വളർച്ചയ്ക്ക് ആവശ്യമാണ്. അതല്ലെങ്കിൽ അന്യ സംസ്ഥാനങ്ങളുമായി നമുക്ക് മൽസരിക്കാൻ സാധിക്കുകയില്ല. സർ, വ്യവസായ-വാണിജ്യ മേഖലകൾ അന്യ സംസ്ഥാനങ്ങളിലേക്ക് മാറിപ്പോകുന്ന കാഴ്ചയാണ് നമുക്ക് ഇന്ന് കാണാൻ കഴിയുന്നത്. അതുകൊണ്ട് തീർച്ചയായും അന്യ സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ചുകൊണ്ട് ഏകീകരിച്ച ഒരു സംവി

LIBRARY ARCHIVES Kerala Legislative Assembly

ധാനം ഉണ്ടാക്കാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടും തൊഴിൽവകുപ്പു മന്ത്രിയോടും ഞാൻ അഭ്യർത്ഥിക്കുകയാണു്. കേരളത്തിന്റെ റവന്യൂ വരുമാനത്തിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള ഒരു വകുപ്പാണു് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റ്. ഗവൺമെന്റിനു് വരുമാനമുണ്ടാക്കിക്കൊടുക്കുന്ന ആ ഡിപ്പാർട്ടുമെന്റിന്റെ ചില കാര്യങ്ങളും കൂടി ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണു്. ഇത്രയും ഭീമമായ സംഖ്യ നേടിത്തരുന്ന ഈ ഡിപ്പാർട്ടുമെന്റിനു് ആവശ്യമായ സ്റ്റാഫില്ല; അതുപോലെ വാഹനങ്ങളുമില്ല. കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ അവർക്കു് ആവശ്യമായ വാഹനങ്ങളും ലഭ്യമാക്കേണ്ടതാണു്. കാസർകോടു് പ്രദേശങ്ങളിൽ സെയിൽസ് ടാക്സ്, അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ഓഫീസുകൾക്കു് സ്വന്തമായി കെട്ടിടങ്ങളില്ല. മഴ പെയ്തു ചോർന്നൊലിച്ചു് പല ഫയലുകളും നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണിന്നു്. അതുകൊണ്ടു് അടിയന്തിരമായി സ്വന്തമായ ആഫീസു് കെട്ടിടങ്ങളും ഉണ്ടാക്കിക്കൊടുക്കാനും വാഹനങ്ങളും സ്റ്റാഫും നൽകാനും ശ്രദ്ധിക്കണമെന്നു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടു് അഭ്യർത്ഥിക്കുകയാണു്. വ്യവസായങ്ങൾക്കു് എല്ലാം അഞ്ചു് വർഷത്തേക്കു് നികുതിയിളവു് കൊടുക്കുന്നു. സെയിൽസ് ടാക്സിനു് മാത്രമേ അഞ്ചു് വർഷത്തേക്കു് ഇളവു് കൊടുക്കുന്നുള്ളൂ. നമുക്കു് അറിയാം കൊപ്ര സംസ്കരിക്കുന്നതിനു് പല മേഖലകളിൽ നിന്നുമാണു് പർച്ചേസു് ചെയ്യേണ്ടിവരുന്നതു്. പക്ഷേ സെയിൽസ് ടാക്സിനു് മാത്രമേ എക്സംപ്ഷൻ ഉള്ളൂ. പർച്ചേസു് ടാക്സ് ഒഴിവാക്കാൻ പ്രൊവിഷനില്ലെന്നു് പറഞ്ഞുകൊണ്ടു് ആ വ്യവസായസ്ഥാപനങ്ങൾക്കു് ഭീമമായ സംഖ്യ നികുതി അടക്കേണ്ട സ്ഥിതിയാണു് ഇന്നുള്ളതു്, ചിലപ്പോൾ അസ്സെസ്മെന്റ് നടത്തുമ്പോൾ ലക്ഷക്കണക്കിനുരൂപയുടെ നികുതി വസൂൽ ചെയ്യാതെ, ആ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിടേണ്ട അവസ്ഥയുമുണ്ടു്. അതുകൊണ്ടു് സെയിൽസ് ടാക്സ് എക്സംപ്ഷൻ അഞ്ചുവർഷത്തേക്കു് എന്നുള്ളതു് ഒരു പത്തുവർഷത്തേക്കു് ആക്കിമാറ്റണം. പർച്ചേസു് ടാക്സിനു കൂടി എക്സംപ്ഷൻ നൽകാനുള്ള ഒരു ഭേദഗതി കൊണ്ടുവരുന്നകാര്യം കൂടി ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണു്. കാസർകോടു് മേഖലയിലെ പ്രധാനപ്പെട്ട ഒരു കാര്യം കൂടി പറഞ്ഞുകൊള്ളട്ടെ. കാസർകോടു് നഗരം വികസിച്ചുവരുന്ന ഒരു ജില്ലാ ആസ്ഥാനമാണു്. നാലഞ്ചു് അതിർത്തി ചെക്പോസ്റ്റുകളും ഈ മേഖലയിൽ ഉണ്ടു്. ആ മേഖല തന്നെ യാതൊരു നികുതി വരുമാനവുമില്ലാതെ, സംസ്ഥാനത്തിന്റെ കണ്ണു് അതിർത്തിയിൽനിന്നു് വളരെ വിട്ടുനിൽക്കുന്ന ഒരു ചെക്കു് പോസ്റ്റും ഉണ്ടു്; തെക്കിൻ ചെക്കു് പോസ്റ്റു്. നേരെ മറിച്ചു് മഞ്ചേശ്വരം പോലുള്ള മറ്റു് അതിർത്തി ചെക്കു് പോസ്റ്റുകളിലാണെങ്കിൽ ഒരു കൗണ്ടർ മാത്രമേയുള്ളൂ. നൂറുനൂറമ്പതു് വാഹനങ്ങൾ അവിടെയുള്ള പരിമിതമായ സ്റ്റാഫു് പരിശോധിക്കേണ്ടതാണു്. അവർക്കു് എങ്ങനെ പരിശോധിക്കാൻ കഴിയും? അതുകൊണ്ടു് നികുതിവരുമാനമില്ലാത്ത ഈ സംസ്ഥാനത്തിനകത്തുള്ള തെക്കിൻ ചെക്കു് പോസ്റ്റു് അബോളിഷ് ചെയ്തുകൊണ്ടു് അവിടെയുള്ള സ്റ്റാഫിനെ മഞ്ചേശ്വരം ചെക്കു് പോസ്റ്റിലേക്കു് മാറ്റി അവിടെ ഒരു പുതിയ കൗണ്ടർ കൂടി തുടങ്ങി അതുവഴി പോകുന്ന വണ്ടികൾ ചെക്കുചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. അങ്ങനെ ആ ചെക്കു് പോസ്റ്റു് മഞ്ചേശ്വരത്തേയ്ക്കു് ഷിഫ്റ്റു് ചെയ്യണം. കാസർകോടു് മേഖലയുടെ വാണിജ്യവികസനത്തിനു് അതു് വലിയ ഒരു തടസ്സമായി നിൽക്കുകയാണു്. പല ചെക്കു് പോസ്റ്റുകൾ ഉള്ളതുകൊണ്ടു്, രേഖയുള്ള സാധനങ്ങൾ എല്ലാം കൊണ്ടുവന്നു് കുറേനേരം

LIBRARY ARCHIVES Kerala Legislative Assembly

കാത്തുനിൽക്കണമെന്നുള്ള ഒരു ബുദ്ധിമുട്ടുള്ളതുകൊണ്ട് വാഹനങ്ങളെല്ലാം കാസർഗോഡ് പട്ടണങ്ങളിലേക്ക് വരാതെ അകലെയുള്ള മറ്റ് പട്ടണങ്ങളിലേക്കാണ് പോകുന്നത്. അതുകൊണ്ട് ആ പട്ടണത്തെ രക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അശാസ്ത്രീയമായ അസ്സെസ്മെന്റ് സമ്പ്രദായമാണ് ഇന്നുള്ളത്. പല ചെറുകിട കച്ചവടക്കാരേയും നമുക്ക് അറിയാം. വലിയ വിഭാഗം ആളുകളും ചെറിയ ചെറിയ കച്ചവടക്കാരാണ്. അശാസ്ത്രീയ രീതിയിലുള്ള ആ അസ്സെസ്മെന്റ് സമ്പ്രദായം ലഘൂകരിക്കാനും, അവർക്ക് പൂർണ്ണമായി സംരക്ഷണം നൽകാനും അവരെ സഹായിക്കാനും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി മുന്നോട്ടു വരുമെന്ന് എനിക്ക് പൂർണ്ണമായും വിശ്വാസമുണ്ട്. ലൈസൻസുകൾ നൽകുന്നതിൽ തന്നെ വളരെ അപാകതയുണ്ട്. ഇന്ന് നികുതി നിരക്കുകളാണെങ്കിൽ ഒരു സാധനത്തിന് 2 ശതമാനം അതല്ലെങ്കിൽ 4 ശതമാനം, 8 ശതമാനം, അര ശതമാനം സെയിൽസ് ടാക്സ്. അതുപോലെതന്നെ അഡീഷണൽ സെയിൽസ് ടാക്സ്. ഈ മാതിരി അശാസ്ത്രീയ നികുതി സമ്പ്രദായം ഒഴിവാക്കിക്കൊണ്ട് ഏകീകരിച്ച ഒരു നികുതി നിരക്ക് കൊണ്ടുവരേണ്ടത് തീർച്ചയായും ആവശ്യമാണ്. ചെറിയ ഒരു കച്ചവടക്കാരന് ഒരു കണക്കെഴുത്തുകാരനെവച്ച് കണക്കുകൾ എഴുതി സൂക്ഷിക്കാൻ പ്രയാസമുണ്ട്. അതുകൊണ്ടുതന്നെ ലഘൂകരിച്ച, ഏകീകരിച്ച ഒരു നികുതിനിരക്ക് സമ്പ്രദായവും ഓരോ ലൈസൻസ് എന്നുള്ളത് ലഘൂകരിച്ചുകൊണ്ട് പല സാധനത്തിന് ഏകീകരിച്ച ഒരു ലൈസൻസ് സമ്പ്രദായവും ഏർപ്പെടുത്താൻ ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

സഹകരണബാങ്കുകൾ ഇന്ന് നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ അഭിമാനകരമായ ഒന്നാണ്. ബഹുമാന്യനായ നമ്മുടെ ധനകാര്യമന്ത്രിക്കുതന്നെ നമ്മുടെ സഹകരണമേഖലയെ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റും അദ്ദേഹം കൈകാര്യം ചെയ്യുന്ന ധനകാര്യവകുപ്പും കൂടി, അതുപോലെ മാതൃകയാക്കി മാറ്റാൻ കഴിയുമെന്നുള്ള പ്രതീക്ഷ എനിക്ക് ഉണ്ട്. സഹകരണബാങ്കുകൾ മറ്റ് വാണിജ്യ ബാങ്കുകളെപ്പോലെതന്നെ വിപുലീകരിക്കാനും കച്ചവടക്കാർക്കാർക്കും വ്യവസായികൾക്കും, ന്യായമായ നിരക്കുകൾക്ക് വായ്പ നൽകാനും അവസരം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്ന് ഒരു ദേശീയ പ്രശ്നമായി മാറിയിരിക്കുന്നത്. തൊഴിലില്ലായ്മ പ്രശ്നമാണ്. ഏകദേശം 27 ലക്ഷത്തോളം ആളുകൾ നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലാതെ കഷ്ടപ്പെടുകയാണ്. ഒരു യുദ്ധകാലാടിസ്ഥാനത്തിലെന്നപോലെ ഒരു പ്രത്യേകപദ്ധതി ആവിഷ്കരിച്ചുകൊണ്ട് അവർക്കെല്ലാം തൊഴിൽ കണ്ടെത്താനുള്ള കാര്യക്ഷമമായ ഒരു സ്കീംകൂടി തീർച്ചയായും നടപ്പാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ബഹുമാനപ്പെട്ട പുരുഷോത്തമൻ നായർ ഇവിടെ സൂചിപ്പിച്ചതുപോലെ ഞങ്ങളെയെല്ലാം ദുഃഖിപ്പിച്ച ഒരു തോണിയപകടം കാസർഗോഡ് കഴിഞ്ഞ ആഴ്ച ഉണ്ടായി. ആ തോണിയപകടത്തിൽ 5 പേർ മരിക്കുകയും 4 പേർ കഷ്ടിച്ചു രക്ഷപ്പെടുകയും ചെയ്തു. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും അനിഷേധ്യ നേതാവായിരുന്ന ബഹുമാനപ്പെട്ട മേലോത്തു നാരായണൻ നമ്പ്യാരുടെ നാട്ടിലാണ് ഈ സംഭവം നടന്നത്. ഞങ്ങൾ ശ്വാസം അവസാനിക്കുന്നതുവരെ പലപ്പോഴും എറിഞ്ഞിപ്പുഴയിൽ പാലം നിർമ്മിക്കുന്ന കാര്യം എന്നോട് പറയുമായിരുന്നു. ധാരാളം വിദ്യാർത്ഥികളും തൊഴിലാളികളും സഞ്ചരിക്കുന്ന, പാറക്കെട്ടുകളുള്ള ആ പുഴയിൽ

LIBRARY ARCHIVES Kerala Legislative Assembly

വലിയ വെള്ളപ്പൊക്കമുണ്ടായാൽ ആർക്കും കടന്നു പോകാൻ കഴിയാത്ത, ഗതാഗതം നിലയ്ക്കുന്ന ഒരു അവസ്ഥയാണുള്ളത്. പുഴയിൽക്കൂടിയല്ലെങ്കിൽ 50 കിലോമീറ്റർ ചുറ്റിവേണം സഞ്ചരിക്കേണ്ടത്. അതുകൊണ്ടാണ് പാവപ്പെട്ട കുടുംബങ്ങളിലുള്ള ആളുകൾ ആ പുഴ കടക്കാൻ ശ്രമിച്ചത്. അതുകൊണ്ട് എന്തെല്ലാം സാമ്പത്തികബുദ്ധിമുട്ടുകളുണ്ടെങ്കിലും അടിയന്തിരമായി അവിടെയൊരു പാലം നിർമ്മിക്കാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പെട്ടിയൊന്നു തുറന്നു കൊടുക്കണമെന്നു ഞാൻ ഈ സന്ദർഭത്തിൽ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം, മരിച്ചുപോയ അദ്ധ്യാപകന്റെയും കുട്ടികളുടേയും പിന്നെ രണ്ടുപേരുടേയും കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകണമെന്നും അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പുതന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും ഡെപ്യൂട്ടിമുഖ്യമന്ത്രി ശ്രീ. നഹാസാഹിബും അവിടെയൊരു പാലം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനകാര്യബില്ലിനെ ഞാൻ ഒന്നുകൂടി പിൻതാങ്ങുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, ഈ ധനകാര്യബില്ലിനെ ഞാൻ എതിർക്കുകയാണ്. ആദ്യമായിത്തന്നെ പുതുതായി ധനകാര്യവകുപ്പിന്റെ ചുമതല ഏറ്റെടുത്ത ശ്രീ. തച്ചടി പ്രഭാകരന് ഞാൻ എന്റെ സഹതാപം രേഖപ്പെടുത്തുകയാണ്. കാരണം നമ്മുടെ പഴയ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിയുടെ ബഡ്ജറ്റ് ഒരു തുടർക്കഥയാണ്. ആ തുടർക്കഥയിലെ അദ്ധ്യായങ്ങൾ നുണയും അർദ്ധനുണയും അടങ്ങിയതാണ്. ശ്രീ. മാണിയുടെ കൈയിൽ ഒരു ചുവപ്പു പുസ്തകമുണ്ടായിരുന്നു; ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ അത് ഏറ്റെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അല്ലെങ്കിൽ ഒരുപക്ഷേ, ഈ നിയമസഭയിൽ കളളങ്ങൾ പറഞ്ഞു ഞങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ കഴിഞ്ഞെന്നു വരില്ല. ഇവിടെ 27 കോടിയോളം രൂപയുടെ വിഭവസമാഹരണത്തിനുവേണ്ടിയാണ് ഈ ധനകാര്യബിൽ കൊണ്ടുവന്നിരിക്കുന്നത്. വിഭവസമാഹരണത്തോടുകൂടി മിച്ചമുണ്ടാകുമെന്ന ഒരു സിദ്ധാന്തമാണ് ശ്രീ. കെ. എം. മാണി ഇവിടെ അവതരിപ്പിച്ചത്. മിച്ചമാണോ കമ്മിയാണോയെന്ന വിവാദം ഇപ്പോഴും കെട്ടടങ്ങിയിട്ടില്ല. ഈ തുടർക്കഥയിൽ പല കഥാപാത്രങ്ങളും വന്നിട്ടുണ്ട്. ഡോ. ഗോപാലകൃഷ്ണനെപ്പോലുള്ള വില്ലൻമാരും പൂജാരിമാരെപ്പോലുള്ള വിദൂഷകൻമാരും വന്നുവെങ്കിൽ ഒരു ദുരന്തകഥാപാത്രമായി ശ്രീ. തച്ചടി പ്രഭാകരൻ തീരുമെന്നുള്ളതിൽ ഒരു സുഹൃത്തെന്നുള്ള നിലയിൽ സത്യം പറഞ്ഞാൽ എനിക്ക് വേദനയുണ്ട്. ഇപ്പോൾ ഈ 27 കോടി രൂപയെന്നു പറയുമ്പോൾ 27 കോടിയല്ലെന്നു നമുക്കറിയാം. കാരണം ഭാഗ്യക്കുറിയുടെ മേൽ ചുമത്തിയിരുന്ന വിൽപ്പനനികുതി എടുത്തുകളഞ്ഞിരിക്കുകയാണ്. ഭാവനയില്ലാതെ ഈ മാതിരി നികുതിനിർദ്ദേശങ്ങൾ കൊണ്ടുവരരുതെന്ന് അന്നു ഞങ്ങൾ പറഞ്ഞപ്പോൾ അന്നത്തെ ധനകാര്യമന്ത്രി അത് അംഗീകരിച്ചില്ല. അത്തരം അബദ്ധങ്ങൾ ശ്രീ. തച്ചടി പ്രഭാകരനെങ്കിലും മേലിൽ സ്വീകരിക്കുകയില്ലെന്നാണ് എനിക്ക് തോന്നുന്നത്.

ഈ ബഡ്ജറ്റെന്നു പറയുന്നത് പരിപാവനമായ ഒരു ഡോക്കുമെന്റാണ്. പക്ഷെ നിർഭാഗ്യവശാൽ അടുത്തകാലത്തായി ഈ നിയമസഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള ഒരു അഭ്യാസമായി നമ്മുടെ ബഡ്ജറ്റ് തീർന്നിരിക്കുന്നു. അതിന്റെ സാംഗ്റിറ്റി (Sanctity) പോയിരിക്കുന്നു. ''പൊതുക്കണക്കെ''ന്നുള്ള ഒരു അഭ്യാസം വച്ചുകൊണ്ടാണ് ഇപ്പോൾ കമ്മിയും

LIBRARY ARCHIVES Kerala Legislative Assembly

മിച്ചവും ഉണ്ടാകുന്നതെന്നു എല്ലാപേർക്കും അറിയാം. ശ്രീ. തച്ചടി പ്രഭാകരൻ ചാർജ് എടുത്തപ്പോഴും ആദ്യമായി മനസ്സിലാക്കിയ സൂത്രവും അതു തന്നെയാണ്. ഞാൻ അഭിനന്ദിക്കുന്നു. ഈ പൊതുക്കണക്കെന്ന അഭ്യാസം വച്ചുകൊണ്ട് അദ്ദേഹം ഒരു പ്രഖ്യാപനം നടത്തി. "100 കോടി രൂപ ഞാൻ ഉണ്ടാക്കും." സഹകരണരംഗത്ത് നിക്ഷേപസമാഹാരണം നടത്തി പരിചയമുള്ളതുകൊണ്ടുള്ള ഒരു വെടി. മാണി ഒരു മിച്ചവെടി! ശ്രീ. തച്ചടി ഒരു വിഭവസമാഹരണ വെടി! 100 കോടി രൂപ പൊതുക്കണക്കിൽ ചേർത്തത് അതിനാണ്. ഈ ബഡ്ജറ്റിൽ തന്നെ റവന്യൂ അക്കൗണ്ടിലും മൂലധനക്കണക്കിലും കമ്മിയായപ്പോൾ അവിടെ രക്ഷപ്പെടാൻ മാണി കണ്ടുപിടിച്ചുവച്ചിരുന്നത് 'പൊതുക്കണക്കി'ലെ മിച്ചമാണ്. ആ മിച്ചത്തിൽക്കൂടി ഇപ്പോൾ തച്ചടിക്ക് 100 കോടിയുടെ ഒരു മിച്ചംകൂടി. അതുംകൂടി അതിനകത്ത് കയറ്റിവയ്ക്കുകയാണ്. പക്ഷെ ഇങ്ങനെ സൂത്രങ്ങളിൽക്കൂടി രക്ഷപ്പെടാൻ കഴിയുമോ?

ശ്രീ. എ. വി. താമരാക്ഷൻ: തച്ചടിയുടെ 100 കോടി കിട്ടിയാൽപ്പോലും കേന്ദ്രഗവൺമെന്റിൽ നിന്നും പ്ലാൻ അഡ്വാൻസായി വാങ്ങിയ 200 കോടി രൂപയിൽ കൊടുത്ത 50 കോടി കഴിച്ച് 150 കോടി കൊടുക്കാൻ കിടക്കുകയാണ്. അതും കഴിച്ചാൽ ഈ വർഷം കമ്മിയായിരിക്കുമെന്നു മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, അതു നമുക്കെല്ലാപേർക്കും അറിയാം. ഇതു കമ്മിയാണ്. കാരണം, ഈ ബഡ്ജറ്റെന്നു പറയുമ്പോൾ, ഇവിടെ നേരത്തേ മുഖ്യമന്ത്രി പറഞ്ഞു. "സർക്കാർ ബാദ്ധ്യതയൊക്കെല്ലാം പണം നീക്കിവയ്ക്കുകയില്ലെന്ന്". എന്തു വിഡ്ഢിത്തമാണ് സർ ഇത്? സർക്കാർ ഈ ബാദ്ധ്യതയ്ക്ക് നീക്കിവയ്ക്കും. ഒരു പക്ഷെ തികയുകയില്ലായിരിക്കും. 50 കോടി രൂപ ബാദ്ധ്യതയാണെങ്കിൽ, ഒരുപക്ഷെ ബഡ്ജറ്റ് എസ്റ്റിമേറ്റനുസരിച്ച് 60 കോടി ചെലവാണെങ്കിൽ, 110 കോടി ചിലപ്പോൾ വയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ 60 കോടി വയ്ക്കും. ഒരു ഗവൺമെന്റിന്റെ കാലത്തും 50 കോടി ബാദ്ധ്യതയുള്ളപ്പോൾ 49 കോടി വയ്ക്കുകയില്ല. എങ്കിൽപ്പിന്നെ ബഡ്ജറ്റിന്റെ കാര്യമില്ല. അതിനും ഒരു മുൻകൂർജാമ്യം ശ്രീ. തച്ചടി പ്രഭാകരൻ ഇവിടെ വന്നപ്പോൾ എടുത്തു; "മാണി പറഞ്ഞതു ശരിയല്ല. 60 കോടി കൂടി ഇപ്പോൾ ബാദ്ധ്യതയുണ്ട്". ഈ മുൻകൂർജാമ്യമാണ് ഇപ്പോൾ 100 കോടി രൂപയുടെ അധികവിഭവസമാഹരണം, പൊതുക്കണക്കിൽക്കൂടിയുള്ള വിഭവസമാഹരണം നടത്താൻ പ്രേരിപ്പിക്കുന്നത്. ശ്രീ. താമരാക്ഷൻ സൂചിപ്പിച്ചതുപോലെയുള്ള ആ ബാദ്ധ്യത, അതുതന്നെ നമുക്കറിയാം ഏതാണ്ട് 240 കോടിയോളം രൂപയുടെ ഓവർഡ്രാഫ്റ്റ് ലോണാക്കി മാറ്റിയതിന്റെ അടിസ്ഥാനത്തിലാണ്. അത് ഫൈനാൻസ് മാനേജ്മെന്റിന്റെ മിടുക്കെന്നു മാണി പറയേണ്ട കാര്യമില്ല. 1985 ഒക്ടോബർ മാസത്തിൽ അതു സംഭവിച്ചില്ലായിരുന്നെങ്കിൽ കഴിഞ്ഞ വർഷാന്ത്യത്തിലെ മിച്ചം എത്രയായിരിക്കും? ഇവിടെ റിസർവ്ബാങ്കിലെ ബാലൻസാണ് ഇപ്പോഴത്തെ ആയുധം. കാരണം ഓവർഡ്രാഫ്റ്റ് നിർത്തി. അത് ആരുടേയും മിടുക്കല്ല. ഒരു സംസ്ഥാനത്തിനും ഇപ്പോൾ ഓവർഡ്രാഫ്റ്റില്ല. അതുകൊണ്ട് ഓവർഡ്രാഫ്റ്റില്ലെന്നു ഒരു ധനകാര്യമന്ത്രി മിടുക്കു പറയേണ്ട. ഓവർഡ്രാഫ്റ്റില്ലാതെ വരുമ്പോൾ റിസർവ് ബാങ്കിൽ മിച്ചം വരും. ഒരു വർഷം ഈ ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയതിനുശേഷം മിച്ചമുണ്ടെങ്കിൽ അംഗീകരിക്കാം. പൊതുമരാമത്തു വകുപ്പിലെ മാത്രം ബാദ്ധ്യത നിറവേറ്റാൻ കാശുണ്ടോ? അതു

LIBRARY ARCHIVES Kerala Legislative Assembly

മാത്രം നിറവേറ്റിയാൽത്തന്നെ ഇപ്പോഴത്തെ മിച്ചം പോകും. മാണി പറഞ്ഞു 100 കോടി രൂപ ക്യാഷ്ബാലൻസുണ്ടെന്ന്. അതുണ്ടായാൽപ്പോലും എം. എൽ. എ. റോഡുകൾ മാത്രം തീർക്കാൻ 78 കോടി രൂപ വേണം. മറ്റ് സ്പിൽഓവർ വർക്കുകൾ വേറെയുണ്ട്. അതുകഴിഞ്ഞാൽ കഴിഞ്ഞതവണത്തെ ബില്ലുകൾ കൊടുത്തുതീർക്കാനുണ്ട്. ഇവിടെ പല മുൻമന്ത്രിമാരുമുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഏപ്രിൽ 1—ാം തീയതി ട്രഷറി തുറന്നു പ്രവർത്തിച്ചിട്ടുണ്ട്. മാർച്ച് 31—ാം തീയതിയുള്ള ബില്ലുകൾ പാസ്സാക്കിക്കൊടുക്കുവാൻ ഏപ്രിൽ 1—ാം തീയതി ട്രഷറികൾ തുറന്നു പ്രവർത്തിച്ച പാരമ്പര്യമാണ് ഇവിടെയുള്ളത്. അങ്ങനെയുള്ള ഈ സംസ്ഥാനത്ത് ഇപ്പോൾ 31-ാം തീയതി ബില്ലു മാറി കൊടുക്കില്ല. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ മാണി പറഞ്ഞത് ഇപ്പോൾ 83 കോടി രൂപയുടെ മിച്ചമാണ് ഉള്ളതെന്ന്. അങ്ങനെ പറഞ്ഞ മാണിക്ക് എവിടെനിന്നു കിട്ടി നൂറിൽ കൂടുതൽ? സർ, ഇതു ട്രഷറിയിലുള്ള കണക്കാണ്. എന്നുപറഞ്ഞാൽ മാർച്ച് മാസത്തിൽ ട്രഷറിയിൽ ബില്ല് കൊണ്ടുചെന്നപ്പോൾ ആ ബില്ലുകൾ മാറരുതെന്നു ട്രഷറിക്ക് നിർദ്ദേശം കൊടുത്ത ഗതികേടിന്റെ അടിസ്ഥാനത്തിൽ ട്രഷറിയിലുള്ള മിച്ചം കണക്കുകൂട്ടി ഒരു ധനകാര്യമന്ത്രി മിച്ചമാണെന്നു പറഞ്ഞാൽ എന്തു വിഡ്ഢിത്തമാണ്? അതു നീക്കിയിരിപ്പല്ല.. അടുത്ത കൊല്ലത്തേക്കുള്ള ബാദ്ധ്യതയല്ല.. അതുകൊണ്ട് എനിക്ക് പുതിയ ധനകാര്യമന്ത്രി ശ്രീ. തച്ചടി പ്രഭാകരനോട് പറയാനുള്ളത് അദ്ദേഹം 500 കോടി രൂപയുടെ മിച്ചം വയ്ക്കണമെന്നാണ്. അതിന് ഞാൻ വഴി പറഞ്ഞുതരാം. ജീവനക്കാർക്ക് കൊടുക്കാനുള്ള പത്തറുനൂറു കോടിരൂപ ശമ്പളവും മന്ത്രിമാർക്ക് ഓടാനുള്ള പൈസയും ഈ ലെജിസ്ലേച്ചറിന്റെ ചെലവുമെല്ലാംകൂടി കഴിവാക്കി മറ്റ് ഇനങ്ങൾക്ക് ടോക്കൺ 100 രൂപ വച്ചാൽ മതി. എല്ലാ വകുപ്പുകളുടേയും ടോക്കൺ 100 രൂപ മാത്രം വച്ചുകഴിഞ്ഞാൽ നിങ്ങൾക്ക് അഞ്ഞൂറോ അറുന്നൂറോ കോടി മിച്ചം വയ്ക്കാം. അങ്ങനെ മിച്ചം വയ്ക്കാനാണോ ഈ ബഡ്ജറ്റ്? അങ്ങനെ കബളിപ്പിക്കാനാണോ ഞങ്ങളെ വിളിച്ചിരുത്തിയിരിക്കുന്നത്?' ഇതൊരു അഭ്യാസമാണ്. കഴിഞ്ഞ വർഷം ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ ചെയ്യാതിരിക്കുക; ഇനി പറയുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുക; എന്നു മാത്രമല്ല സർക്കാരിന്റെ ബാദ്ധ്യതകൾക്കുള്ള തുക നീക്കിവയ്ക്കാതെ, പഴയ ബാദ്ധ്യതകൾക്കുള്ള ബില്ലുകൾ വരുമ്പോൾ അശാസ്ത്രീയവും അവിഹിതവുമായി ട്രഷറികൾക്ക് നിർദ്ദേശം കൊടുത്ത് അതു പിടിച്ച് വയ്ക്കുക; എന്നിട്ട് മാർച്ച് 31—ാം തീയതി മിച്ചമുണ്ടെന്നു പറയുക! ആ വിഡ്ഢിത്തത്തിന് ശ്രീ. തച്ചടി കൂട്ടു നിൽക്കുമോയെന്ന് എനിക്ക് അറിയില്ല. സഹകരണരംഗത്തെ റിബേറ്റുപ്പെടെയുള്ള കാര്യങ്ങൾ അങ്ങേക്ക് അറിയാമല്ലോ? അതിൽപ്പോലും പിടിച്ചില്ലേ? പാവപ്പെട്ടവരുടെ പെൻഷനിൽ പിടിച്ചില്ലേ? ട്രഷറിയിലെ പേമെൻറ് നിർത്തിവച്ച് റിസർവുബാങ്കിൽ മിച്ചമുണ്ടെന്നു പറയുന്ന ഈ ഗവൺമെൻറിന്റെ ഫൈനാൻസ് മാനേജ്മെൻറ് എങ്ങനെ അംഗീകരിക്കാൻ കഴിയും?

ശ്രീ. സി. ടി. അഹമ്മദ് അലി പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്ത് നമ്മുടെ വ്യവസായവൽക്കരണത്തിന് ഹാനികരമായി നിൽക്കുന്ന നികുതികൾത്തന്നെയുണ്ട്. നിങ്ങൾ ഒരു നികുതിയും കൂടുതൽ ഉണ്ടാക്കേണ്ട. നിങ്ങൾ നികുതികൾ പിരിക്കാൻ തയ്യാറുണ്ടോ? ഇവിടെ നികുതികൾ ചുമത്താനുള്ള മേഖലകളിൽ നികുതി ചുമത്താനുള്ളധൈര്യമുണ്ടോ? ധനികകർഷകരെയെല്ലാം രക്ഷപ്പെടാൻ അനുവദിച്ചശേഷം പാവപ്പെട്ടവരെ പിടിക്കുന്നു. നിങ്ങൾ ചെക്ക്പോസ്റ്റ് ചോർച്ച തടഞ്ഞാൽമാത്രംമതി ഇതിന്റെ ഇരട്ടിയുണ്ടാകും. ചെക്ക്പോസ്റ്റുകളിലെല്ലാം ഒക്കെക്കൂലിയും

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിയുമാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നു കയ്യും കണക്കുമില്ലാതെ സാധനങ്ങൾ കൊണ്ടുവരികയാണ്. എന്നിട്ട് അതേസമയം കെ.സിൻ ഉപയോഗിച്ച്. ഇവിടെയൊരു ബാഗുണ്ടാക്കണമെങ്കിൽ അതിന് കണക്കുണ്ടെന്നുള്ളതുകൊണ്ട് അതിനെല്ലാം നികുതി കയറ്റി പണമുണ്ടാക്കാമെന്നു വ്യാമോഹിക്കുന്നത് കേരളത്തിലെ വ്യാപാര-വ്യവസായ രംഗത്തെ തകർക്കും. അതുകൊണ്ട് നികുതി ചോർച്ച തടയുകയെന്നുള്ളതല്ലാതെ കേരളത്തിൽ ഇനിയും അധികനികുതിഭാരം കയറ്റിവച്ചാൽ അതിന്റെ ഫലം പുറത്തു നിന്നു സാധനങ്ങൾ ഇവിടെ വരും, കണക്കില്ലാതെ ചെലവാകും. ഇവിടെയുൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് ഗവൺമെന്റിന് കണക്കുള്ളതുകൊണ്ട്, അതിന്റെ വില വർദ്ധനകൊണ്ട് ചെലവാകാതെ വരും. അതുമൂലമുണ്ടാകുന്ന വരുമാനക്കുറവ് പരോക്ഷമായി ഗവൺമെന്റിനെ ബാധിക്കും. അതുകൊണ്ട് ഈ ധനകാര്യബിൽ അപകടകരമാണ്. ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. ജി. ആർ. കർത്താ: സർ, കഴിഞ്ഞ നാലു വർഷത്തേക്കാൾ സാമ്പത്തികമായി ബുദ്ധിമുട്ടില്ലാത്ത ഒരു വർഷമാണിതെന്ന് ബഡ്ജറ്റ് അവതരണത്തിൽ നമുക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഈവർഷം ധനകാര്യം കാര്യക്ഷമമായി കൈകാര്യം ചെയ്താൽ—ഞങ്ങൾക്ക് ഈ വർഷം വളരെയധികം പ്രതീക്ഷകളുണ്ട് സർ. വികസന പ്രവർത്തനങ്ങൾക്കു വേണ്ടി ഈ വർഷം എടുത്തിരിക്കുന്ന ജോലികളെല്ലാംതന്നെ ഈ വർഷംതന്നെ ഭംഗിയായിനടക്കുമെന്നുതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഇവിടത്തെ ഏറ്റവും വലിയ വ്യവസായമേഖലയും ടാക്സ് കിട്ടുന്ന ഒരു മേഖലയുമാണ് കൊച്ചി. പക്ഷേ, അവിടെ സെയിൽസ് ടാക്സ് പിരിക്കുന്ന കാര്യത്തിൽ നടക്കുന്നതെന്താണ്? വളരെയധികം അഴിമതികൾ ആ രംഗത്ത് നടക്കുന്നുണ്ടെന്നുള്ളത് ധനകാര്യമന്ത്രിയെ അറിയിക്കാൻ ഞാൻ ഈയവസരം ഉപയോഗിക്കുകയാണ്. അവിടെ കച്ചവടക്കാർക്ക് രണ്ടു കണക്കാണ്, ഒന്നു കാണിക്കുകയില്ല. ഇത് കാലാകാലങ്ങളിലായി പലരും പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. അതുകൊണ്ട് സമർത്ഥനായ ധനകാര്യവകുപ്പുമന്ത്രി ഇക്കാര്യത്തെപ്പറ്റി ദീർഘമായി ഒന്നന്വേഷിപ്പിക്കണം: സെയിൽസ് ടാക്സ് രജിസ്ട്രേഷൻ കൊടുക്കുന്നയവസരത്തിൽ യാതൊരു കച്ചവട സ്ഥാപനങ്ങളും സെയിൽസുമില്ലാത്ത ആളുകൾക്ക് രജിസ്ട്രേഷൻ ലഭിക്കുകയും അർഹരായ ആളുകൾക്ക്, അതായത് കച്ചവടമുള്ള ആളുകൾക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്ന ധാരാളം ഏർപ്പാടുകൾ കൊച്ചിയിലിന്നുണ്ട്. അങ്ങനെ വ്യാജമായി നടക്കുന്ന സാമ്പത്തിക കുറ്റങ്ങളെസംബന്ധിച്ച് അന്വേഷിപ്പിക്കാൻ അങ്ങേക്ക് കഴിവുണ്ട്. അങ്ങ് കരുത്തനാണെന്ന് ഞങ്ങൾക്കു വിശ്വാസമുണ്ട്. അതൊന്നു വളരെ കാര്യക്ഷമമായി അന്വേഷിപ്പിച്ചാൽ കൊച്ചി മേഖലയിൽ നിന്ന് ഗവൺമെന്റിന് ടാക്സിനത്തിൽ വളരെക്കൂടുതൽ വരുമാനമുണ്ടാക്കാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. അത് അങ്ങു ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. പണമില്ല, പണമില്ല എന്നു പറഞ്ഞ് ഇവിടെയുള്ള പല വികസനപ്രവർത്തനങ്ങളും തടഞ്ഞു വച്ചിരിക്കുകയാണ്. സ്കൂൾകെട്ടിടങ്ങളുടെ കാര്യത്തിലും ആശുപത്രികെട്ടിടങ്ങളുടെ കാര്യത്തിലും റോഡുകളുടെ കാര്യത്തിലും ശുദ്ധജല വിതരണത്തിന്റെ കാര്യത്തിലും ഇതാണ് ഗതി. കൊച്ചിയെ സംബന്ധിച്ചിടത്തോളം ശുദ്ധജല വിതരണം അതിപ്രധാനമായ ഒരു കാര്യമാണ്. അങ്ങനെയുള്ള കാര്യങ്ങൾക്കു വരുമ്പോൾ പണമില്ല എന്ന തടസ്സവാദം പറയാതെ കൃത്യമായി ഈ ടാക്സ് പിരിച്ചെടുത്താൽ അത് ഗവൺമെന്റിനും

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്കും വളരെ ഉപയോഗപ്രദമായിരിക്കും. അങ്ങ് അതു് ശദ്ധിക്കുമെന്നു് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇവിടെ മന്ത്രി ഇന്നുരാവിലെ തിരുവിതാംകൂർ ദേവസ്വംബോർഡിനു് ഗ്രാന്റു നൽകാമെന്നു പറഞ്ഞു. ഞാൻ ബഹുമാന്യനായ അങ്ങയോടു ചോദിക്കുകയാണു് ഇതിനുമുമ്പും ഈ ബോർഡുകൾക്കു് ഗ്രാൻറ് നൽകുമെന്നു പറഞ്ഞിട്ടുണ്ടു്. പക്ഷേ ആവശ്യപ്പെടുമ്പോൾ പണമില്ല എന്ന മറുപടിയാണു കിട്ടുന്നതു്. ഒരുവർഷം അതു കൊടുത്തു. കൊച്ചി ദേവസ്വം ബോർഡിനു് ഗ്രാന്റു നൽകുന്ന കാര്യത്തെപ്പറ്റി ഇവിടെ പറഞ്ഞില്ല. പുതുതായിട്ടു് അതു കൊടുക്കണമെന്നു് ഞാൻ അങ്ങയോടു് അഭ്യർത്ഥിക്കുകയാണു്. കൊച്ചിൻ ദേവസ്വം ബോർഡ് വളരെ വിഷമിച്ചു മുന്നോട്ടു പോകുകയാണു്. തിരുവിതാംകൂർ ദേവസ്വം ബോർഡിനും കൊച്ചിൻ ദേവസ്വംബോർഡിനും ഗ്രാന്റു് അനുവദിക്കുന്നകാര്യത്തിൽ പണമില്ല എന്ന തടസ്സവാദം ഉന്നയിക്കാതെ പണമുണ്ടാക്കിക്കൊണ്ടു്, കിട്ടാവുന്ന ടാക്സുകളെല്ലാം പിരിച്ചുകൊണ്ടു് അതു കൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഈ ബില്ലിനെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, ബഹുമാനപ്പെട്ട കെ. ജി. ആർ. കർത്താ പറഞ്ഞ ഒന്നുരണ്ടു കാര്യങ്ങളോടു് ഞാൻ യോജിക്കുകയാണു്. അതിൽ പ്രധാനമായിട്ടുള്ള ഒരു സംഗതി നമ്മുടെ സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾ തടഞ്ഞുവച്ചിരിക്കുന്നുവെന്നുള്ളതാണു്. നമുക്കു് നല്ല സാമ്പത്തിക ഭദ്രതയുണ്ടെന്നു് ആവർത്തിച്ചാവർത്തിച്ചു് മുൻധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപനങ്ങൾ നടത്തിയെങ്കിലും വികസന പ്രവർത്തനങ്ങളെല്ലാം പണമില്ലായെന്നു പറഞ്ഞു് നടത്താതെ സ്തംഭനമുണ്ടാക്കി എന്നു് ഭരണ പക്ഷത്തുള്ള ഒരു സുഹൃത്തുതന്നെ പ്രസ്താവിച്ചതിൽ എനിക്കു് സന്തോഷമുണ്ടു്. മറെറാരുകാര്യം അദ്ദേഹം ഇവിടെ പറഞ്ഞതിനോടും ഞാൻ യോജിക്കുന്നു. സെയിൽസ് ടാക്സുകാരെ വെട്ടിക്കുന്നതിനു് പല വ്യാപാരികളും രണ്ടു കണക്കുകൾ സൂക്ഷിക്കുന്നുണ്ടു്. അത്തരത്തിൽ രണ്ടു കണക്കുകളുണ്ടാക്കി വെട്ടിച്ചുകൊണ്ടിരിക്കുന്ന വലിയ വ്യാപാരികളുടെ പട്ടികയിൽ മുൻ ധനകാര്യവകുപ്പുമന്ത്രിയും എന്റെ സുഹൃത്തുമായ ശ്രീ. കെ. എം. മാണി പെടുമോയെന്നു് എനിയ്ക്കറിയില്ല. അദ്ദേഹം അത്തരത്തിൽ രണ്ടു കണക്കുകൾ വച്ചതിന്റെ ഫലമായി ഇന്നു് എന്റെ സുഹൃത്തു് ശ്രീ. തച്ചടി പ്രഭാകരൻ ബുദ്ധിമുട്ടു് അനുഭവിക്കുന്നു. ബഡ്ജറ്റ് കമ്മിയാണോ, മിച്ചമാണോ എന്ന കാര്യത്തിൽ ഏതു കണക്കാണു് നോക്കേണ്ടതെന്നതിനെക്കുറിച്ചു് അദ്ദേഹത്തിനു് ഒരു സ്ഥലജലഭ്രമം സംഭവിച്ചു പോയിട്ടുണ്ടെന്നു ഞാൻ കരുതുന്നു. ധനകാര്യവകുപ്പു മന്ത്രിയായി ശ്രീ. തച്ചടി പ്രഭാകരൻ ചാർജെടുത്തു കഴിഞ്ഞതിനുശേഷം കയർ വ്യവസായത്തിലുള്ള സെയിൽസ് ടാക്സ് എടുത്തുകളയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നു പറഞ്ഞു് ഒരു പ്രഖ്യാപനം നടത്തി. അതു് ഒരു നല്ല കാര്യമാണു്. അത്തരം മേഖലകളിൽ സെയിൽസ് ടാക്സ് ഉപേക്ഷിക്കുകയും അതേയവസരത്തിൽ കൂടുതൽ ടാക്സ് ഏർപ്പെടുത്താൻ സൗകര്യമുള്ള മേഖലകളിൽ ഏർപ്പെടുത്തുകയും ടാക്സ് മേഖലയിലുള്ള വെട്ടിപ്പും തട്ടിപ്പും കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്താൽ തീർച്ചയായും നമ്മുടെ സാമ്പത്തികശേഷി വർദ്ധിപ്പിക്കാൻ കഴിയും. സമ്പന്നരുടെമേൽ നികുതി ഏർപ്പെടുത്താനുള്ള ശക്തവും ഫലപ്രദവുമായ നടപടികൾ ഉണ്ടാകണം. ഇതു് എന്തുകൊണ്ടു് ഞാൻ പറയുന്നുവെന്നു വച്ചാൽ എന്റെ സുഹൃത്തു് ശ്രീ. മണിമംഗലത്തു കുട്ട്യാലി പറഞ്ഞതുപോലെ കേന്ദ്രത്തിൽനിന്നു് ഇപ്പോൾ മന്നാ അടർന്നു വീഴുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ് അത് നമ്മുടെ വികസനപ്രവർത്തനങ്ങൾക്കു വിനിയോഗിക്കാ മെന്ന് ലാക്കാക്കരുതെന്ന് ചൂണ്ടിക്കാണിക്കാനാണ്. കേന്ദ്രത്തിൽ നിന്ന് നമുക്കങ്ങനെ കിട്ടുന്നില്ല. ഈ അടുത്ത ദിവസങ്ങളിൽ വളരെ 'അലാമിംഗാ' യിട്ടുള്ള ഒരു വാർത്ത പത്രത്തിൽ വന്നിട്ടുണ്ട്. സെയിൽസ് ടാക്സ് നിറുത്തലാക്കിയിട്ട് അതിന്റെ സ്ഥാനത്ത് അഡീഷണൽ എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തുന്നതിന് കേന്ദ്രഗവൺമെന്റ് ആലോചിക്കുന്നതായി ട്ടാണു സർ, വാർത്ത. ചില ഐറ്റങ്ങളുടെമേൽ സെയിൽസ് ടാക്സിനു പകരം അഡീഷണൽ എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിയതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്ത് പ്രതിവർഷം ഏതാണ്ട് ഇരുപത്തഞ്ച് ഇരുപത്താറു കോടി രൂപവീതം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുള്ളതാണ്. നമ്മ ളെല്ലാവരുംകൂടി കേന്ദ്രഗവൺമെന്റിന് നിവേദനം നൽകിയതുമാണ്. കേന്ദ്രം ഇക്കാര്യത്തിൽ സഹായം നൽകാമെന്നു പ്രഖ്യാപിച്ചതാണുസർ. എന്നിട്ട് ഒരുപൈസയുടെ സഹായംപോലും ഇന്നേവരെ തന്നിട്ടില്ല. ഇവിടെ ഇന്നലെയും ഇന്നും വ്യവസായ സംബന്ധമായ ചർച്ച നടക്കു മ്പോഴും കേന്ദ്രഗവൺമെന്റിന്റെ വിഹിതമായി കേരളത്തിൽ എന്തുമാത്രം നിക്ഷേപമുണ്ടായിട്ടുണ്ടെന്നുള്ളതിനെപ്പറ്റി പരാമർശങ്ങളുണ്ടായി. അങ്ങേ യ്ക്കറിയാം 1983-ൽ 1.93 ശതമാനം നിക്ഷേപമുണ്ടായിരുന്നെങ്കിൽ 1984-ൽ അത് 1.88 ശതമാനമായി കുറയുകയാണുണ്ടായത്. ഇങ്ങനെ കഴിഞ്ഞ മൂന്നുനാലു കൊല്ലക്കാലമായി നിരന്തരമായി കേന്ദ്രത്തിന്റെ നിക്ഷേപ വിഹിതം നമ്മുടെ സംസ്ഥാനത്തു കുറഞ്ഞു കൊണ്ടിരിക്കുകയാണ്. വ്യവസായ സംരംഭങ്ങൾ വളർത്തുന്നതിനുള്ള സഹായം കേന്ദ്രത്തിൽനിന്നു കിട്ടുന്നില്ല. നമുക്ക് എങ്ങനെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയും? കഴിയുകയില്ല എന്നു വ്യക്തമായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഉള്ള വിഭവശേഷി ഉപയോഗിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? അത്രം ഉപയോഗിക്കാത്ത ഉൽപ്പാദന വിഭവശേഷി എന്തുമാത്രമുണ്ടെന്ന് ഇന്നലെ നടന്ന ചർച്ചയിൽ വ്യക്തമായതാണ്. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉൽപ്പാദനശേഷി ഡൈവേഴ്സിഫൈ ചെയ്യുന്നതി നുള്ള കൊളാബറേഷൻ നടപടികളെപ്പറ്റി എത്രയോ വർഷങ്ങളായി ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന ഒന്നാണ്. ഒരു അന്തിമതീരുമാനത്തിലെത്തുന്ന തിന് വ്യവസായ വകുപ്പിന്റെ ഫലപ്രദമായ സഹായം ലഭ്യമാകാത്തതു കൊണ്ടുമാത്രം ബുദ്ധിമുട്ട് അനുഭവിക്കുന്നു സർ. തിരുവനന്തപുരം റബ്ബർ വർക്സ് ഇന്ന് ഏതു ത്രിശങ്കു സ്വർഗ്ഗത്തിലാണെന്ന് ഏതു നിയ്ക്കറിഞ്ഞുകൂടാ. ആവശ്യമായ പ്രവർത്തനമൂലധനത്തിന്റെ അഭാവം കൊണ്ടുമാത്രം അവിടെയുള്ള മെഷീനറികൾ ഉപയോഗിക്കാൻ കഴിയാതെ കിടക്കുകയാണ്. മാവൂർ റയോൺസ് എന്ന സ്വകാര്യമേഖലാ സ്ഥാ പനവും ഇതിനുദാഹരണമാണ്. ഇതുപോലെ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമെല്ലാമുള്ള പല വ്യവസായ സംരംഭങ്ങളിലേയും ഉൽപ്പാ ദനശേഷി ഉപയോഗിക്കാൻ കഴിയാതെ വന്നിരിക്കുന്നു. അതുകൊണ്ട് നമ്മുടെ നികുതിയിൽ നഷ്ടമുണ്ടാകുന്നു സർ. സർവ്വോപരി തൊഴിലി ല്ലായ്മ പ്രശ്നം രൂക്ഷമാകുന്നത് പരിഹരിക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നില്ല. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം എത്ര വർദ്ധിച്ചിട്ടുണ്ടെന്ന വസ്തുതയിലേ ക്കൊന്നും ഞാനീയവസരത്തിൽ കടന്നു പോകാനാഗ്രഹിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിൽനിന്ന് സംസ്ഥാനവ്യവസായമേഖലയിലെ ഇൻവെസ്റ്റ് മെന്റിന്റെ സ്ഥിതിയെപ്പറ്റിയാണ് ഞാൻ പറയുന്നത്. തമിഴ്നാ ടിന് 2,200-ഓളം കോടിരൂപയും കർണ്ണാടകത്തിന് 1,200-ഓളം കോടി രൂപയും ആന്ധ്രയ്ക്ക് 3,100-ഓളം കോടി രൂപയും ഈ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായമേഖലയിൽ കേന്ദ്രത്തിന്റെ നിക്ഷേപമുണ്ടെങ്കിൽ നമ്മുടെ സംസ്ഥാനത്ത് വെറും 800 കോടി രൂപയ്ക്കുതാഴെമാത്രമാണു സർ, വിഹിതമുണ്ടായിട്ടുള്ളത്. അതാണു ഞാൻ നേരത്തെ പറഞ്ഞത് 1983–ൽ 1.93 ശതമാനം നിക്ഷേപമുണ്ടായിരുന്നത് 1984–ആയപ്പോഴേക്കും 1.88 ശതമാനമായി കുറഞ്ഞു എന്ന്. അത് ഇനിയും കുറയാനാണു സാദ്ധ്യതയെന്ന വസ്തുത അങ്ങേയ്ക്കറിയാവുന്നതാണ്. കേന്ദ്രത്തിൽ നിന്ന് നമുക്ക് സഹായം ലഭിക്കുന്നില്ല.

ബഡ്ജറ്റ് മിച്ചമാണോ കമ്മിയാണോ എന്ന തർക്കത്തിലേക്കൊന്നും ഞാൻ കടക്കുന്നില്ല. മുൻ ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി നടത്തിയ പ്രസ്താവനയ്ക്കുശേഷം അങ്ങു നടത്തിയ ഒരു പ്രസ്താവനയിൽ ഈ വർഷം അവസാനിക്കുന്നത് കമ്മിയാകാതെ ശ്രദ്ധിക്കുമെന്നു പറഞ്ഞു. എനിയ്ക്കതിൽ സംശയമുണ്ട്. ശ്രീ. എ. വി. താമരാക്ഷൻ നേരത്തേ ഒരു ചോദ്യത്തിൽ ഉന്നയിച്ചതുപോലെ നമുക്ക് പ്ലാൻ അഡ്വാൻസായി ലഭിച്ചതുകൊണ്ട് ഈ പദ്ധതിക്കാലത്ത് നാം മടക്കിക്കൊടുക്കേണ്ടി വന്നാൽ ഈ വർഷം പൂർണ്ണമായ കമ്മിയായിത്തീരില്ലേയെന്ന വസ്തുത ആലോചിക്കേണ്ടതായിട്ടുണ്ട് സർ. നമ്മുടെ ആഭ്യന്തരവിഭവശേഷി വർദ്ധിപ്പിക്കാൻ കഴിയുമെന്ന് അങ്ങ് ചൂണ്ടിക്കാണിച്ചു. അതിന് എന്തുമാത്രം കഴിയുമെന്ന് ഒന്നാലോചിക്കേണ്ടതാണ്. സെയിൽസ് ടാക്സിനത്തിലും ഇലക്ട്രിസിറ്റി ഡ്യൂട്ടിയിലുള്ള വർദ്ധനവുമല്ലാതെ വേറെ എവിടെ വർദ്ധനവുണ്ടായി സർ? ഇലക്ട്രിസിറ്റി ഡ്യൂട്ടിയുടെ വർദ്ധനവ് 1984–1985 വർഷങ്ങളിലേത് താരതമ്യം ചെയ്തു നോക്കിയാൽ ഡ്യൂട്ടിയും ടാക്സും അമിതമായി വർദ്ധിച്ചിട്ടുണ്ട്. സെയിൽസ് ടാക്സിനേക്കാളും അമിതമായി വർദ്ധിച്ചു. 1958–ൽ 37 ശതമാനമായിരുന്നത് 62 ശതമാനമായി വർദ്ധിച്ചു. മോട്ടോർ വെഹിക്കിൾസ് ടാക്സ് പിരിവ് കുറഞ്ഞു. ഇൻഡ്യയിൽ ഇത്രയേറെ മോട്ടോർ വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനത്തിന് എന്തുകൊണ്ട് ആ ടാക്സ് പിരിവ് ഇത്രമാത്രം കുറഞ്ഞു? ഇക്കാര്യത്തിൽ അങ്ങയുടെ ശ്രദ്ധ ഞാൻ പ്രത്യേകം തിരിക്കുന്നു. തെക്കേ ഇൻഡ്യയിലെ സംസ്ഥാനങ്ങൾക്കെങ്കിലും ഇതുപോലുള്ള ടാക്സുകളെ സംബന്ധിച്ചിടത്തോളം ഒരു ഏകീകൃത സ്വഭാവമുണ്ടാക്കുന്നതിന് കേന്ദ്രഗവൺമെന്റിലൂടെ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുവാൻ ഈയവസരം ഞാൻ ഉപയോഗിക്കുന്നു. ഇല്ലെങ്കിൽ നമ്മൾ ഒരു ശതമാനം കുറച്ചാൽ തമിഴ്നാട് രണ്ടുശതമാനം കുറയ്ക്കും. മോട്ടോർ വാഹനങ്ങളുടെ കാര്യത്തിലായാലും ശരി സ്പെയർ പാർട്സിന്റെ കാര്യത്തിലായാലും ശരി ഇങ്ങനെ മൽസരിച്ചു മൽസരിച്ചു ടാക്സ് കുറയ്ക്കുകയാണെങ്കിൽ പരമമായ നഷ്ടം നമുക്കുതന്നെ ആകുമെന്നതിൽ യാതൊരു സംശയവുമില്ല.

സർ, ഒരു കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വിഭവം സമാഹരിക്കാൻ കഴിയാത്തതും സെയിൽസ്ടാക്സ് 65 ശതമാനമായി വർദ്ധിച്ചിട്ടുള്ളതുമായ നമ്മുടെ സംസ്ഥാനത്തെ കാർഷിക നികുതി വരുമാനത്തിന് എന്തുപറ്റി? 1957–58 കാലത്ത് 13 ശതമാനം ആയിരുന്നത് 1985 ആയപ്പോഴേക്കും 2.83 ശതമാനമായി കുറഞ്ഞു. ഇക്കാണായ തെങ്ങിൻതോപ്പുകളും ഈ പരന്നുകിടക്കുന്ന ഭൂമികളുമെല്ലാം റബ്ബർ വച്ചുപിടിപ്പിച്ച് വൻലാഭം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന വൻകിട റബ്ബർ ഉൽപ്പാദകർ നമ്മുടെ സംസ്ഥാനത്ത് എത്രയോ ഏറെ ഉണ്ട്! എന്നിട്ടും കാർഷികാദായനികുതി പിരിവ് 2.83 ശതമാനമായി കുറഞ്ഞു. ഇതിന് പല കാരണങ്ങളും ഉണ്ട്. നികുതിപിരിക്കുന്നതിൽ ഉദ്യോഗസ്ഥൻമാർ വൻകിടകർഷക രാജാക്കൻമാരുമായി സഹകരിച്ച് വെട്ടിപ്പും കിഴിവു

12 noon]

LIBRARY ARCHIVES Kerala Legislative Assembly

മൊക്കെ നടത്തുന്നു. അതോടൊപ്പം ചാരിറ്റബിൾ പ്രവർത്തനങ്ങൾക്ക് എന്ന് പറഞ്ഞുകൊണ്ട്, ചാരിറ്റബിൾ പ്രവർത്തനവുമായി ഒരു ബന്ധവുമില്ലാത്ത വൻകിട എസ്റ്റേറ്റുകളേയും മറ്റും നികുതിയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു.

സർ, ഇനി പെട്രോളിന്റെ സെയിൽസ് ടാക്സ് വർദ്ധിപ്പിക്കുവാൻ കഴിയുമോ? പെട്രോൾ ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ ബാരലിന് 30 ഡോളറിൽനിന്ന് 9 ഡോളറായി വില കുറഞ്ഞപ്പോൾ ഇൻഡ്യാ ഗവൺമെന്റ് വമ്പിച്ച തോതിൽ വീണ്ടും പെട്രോളിന് വിലയും സെയിൽസ് ടാക്സും വർദ്ധിപ്പിക്കുകയാണുണ്ടായത്. നമ്മുടെ സംസ്ഥാനത്തും വർദ്ധിപ്പിച്ചു. ഇവിടെ സെയിൽസ് ടാക്സ് കൂട്ടി. ഇതിന്റെ ഭാരം ഇവിടത്തെ സമ്പന്നരെമാത്രമല്ല ബാധിക്കുന്നത്. തെക്കൻ തിരുവിതാംകൂറിൽനിന്നും തിരുവനന്തപുരത്തേക്ക് ലോറികളിൽ കൊണ്ടുവരുന്ന പച്ചക്കറികളിലും പലവ്യഞ്ജനത്തിനുമെല്ലാം വമ്പിച്ച വിലവർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെകാരണം പെട്രോളിന് അമിതമായി വില വർദ്ധിപ്പിച്ചതാണ്. ഈ മേഖലകളിലൊന്നും ഇനി പുതിയതായി ടാക്സ് ഏർപ്പെടുത്താൻ കഴിയുകയില്ല. അതുകൊണ്ട് ഒഴിവുകളും കിഴിവുകളും നൽകിയും വെട്ടിപ്പുനടത്തിയും ടാക്സ് വരുമാനം കുറയുന്നത് തടയാൻ അങ്ങേയ്ക്ക് കഴിയുന്നില്ലെങ്കിൽ സംസ്ഥാനത്തിന്റെ വികസനം സ്തംഭനാവസ്ഥയിൽനിന്ന് തകർച്ചയിലേയ്ക്ക് ആയിരിക്കും പോകുന്നത് എന്ന വസ്തുത അങ്ങ് കാണണം എന്ന്. അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനകാര്യബില്ലിനെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. സി. ജി. ജനാർദ്ദനൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനകാര്യബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീ. വക്കം പുരുഷോത്തമനും, പത്മരാജനും, രവിയും, പരാജയപ്പെട്ടിടത്ത് പ്രായോഗിക വാദിയായ നമ്മുടെ ധനകാര്യമന്ത്രി കാര്യങ്ങൾ പ്രായോഗിക ജ്ഞാനത്തോടുകൂടി വിജയകരമായി പരിശോധിക്കുമെന്നതുകൊണ്ട്, അദ്ദേഹം ആ കാര്യത്തിൽ വിജയിക്കുമെന്നതുകൊണ്ട് ഞാൻ ആ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

സർ, എന്റെ നിയോജകമണ്ഡലത്തിൽ ഒരു പാലാഴിമഥനം നടന്നു. അവിടെ കാളകൂടവിഷം ആദ്യം വന്നു. അവസാനം അമൃതുവീണുകിട്ടിയിരിക്കുന്നു. നമ്മുടെ നാട്ടിൽ മുൻകാലങ്ങളിൽ ഉണ്ടായ സംഭവവികാസങ്ങളിലേയ്ക്ക് ഞാനൊന്ന് കണ്ണോടിക്കുകയാണ്. പാലാഴിമഥനത്തിൽ നമ്മുടെ പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ വിജയകരമായി ഇന്ന് അമൃതുകടഞ്ഞെടുത്തിരിക്കുന്നു. അതേസമയംതന്നെ നമ്മുടെ നാട്ടിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന ചില സംഭവവികാസങ്ങളെക്കുറിച്ചുകൂടി പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഒറ്റപ്പാലത്തെ ശ്രീരാമകൃഷ്ണനിർമ്മലാനന്ദമണ്ഡലം നടത്തുന്ന പാലാഴിക്ഷേത്രത്തിൽ നടന്ന ചില സംഭവങ്ങളാണ് ഞാൻ സൂചിപ്പിക്കുന്നത്. ആ പ്രശ്നത്തിൽ സഹകരിച്ച മുഴുവൻ ആളുകളേയും ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ശ്രീ. എ. ആർ. ശ്രീനിവാസൻ, കുമ്മനം രാജശേഖരൻ തുടങ്ങി അതിൽ സഹകരിച്ച ജില്ലാകളക്ടറേയും പോലീസ് ഡി. വൈ. എസ്. പി. യേയും ഞാൻ അഭിനന്ദിക്കുന്നു. ഗൗരിയമ്മയുടെ രോഷം, എനിക്ക് മനസ്സിലാകുന്നുണ്ട്. ഞാൻ ഓർക്കുന്നു. അന്ന് പാലിയം സത്യാഗ്രഹ കാലഘട്ടത്തിൽ ഗൗരിയമ്മയുടെ പങ്ക്, അന്തർജ്ജനങ്ങളുടെ പങ്ക്, എ. കെ. ജി. യുടെ പങ്ക്, കേളപ്പജിയുടെ പങ്ക്—ഇന്ന് നിങ്ങൾ കാണി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന മൗനം ഈ പാലാഴിമഥനത്തിൽ കാണിച്ച മൗനം എല്ലാം—ഞാൻ ഓർക്കുന്നു. എനിക്ക് സമയക്കുറവായതുകൊണ്ട് വിഷയത്തിലേയ്ക്ക് കടക്കട്ടെ.

നമ്മുടെ രാജ്യത്ത് ഒരു കാലഘട്ടത്തിൽ, ബുദ്ധന്റെ കാലഘട്ടത്തിൽ തുടങ്ങിവച്ച ജാതിക്കെതിരായിട്ടുള്ള സമരം, അയ്യപ്പനും ഗുരുവായൂരപ്പനും .....ബഹളം..... സബ്ജക്ടുമായിട്ട് പരിപൂർണ്ണമായും ബന്ധമുള്ള കാര്യങ്ങളാണ് ഞാൻ പറയുന്നത്. ധനകാര്യ ബില്ല് പാസ്സായാൽ ഉണ്ടാകുന്ന നേട്ടം ഉപയോഗിക്കേണ്ടത് എങ്ങനെ എന്നതാണ് സബ്ജക്ട്. ആ സബ്ജക്ടിലേക്കാണ് ഞാൻ വരുന്നത്.

അങ്ങനെ നമ്മുടെ പ്രദേശത്ത് ജാതിക്കെതിരായിട്ടുള്ള സമരം നടന്നു. ഇന്ന് എവിടെച്ചെന്നെത്തിയെന്നതിനെക്കുറിച്ചാണ് പരിശോധിക്കുവാനുള്ളത്. ഇൻഡ്യയിലെ സുപ്രീംകോടതി പറയുന്നു 15 ശതമാനം റിസർവേഷന് എതിരായി ദേശീയമായ ഒരു വീക്ഷണത്തിൽ റിസർവേഷൻ കൊടുക്കണമെന്ന്. കേരള ഹൈക്കോടതി പറയുന്നു സംവരണം" വേണ്ട എന്ന്. അങ്ങനെ സംവരണം വേണ്ട എന്ന വാദം തുടങ്ങിവച്ചിട്ട് സംവരണം ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഈ ഘട്ടത്തിൽ, നമ്മെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ സംവരണമെന്ന തത്വം കാത്തുസൂക്ഷിക്കേണ്ട ഈ ഘട്ടത്തിൽ പരമപ്രധാനമായ ഒരു പ്രഖ്യാപനമുണ്ടായിരിക്കുന്നു. സംവരണം നേടാൻ ശ്രമിക്കുന്ന ജനവിഭാഗത്തിനെതിരായി വലിയൊരു പ്രഖ്യാപനം ഉണ്ടായിരിക്കുന്നു. ആ പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ ജനങ്ങളെ കിട്ടണമെങ്കിൽ ഒരു പ്രധാനപ്രോദ്യത്തിന് മറുപടി പറയാൻ, ഞങ്ങൾ ബാദ്ധ്യസ്ഥരാണ്. ഇൻഡ്യൻപ്രധാനമന്ത്രി രാജീവ്ഗാന്ധിക്ക് അനുകൂലമാണോ പ്രതികൂലമാണോ ഈ രാജ്യത്തെ ജനങ്ങൾ എന്നുള്ള ചോദ്യം പ്രസക്തമായിവരും. ദേശീയമുഖ്യധാരയിൽ ജനങ്ങളുടെ വികാരം പ്രകടിപ്പിക്കുവാൻ ബാദ്ധ്യസ്ഥരായ ഞങ്ങൾ അയ്യപ്പക്ഷേത്രത്തിൽച്ചെന്ന് 'അയ്യപ്പാ അയ്യപ്പാ' എന്നു വിളിക്കുന്ന ഘട്ടത്തിൽ ഗുരുവായൂരപ്പനെറയടുത്തുചെന്ന് 'ഗുരുവായൂരപ്പാ ഗുരുവായൂരപ്പാ' എന്ന് വിളിക്കുന്ന ഘട്ടത്തിൽ അത് മുഴുവൻ യാഥാർത്ഥ്യമാക്കാനുള്ള വലിയ പരിശ്രമം ജനങ്ങളുടെ ഭാഗത്തുനിന്നും നടത്തിക്കൊണ്ടിരിക്കുകയാണ്. ആ പരിശ്രമം വിജയകരമായി പര്യവസാനിപ്പിക്കാനുള്ള ഞങ്ങളുടെ ശ്രമത്തിന് ആര് ഏത് ഭാഗത്തുനിന്ന് എങ്ങനെ സഹകരിക്കും, എങ്ങനെ എതിർക്കും എന്നതിനെക്കുറിച്ച് ഒരു രൂപവും ഇല്ലാതിരിക്കുന്നു. ഈ ഘട്ടത്തിൽ പ്രായോഗികമായ ഒരുരൂപം ഇവിടെയുണ്ടാക്കുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനകാര്യബില്ലിനെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ: എസ്. ആർ. തങ്കരാജ്: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. എതിർത്തുകൊണ്ട് സംസാരിക്കുമ്പോൾ എനിക്ക് അതിപ്രധാനമായി രണ്ടു കാര്യങ്ങളാണ് പറയുവാനുള്ളത്. ഒന്ന്, മുൻ ധനകാര്യമന്ത്രിയുടെ പ്രസ്താവനയും അതിനെത്തുടർന്ന് കേന്ദ്ര മന്ത്രി ശ്രീ. ജനാർദ്ദനൻ പൂജാരിയും നമ്മുടെ മുഖ്യമന്ത്രി, ശ്രീ. കെ. കരുണാകരനും നടത്തിയ പ്രസ്താവനകളുമാണ് അവ ഈ രാജ്യത്തെ ജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ഹാസ്യച്ചിരി മനസ്സിലാക്കിയിട്ട്, യഥാർത്ഥത്തിൽ മുൻ ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ് മിച്ചബഡ്ജറാണോ കമ്മി ബഡ്ജറാണോ എന്ന് അർദ്ധശങ്കയ്ക്ക് വക നൽകാതെ ഒരു പ്രസ്താവന നടത്തണമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. മുൻധനകാര്യമന്ത്രി, ധനകാര്യ മാനേജുമെൻറ് ഭംഗിയായി കൈകാര്യം ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

അധിക വിഭവസമാഹരണത്തിലൂടെ മിച്ചമുണ്ടാക്കുമെന്ന് പ്രസ്താവന നടത്തിയപ്പോഴും പുതിയ ധനകാര്യമന്ത്രി ഈ സഭയിൽ ചെയ്ത പ്രസ്താവനയിൽ അധിക വിഭവസമാഹരണം നടത്തി, മിച്ചമുണ്ടാക്കാൻ ശ്രമിക്കുമെന്ന് മാത്രമാണ് പറഞ്ഞത്. ഈ രാജ്യത്തെ വികസനപ്രവർത്തനങ്ങളെപ്പറ്റി ഒരുനിമിഷം യാഥാർത്ഥ്യബോധത്തോടുകൂടി നമ്മുടെ ധനകാര്യമന്ത്രി ആലോചിക്കുകയാണെങ്കിൽ, എന്തെങ്കിലും ഒരു കാര്യത്തിൽ, ഒരു പ്രത്യേക കാര്യം ഞാൻ എടുത്തു പറയാൻ ആഗ്രഹിക്കുന്നില്ല. എന്തെങ്കിലും വികസന പ്രവർത്തനം നടക്കുന്നുവെന്ന് ആത്മാർത്ഥമായി പറയാൻ സാധിക്കുകയില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ മാസം 18-ാം തീയതി 336-ാം നമ്പറായി എഴുതിച്ചോദിച്ച ചോദ്യത്തിന് ധനകാര്യമന്ത്രി എഴുതിസമർപ്പിച്ച ഒരു മറുപടിയുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പു നടക്കുമ്പോഴും കേന്ദ്ര-സംസ്ഥാനബന്ധങ്ങൾ ഊന്നിപ്പറഞ്ഞുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്തെ വോട്ടർമാരെ സമീപിച്ചത്. അന്ന് കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള മെച്ചപ്പെട്ട ബന്ധത്തെക്കുറിച്ച് രേണുകക്ഷി വിശേഷിപ്പിക്കുകയുണ്ടായി. സർ, ഇന്ന് പലതരത്തിലുള്ള നികുതികളും പിരിക്കുന്നുണ്ട്. സംസ്ഥാനനികുതികളും ഉണ്ട്. കേന്ദ്രവും നികുതി ഈടാക്കുന്നുണ്ട്. കേന്ദ്രം എക്സൈസ് ഡ്യൂട്ടി ചുമത്തുന്നതുനിമിത്തം നമ്മുടെ സംസ്ഥാനത്തിന്റെ പൂളിൽ വരേണ്ട കോടിക്കണക്കിന് രൂപ കേന്ദ്രത്തിന്റെ പൂളിൽ പോയിക്കൊണ്ടിരിക്കുകയാണ്. അതു സംബന്ധിച്ച് കഴിഞ്ഞവർഷവും ഈ വർഷവും ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അതുമൂലം ഉണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനു നടപടി സ്വീകരിക്കുമെന്നാണ് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളത്. സർ, 336-ാം നമ്പർ ചോദ്യത്തിന് നമ്മുടെ ധനകാര്യമന്ത്രി എഴുതിവച്ച കണക്കനുസരിച്ച് ഇപ്പോൾ 1985-86 വരെ പഞ്ചസാര, പുകയില തുടങ്ങിയ സാധനങ്ങൾക്ക് അഡീഷണൽ എക്സൈസ് ഡ്യൂട്ടി കേന്ദ്രം ഈടാക്കിയതിൽവച്ച് 208 കോടിരൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. 12-ാം തീയതിയിലെ ചോദ്യത്തിന് സെയിൽസ് ടാക്സിനുപകരം സെൻട്രൽ എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിയതുമൂലം തേയില, ഏലം, തുടങ്ങിയ വാണിജ്യവിഭവങ്ങൾക്ക് ഉണ്ടായിട്ടുള്ള നഷ്ടത്തിന്റെ കണക്ക് ചോദിച്ചതിന് ധനകാര്യമന്ത്രി മനഃപ്പൂർവ്വം ഒഴിഞ്ഞുമാറിയിട്ട് അതിന്റെ വിവരം ശേഖരിച്ചുവരുന്നുവെന്ന് പറഞ്ഞു. ഈ "വിവരം ശേഖരിച്ചു വരുന്നു" എന്ന ഉത്തരം നൽകുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിപോലും മുൻകാലഘട്ടങ്ങളിൽ വളരെ പുച്ഛത്തോടുകൂടി സംസാരിച്ചിട്ടുണ്ട്. അങ്ങനെ പുച്ഛത്തോടുകൂടി നോക്കിക്കണ്ട ധനകാര്യമന്ത്രിതന്നെ ഇത്തവണ വിവരം ശേഖരിച്ചുവരുന്നുവെന്ന് പറഞ്ഞുവെങ്കിലും അർത്ഥശങ്കയ്ക്ക് ഇടകൊടാതെതന്നെ പറയുവാൻ കഴിയും ഇതുവരെ 300 കോടിയിലധികം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന്. ഇത് ഈടാക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുത്തുവോ എന്നുള്ള ചോദ്യത്തിന്, നഷ്ടം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിന് കത്ത് അയച്ചിട്ടുണ്ടെന്ന് പറഞ്ഞു. കേന്ദ്രത്തിലേയ്ക്ക് കത്ത് അയച്ചിട്ട് ഇവിടെ ഇരുന്നാൽ നാളിതുവരെ ഉണ്ടായിട്ടുള്ള 500 കോടി രൂപയുടെ നഷ്ടത്തിന് പരിഹാരം കണ്ടെത്താൻ സാധിക്കുമോ എന്ന് ആലോചിക്കുവാൻ ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റ് അവതരണത്തിലൂടെ കൊണ്ടുവന്നിട്ടുള്ള അധിക നികുതികൾക്ക് വേണ്ടിയാണ് ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. ഈ ഭേദഗതി അവതരിപ്പിക്കാതെ ഇതുവരെ കേന്ദ്രം സംസ്ഥാനത്തിന് ഉണ്ടാക്കിയിട്ടുള്ള നഷ്ടങ്ങൾ കൃത്യമായിട്ട് ഈടാക്കുവാനുള്ള തന്റേടം നമ്മുടെ ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിനും ബന്ധപ്പെട്ട മന്ത്രിയ്ക്കും ഉണ്ടായാൽ തീർച്ചയായിട്ടും ഈ രാജ്യത്തെ കഷ്ടതയിൽനിന്ന് കഷ്ടതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കാതെ അതിന് പരിഹാരം കണ്ടെത്താൻ സാധിക്കും. അധികവിഭവസമാഹരണം നികുതി അടിച്ചേൽപ്പിക്കാതെ വർദ്ധിപ്പിക്കാൻ സാധിക്കും. എന്നാൽ അതിനൊന്നിനും മിനക്കെടാതെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ രീതിയിൽ നികുതി ചുമത്തിയാൽ സാധാരണജനങ്ങൾക്കു കൂടുതൽ ബുദ്ധിമുട്ടുണ്ടാകും. ഈ രാജ്യത്ത് മദ്യദുരന്തങ്ങളും അതുപോലുള്ള കാര്യങ്ങളും, ദിവസംപ്രതി വർദ്ധിച്ചുവരുന്നു. മദ്യവ്യവസായവും കച്ചവടവും ഒന്ന് നിർത്തണം. അങ്ങനെ നിർത്തുകയാണെങ്കിൽ കേന്ദ്രത്തിൽ നിന്ന് ആവശ്യമായ വിഹിതം തരാമെന്ന് പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ അങ്ങനെയൊരു കാര്യം ചെയ്യുന്നതിന് നമ്മുടെ ധനകാര്യമന്ത്രി മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ മുഖ്യമന്ത്രിതന്നെ ശ്രീ. മൻമഥൻ സാറിന്റെ നേതൃത്വത്തിലുള്ള മദ്യവിരുദ്ധ ജാഥയ്ക്കൊക്കെ അനുഗ്രഹങ്ങളും നൽകിയിരിക്കുന്ന ഈ സന്ദർഭത്തിലെങ്കിലും ഈ രാജ്യത്തുള്ള ചെറുപ്പക്കാരെ മുഴുവൻ സാമൂഹ്യവിരുദ്ധരായും സംസ്കാരഹീനരായും മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് അതിനുവേണ്ടി നടപടി എടുക്കണമെന്നും, ഈ അധിക നികുതി ഭേഗതി ബിൽ പിൻവലിക്കണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെട്ടുകൊണ്ടും ഞാൻ നിറുത്തുന്നു.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: സർ, ഞാൻ ഈ ധനകാര്യബില്ലിനെ അനുകൂലിക്കുകയാണ്. ഗവൺമെന്റ് ധനം സ്വരൂപിക്കുന്ന അവസരത്തിൽ, ഓരോ നിയോജകമണ്ഡലങ്ങൾക്കും പണം പങ്ക് വയ്ക്കുന്ന സാഹചര്യത്തിൽ വിവേചനം കാണിക്കുന്നുണ്ട്. നമ്മുടെ ഇപ്പോഴത്തെ ധനകാര്യമന്ത്രി വിവേചനം കാണിച്ചുവെന്നല്ല ഞാൻ പറയുന്നത്. അദ്ദേഹം ഇപ്പോൾ അധികാരത്തിൽ വന്നിട്ട് കുറച്ചുദിവസങ്ങളേ ആയിട്ടുള്ളൂ. പലപ്പോഴും റോഡിന്റെ കാര്യത്തിലായാലും പാലത്തിന്റെ കാര്യത്തിലായാലും സ്കൂളിന്റെ കാര്യത്തിലായാലും ആശുപത്രിയുടെ കാര്യത്തിലായാലും ഇലക്ട്രിസിറ്റിയുടെ കാര്യത്തിലായാലും വാഹനങ്ങളുടെയും മറ്റും കാര്യത്തിലായാലും വിവേചനം കാണിക്കുന്നുവെന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല. എന്റെ നിയോജകമണ്ഡലത്തിൽ ഒരു താലൂക്ക് പുതിയതായി ഉണ്ടാക്കിയിട്ട് രണ്ടുവർഷം കഴിഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ബഡ്ജറ്റ് എടുത്തു നോക്കിയാലറിയാം രണ്ടുവർഷമായി ആ താലൂക്കിന്റെ ആസ്ഥാനത്ത് ഒരു ഡിസ്പെൻസറി പ്രവർത്തിക്കുന്നുവെന്ന് പറയുന്നത് നമ്മുടെ സംസ്ഥാനത്തിന് തന്നെ അപമാനകരമാണ്, ഗവൺമെന്റിന് അപമാനകരമാണ്. അവിടത്തെ ആ ഡിസ്പെൻസറി ഒരു താലൂക്ക് ആശുപത്രിയാക്കി ഉയർത്തണം. അതിന് ആ നിയോജകമണ്ഡലത്തിലെ എം. എൽ. എ. യുടെ നിവേദനമോ നിയമസഭയിലെ പ്രസംഗമോ ഒന്നും ആവശ്യമില്ല. അല്ലാതെതന്നെ അത് ചെയ്യേണ്ട കാര്യമാണ്. പണം പങ്ക് വയ്ക്കുന്ന സാഹചര്യത്തിൽ ഇവയൊക്കെ വിട്ടുകളയുന്ന ഒരു സ്വഭാവമുണ്ട്. അതുപോലെതന്നെ അവിടെ ഒരു മജിസ്ട്രേറ്റു കോടതി കൂടാതെ പുതുതായി ഉണ്ടാക്കിയിട്ടുള്ള താലൂക്ക് ആസ്ഥാനത്ത് വരുന്ന പല കാര്യങ്ങളുമുണ്ട്. ഞാൻ ഈ സന്ദർഭത്തിൽ പ്രത്യേകം എടുത്തു പറയുന്നത് എന്റെ നിയോജകമണ്ഡലത്തിലെ ഒരു പാലത്തിന്റെ കാര്യമാണ്. അതിന് ആവശ്യമുള്ള പണം കണ്ടെത്താൻ ഇവിടെ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്ക് കഴിയുന്നില്ല. ധനകാര്യമന്ത്രി ഇക്കാര്യത്തിൽ യാതൊരു താൽപ്പര്യവും

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുന്നില്ല. അതുപോലെതന്നെ ഞാൻ നേരത്തേ സൂചിപ്പിച്ച കാര്യങ്ങളെല്ലാം അവഗണിക്കുന്നു. വലിയ അവഗണന അധികാരമി ല്ലാത്ത ആളുകളോടു കാണിക്കുന്നു. ഭരണപക്ഷത്തായാലും പ്രതിപക്ഷ ത്തായാലും മന്ത്രിസ്ഥാനമോ അതുപോലുള്ള മറ്റ് അധികാരസ്ഥാനമോ ഇല്ലാത്ത ആളുകൾക്ക് എന്തെല്ലാം വിഷമങ്ങളുണ്ടോ അങ്ങനെയുള്ള വിഷമ ത്തിലാണ് ഞങ്ങളെല്ലാം കഴിയുന്നത്. ഇപ്പോഴും ട്രാൻസ്പോർട്ട് ഓടണ മെങ്കിൽ ട്രാൻസ്പോർട്ട് മന്ത്രി വരണം. അതുപോലെതന്നെ ധനകാര്യ സ്ഥാപനങ്ങളും നടക്കണമെങ്കിൽ ധനകാര്യമന്ത്രി വരണം. ബഹുമാന പ്പെട്ട ധനകാര്യമന്ത്രി ഇപ്പോഴും ചാർജ്ജ് എടുത്തതേയുള്ളൂ. ഞാൻ അദ്ദേ ഹത്തെപ്പറ്റിയല്ല പറയുന്നത്. ഇവിടെ ആര് അധികാരത്തിൽ വരുന്നുവോ, അല്ലെങ്കിൽ ആര് ആ വകുപ്പ് കൈകാര്യം ചെയ്യുന്നുവോ അവരുടെ നിയോജകമണ്ഡലങ്ങളുമാത്രം ശ്രദ്ധിക്കുകയും അങ്ങനെയുള്ള അധി കാരമില്ലാത്ത ആളുകൾക്ക് റോഡിലിറങ്ങി നടക്കാൻ കഴിയാതെ വിഷമി ക്കുകയുമാണ്. എത്ര നിവേദനങ്ങളും നടത്തിയാലും യാതൊരു പ്രയോ ജനവുമില്ല. നമ്മുടെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രിയുടെ കാര്യംതന്നെ പറയാം. അദ്ദേഹത്തിന് ഏത് നിവേദനം കൊടുത്താലും അദ്ദേഹം അത് വാങ്ങിച്ച് ഭദ്രമായിട്ട് വയ്ക്കും. എന്നാൽ ഒരു വാക്കോ, മറുപടിയോ തരില്ല. ഇത്തരം കാര്യങ്ങളെക്കുറിച്ച് പറയാതിരിക്കുവാൻ യാതൊരു നിവൃത്തിയില്ലാത്തതുകൊണ്ടാണ് പറയുന്നത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇപ്പോഴും പ്രതിപക്ഷത്തിന് വേണ്ടിയാണോ പറയുന്നത്?

ശ്രീ. കോട്ടക്കുഴി സുകുമാരൻ: ഞാൻ ആരേയും കുറ്റപ്പെടുത്തി പറയുന്നതല്ല. പറയാനുള്ള കാര്യങ്ങൾ പറയാതിരുന്നാൽ ഉണ്ടാകുന്ന വിഷമം കൊണ്ടാണ് പറയുന്നത്. ഇന്നലെ ബഹുമാനപ്പെട്ട പി. സി. തോമസ്, എം. എൽ. എ. ഇവിടെ പ്രസംഗിച്ചു. അദ്ദേഹത്തിന്റെ പ്രസംഗം വെറുമൊരു ചടങ്ങ് പ്രസംഗമല്ല. അദ്ദേഹത്തിന്റെ നിയോ ജകണ്ഡലത്തിലെ ആവശ്യങ്ങളെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്, അതുപോലെ ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ കാര്യങ്ങൾ വളരെ കാര്യമായി പറഞ്ഞുവെന്നുമാത്രമേയുള്ളൂ. അതുകൊണ്ട് വിവേചനം ഇല്ലാതെ കാര്യങ്ങൾ നടക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. വി. ദിനകരൻ: സർ, ഒരു മാന്ത്രികനെപ്പോലെ കേരളത്തിലെ സഹകരണപ്രസ്ഥാനത്തെ കഴിവുറ്റതാക്കിത്തീർത്ത ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ച ഈ ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ ബഡ്ജറ്റ് മിച്ച ബഡ്ജറാണോ കമ്മി ബഡ്ജറാണോയെന്ന് പല സംശയങ്ങളും വന്നു. ശ്രീ. തച്ചടി പ്രഭാകരൻ ധനകാര്യവകുപ്പു മന്ത്രിയായതിനുശേഷം ഈ സഭയിൽത്തന്നെ സംശയത്തിനതീതമായി പ്രസ്താവന ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അതിലേക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ വിവേചനമാണ് പ്രശ്നം. ശ്രീ. തച്ചടി പ്രഭാകരൻ ധനകാര്യവകുപ്പു മന്ത്രിയായതിനുശേഷം ചില പ്രഖ്യാപനങ്ങൾ വന്നു. ഈ രാജ്യത്തെ കാർഷികാദായ നികുതി ഒരു സമയബന്ധിത പരി പാടിയായിട്ട് വീട്ടുവീഴ്ചകൂടാതെ പിരിച്ചെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു. നൂറുകോടി രൂപയുടെ മിച്ചമുണ്ടാകുമെന്നും പറഞ്ഞു. മുമ്പ് നമ്മൾ പറഞ്ഞിരുന്നത് കാർഷികാദായനികുതി കാര്യമായി പിരിച്ചെടുക്കാ ത്തതുകൊണ്ടാണ് കാര്യമായ വരുമാനമുണ്ടാക്കാൻ സാധിക്കാത്തതെന്നാണ്,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ പറയുന്നത് വിട്ടുവീഴ്ചയ്ക്കതീതമായി നിന്ന് കൊണ്ട് ഈ കാർഷികാദായനികുതി പിരിച്ചെടുക്കുമെന്നാണ്. അത് പോലെതന്നെ ചെക്ക്പോസ്റ്റുകളിലെ ചെക്കിംഗിന്റെ കാര്യത്തിൽ വളരെയധികം അഴിമതിയുണ്ടായിരുന്നു. ഇന്നത് മാറ്റിയെടുത്ത് ചെക്ക് പോസ്റ്റിലെചെക്കിംഗ് കർശനമാക്കുമെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. കൂടാതെ നമുക്ക് അറിയാം സെയിൽസ്ടാക്സിന്റെ കാര്യത്തിൽ രണ്ടുതരം കണക്കുകളാണ് സൂക്ഷിക്കുന്നത്. ആ രണ്ടുതരം കള്ളക്കണക്കുകളും ഒഴിവാക്കാനുള്ള നടപടികളും സ്വീകരിക്കുമെന്നു പറഞ്ഞു. ഈ മൂന്നു കാര്യങ്ങളും ചെയ്തുകഴിഞ്ഞാൽ പുതിയ നികുതിയുമായി കേരളത്തിലെ ജനങ്ങളുടെ മുന്നിലേക്ക് പോകേണ്ടയാവശ്യമില്ല. നൂറുകോടി രൂപയല്ല നൂറമ്പതുകോടി രൂപയുടെ ലാഭമുണ്ടാക്കാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ഒരു സമാന്തര സമ്പദ്ഘടനയുണ്ട്. ഞാൻ ബ്ലേഡു കമ്പനികളെക്കുറിച്ച് ഒരുകാര്യം പറയാം. ഇതുവരെയുള്ളവരെല്ലാം തന്നെ ബ്ലേഡ് കമ്പനിക്കാർക്ക് ഓശാനപാടിയവരായിരുന്നുവെങ്കിൽ ഇന്ന് അവർക്കെതിരായി ഖഡ്ഗവുമായി നിൽക്കുന്ന ശ്രീ. തച്ചടി പ്രഭാകരനെന്ന ധനകാര്യ വകുപ്പുമന്ത്രിയെയാണ് കേരളത്തിലെ ജനങ്ങൾ കാണുന്നത്. ആ സമാന്തരസമ്പദ്ഘടനയെ തച്ചുടയ്ക്കുവാൻ ഉള്ള തച്ചടിയുടെ എല്ലാ പരിപാടികൾക്കും ഞങ്ങളുടെ പൂർണ്ണ പിൻതുണയുണ്ടാകുമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ഒരു കാര്യംകൂടി ഞാൻ പറയാനാഗ്രഹിക്കുകയാണ്. വികസന പ്രവർത്തനങ്ങൾക്ക് സന്തുലിതാവസ്ഥയുണ്ടാകണം. ഇന്നേവരെയുള്ള കേരളചരിത്രം നോക്കിയാൽ കേരളത്തിന്റെ ഭൂപടത്തിൽ വികസനപ്രവർത്തനത്തിന്റെ കാര്യത്തിൽ ചില പ്രദേശങ്ങൾ കാണുന്നില്ല. ശ്രീ. തച്ചടിയോട് എനിക്ക് പറയാനുള്ളത്, കേരളത്തിന്റെ വികസന പ്രവർത്തനത്തിൽ, വികസനപരമായി എത്തിനോക്കിയിട്ടില്ലാത്ത പ്രദേശങ്ങളിലേക്ക് വികസനപ്രവർത്തനമെത്തിക്കുവാൻ ഈ കിട്ടിയിരിക്കുന്ന അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്നാണ്.

ചില പ്രശ്നങ്ങൾ നമുക്കറിയാം. മന്നൻമാരുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ പറയുകയാണ്. ശ്രീ. തച്ചടിക്കറിയാം, രണ്ടുകാലിലും മലപോലെ മന്തുള്ള മന്നൻമാരുടെ നേതാവായ ബഞ്ചമിൻ സാർ ഈ സെക്രട്ടേറിയറ്റിൽ കയറിയിറങ്ങുകയാണ്. വികലാംഗർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ അവർക്കും കൊടുക്കണമെന്ന് അവർ ആവശ്യപ്പെടുകയാണ്. ശ്രീ. തച്ചടിയും ഞാനും അനുകൂലമായ തീരുമാനങ്ങളെടുക്കാമെന്ന് അവരോട് പറഞ്ഞിട്ടുള്ളതാണ്. അവരുടെ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ ശ്രീ. തച്ചടി മാനുഷികമായ ദയവു കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ കേരളത്തിൽ ഏകദേശം അൻപതായിരത്തോളം ബാർബർ തൊഴിലാളികളുണ്ട്. ആ തൊഴിലാളികളുമായി ഒരു ചർച്ച നടത്തിയതാണ്. ആ ചർച്ചയിൽ പറഞ്ഞ കാര്യങ്ങൾ പോലും നടപ്പിലാക്കിയിട്ടില്ല. ബാർബർമാരെ തൊഴിലാളികളായി അംഗീകരിക്കുക, അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക, ജയിലിലും പോലീസിലും മാറുമൊക്കെയുണ്ടാകുന്ന നിയമനങ്ങളിൽ സ്ഥിരമായി അവരെ നിയമിക്കുക എന്നീ ആവശ്യങ്ങൾ അവർ ഉന്നയിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളിലേക്ക് ശ്രദ്ധ പതിപ്പിക്കണമെന്ന് പറയുകയാണ്. സർ, തയ്യൽത്തൊഴിലാളികളും ഇന്ന് ഈ സെക്രട്ടേറിയറ്റിനുമുമ്പിൽ സത്യാഗ്രഹം നടത്തുകയാണ്. അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തു

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ഉദാരമായ സമീപനമുണ്ടാകണം. കയർത്തൊഴിലാളികളുടെ കയറുൽപ്പന്നങ്ങൾക്ക് സെയിൽസ്ടാക്സ് ഒഴിവാക്കിയ ശ്രീ. തച്ചടിയോട് എനിക്ക് ഒരു അഭ്യർത്ഥനയാണുള്ളത്. പാവപ്പെട്ട മൽസ്യത്തൊഴിലാളികളും വാങ്ങുന്ന ഔട്ട്ബോർഡ് എഞ്ചിനു സെയിൽസ്ടാക്സ് ഈടാക്കുന്നുണ്ട്. ആ സെയിൽസ്ടാക്സ് ഒഴിവാക്കിക്കൊടുത്താൽ അയ്യായിരമോ ആറായിരമോ എഞ്ചിൻ വാങ്ങുന്ന കാര്യത്തിൽ ഒരു ചെറിയ നഷ്ടമാണ് വരാൻ പോകുന്നത്. ആ നഷ്ടംകൂടി സഹിക്കാൻ ഉള്ള സൗമനസ്യം ശ്രീ. തച്ചടിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

ആലപ്പുഴ മെഡിക്കൽകോളേജ് ഇപ്പോഴും വളരെ ശോചനീയാവസ്ഥയിലാണ്. രണ്ടുകോടി രൂപ ആലപ്പുഴ മെഡിക്കൽകോളേജിനു വേണ്ടി പ്രത്യേകമായി അനുവദിക്കാൻ നടപടി സ്വീകരിക്കണം.

അതുപോലെ കപ്പലടുക്കാത്ത തുറമുഖമാണ് ആലപ്പുഴ തുറമുഖം. ശ്രീ. തച്ചടിയെപ്പോലുള്ളവർ ധനകാര്യമന്ത്രിയായിരിക്കുമ്പോഴും ആലപ്പുഴ തുറമുഖത്തിൽ കപ്പലടുക്കുന്നില്ലെന്നു പറഞ്ഞാൽ അത് ക്ഷന്തവ്യമല്ല, ലജ്ജാകരമാണ്. ആലപ്പുഴ തുറമുഖം വികസിപ്പിക്കാൻ, കൊച്ചിയുടെ ഒരു ഉപതുറമുഖമാക്കി മാറ്റാൻ ശ്രീ. തച്ചടി മുൻകൈയെടുക്കണം. അതുപോലെ ആലപ്പുഴ സ്കൂട്ടർ ഫാക്ടറി എന്റെ നിയോജകമണ്ഡലത്തിലാണ്. ശ്രീ. തച്ചടി പ്രഭാകരൻ ധനകാര്യമന്ത്രിയായതിനുശേഷം പത്തു ലക്ഷം രൂപ കൊടുക്കാമെന്നു പറഞ്ഞു. അപ്പോഴും ഡയറക്ടർ പറഞ്ഞത്; ഐ. ഡി. ബി. ഐ. ക്ക് ലോൺ ഇനത്തിൽ പതിനഞ്ച് ലക്ഷം രൂപ അങ്ങോട്ട് കൊടുക്കാനുണ്ട്, ബാക്കി അഞ്ചു ലക്ഷം രൂപകൂടി തിരിച്ചുകൊടുക്കണമെന്നാണ്. ആ ഡയറക്ടറുടെ ഉത്തരവ് റദ്ദുചെയ്ത് പത്തുലക്ഷം രൂപയെന്നുള്ളത് ഒരുകോടി രൂപയാക്കി വർദ്ധിപ്പിക്കാൻ വേണ്ട നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം എന്നാണീയവസരത്തിൽ എനിക്ക് പറയാനുള്ളത്. ആലപ്പുഴ, ചങ്ങനാശ്ശേരി പാലത്തിന്റെ കാര്യത്തിൽ ശ്രീ. തച്ചടി ഒരു നിർദ്ദേശമുന്നയിക്കുകയുണ്ടായി, വരുന്ന മാർച്ചിനുമുമ്പ് പാലംപണി പൂർത്തീകരിക്കുമെന്ന്. ശ്രീമതി ഗൗരിയമ്മയുടെ പാർട്ടിയടക്കമുള്ളവർ അത് പൂർത്തീകരിക്കുകയില്ല എന്നു പറഞ്ഞുകൊണ്ട് എതിർക്കാനുള്ള നടപടികളുമായി മുന്നോട്ടു വന്നിരിക്കുകയാണ്. ആലപ്പുഴക്കാർ പൂർണ്ണമായി സഹകരിക്കും, ധൈര്യമായി ആ പാലത്തിന്റെ പണി പൂർത്തീകരിക്കുവാനുള്ള നടപടിയുമായി മുന്നോട്ടുപോകണമെന്ന് ഈ അവസരത്തിൽ പറയുകയാണ്. ഞാൻ ആ കോൺഫറൻസിൽ പങ്കെടുത്തതാണ്. സി. ഐ. ടി. യു. ഒഴികെ ബാക്കിയെല്ലാ യൂണിയനുകളും അതിനെ അനുകൂലിച്ചിരുന്നു. സി ഐ. ടി. യു. മാത്രമാണ് അതിനെ എതിർത്തത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ആലപ്പുഴ, ചങ്ങനാശ്ശേരി റോഡിലെ പാലങ്ങളുടെ പണി പരാജയപ്പെടുത്തുമെന്നു പറഞ്ഞുകൊണ്ട് പ്രതിപക്ഷം മുന്നോട്ടു വന്നിരിക്കുകയാണ് എന്ന മെമ്പറുടെ പ്രസ്താവന സത്യവിരുദ്ധമാണ്, ഇത്തരം സത്യവിരുദ്ധമായ പ്രസ്താവന നടത്തുന്നത് ഓർഡറിലാണോ?

ശ്രീ. വി. ദിനകരൻ: ആലപ്പുഴയിലെ ആ കോൺഫറൻസിൽ ഞാനും പങ്കെടുത്തതാണ്. എ. ഐ. ടി. യു. സി. ക്കാരെയോ യു. ടി. യു. സി. ക്കാരെയോ ഞാൻ കുറ്റം പറയുന്നില്ല. സി. ഐ. ടി. യു. മാത്രമാണ് ആ കോൺഫറൻസ് ബഹിഷ്കരിച്ചുകൊണ്ട് അത് നടത്താതിരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി; ശ്രീ. തച്ചടിയുടെ പ്രഖ്യാപനം പരാജയപ്പെടുത്താൻവേണ്ടി മുന്നാട്ടു വന്നിരിക്കുന്നത്. ആലപ്പുഴക്കാരുടെ ശാപമായിത്തീർന്നിരിക്കുന്ന ആ പാലം പുനരുജ്ജീവിപ്പിക്കാനുള്ള നടപടികളുമായി മുന്നോട്ടു വരണം. ജനവികാരം മാനിച്ച് സാമാന്യമര്യാദയെങ്കിലും ശ്രീമതി ഗൗരിയമ്മ നയിക്കുന്ന പാർട്ടി കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ധനകാര്യബില്ലിനെ ഒരിക്കൽകൂടി ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ധനകാര്യബില്ലിനെ എതിർക്കുകയാണ്. ഈ ധനകാര്യ ബിൽ അവതരിപ്പിക്കാൻ ശ്രീ. തച്ചടിക്ക് ധാർമ്മികാവകാശമില്ല. കാരണം മുഖ്യമന്ത്രി ശ്രീ. മാണിയിൽ അവിശ്വാസം രേഖപ്പെടുത്തി മറിച്ചിട്ടിട്ടാണ് ശ്രീ. തച്ചടിയെ കയ്യറിയത്. ഒരു ബാങ്കർ എന്നുള്ള നിലയിൽ അദ്ദേഹം യോഗ്യനാണ്. ഇവിടെ ഒരു മുന്നണിയും സർക്കാരുമില്ല. പരസ്പരം പോക്കറടിയാണ് നടത്തുന്നത്. വിൽപ്പനനികുതിയിലുള്ള അന്തരംമൂലം നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെല്ലാം അയൽ സംസ്ഥാനങ്ങളിലേക്ക് പോവുകയാണ്. ഇവിടെ വിഭവ സംഹരണമാണ് നടത്തുന്നത്. വിൽപ്പന നികുതിയുദ്യോഗസ്ഥൻമാർ മുഖേനയുള്ള ഫണ്ട് പിരിവ് ഈ വൈകിയ വേളയിലെങ്കിലും നിറുത്തലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മദ്യ രാജാക്കൻമാർക്കും കായൽ രാജാക്കൻമാർക്കും തോട്ടമുടമകൾക്കും സ്വർണ്ണ വ്യാപാരികൾക്കും കോടിക്കണക്കിന് രൂപയുടെ നികുതിയിളവ് അനുവദിച്ചുകൊണ്ടിരിക്കുകയാണ്. കള്ളക്കടത്തും നികുതിവെട്ടിപ്പും കരിഞ്ചന്തയും തടഞ്ഞാൽ മാത്രംമതി നമ്മുടെ ഖജനാവ് സമ്പന്നമാക്കാൻ സാധിക്കും. പാവപ്പെട്ടവരുടെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്ന നടപടി അവസാനിപ്പിക്കണം. ഭരണബഞ്ചുകളിൽ കാണുന്ന ആ ശൂന്യതയാണ് ഇന്ന് നമ്മുടെ ഖജനാവിലും കാണുന്നത്.

ശ്രീ. കെ. കെ. തോമസ്: സർ, ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ സാമ്പത്തികവർഷം അധികവിഭവസമാഹരണം നടത്തുന്നതിനുവേണ്ടി ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുള്ള ചില വിഷയങ്ങൾ ഞാൻ പരിശോധിച്ചു. ഇവിടെ നികുതി വർദ്ധിപ്പിച്ചുകൊണ്ട് രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാമെന്നുള്ള വിചാരം ഗവൺമെന്റിന് ഇല്ലെന്ന് തെളിഞ്ഞിരിക്കുകയാണ്. ഇന്നുവരെയും പിരിഞ്ഞുകിട്ടാനുള്ള നികുതി കൂടിശ്ശിക പരമാവധി പിരിച്ചെടുക്കുമെന്ന് പുതിയ ധനകാര്യവകുപ്പു മന്ത്രി ഫൈനാൻഷ്യൽ സ്റ്റേറ്റുമെന്റിൽ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. മൊത്തം 27.90 കോടി രൂപ അധികവിഭവസമാഹരണമായി ഈ വർഷമുണ്ടാകുമെന്നാണ് പറയുന്നത്. അതിൽ ഒന്നാമത്തേത് സ്റ്റാമ്പ് ഡ്യൂട്ടിയാണ്. സ്റ്റാമ്പ് നിയമം ഭേഗതി വരുത്തി നിയമനിർമ്മാണം നടത്തി ആ നിയമത്തിൽകൂടി ഇന്ന് വസ്തുക്കളുടെ വില കുറച്ചു കാണിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കും. ഒരു ലക്ഷം രൂപ വിലയുള്ള വസ്തുവിന്റെ ആധാരത്തിൽ ഇരുപതിനായിരം രൂപ വില കാണിച്ച് സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്നും രജിസ്ട്രേഷനിൽനിന്നും രക്ഷപ്പെടുന്ന സമ്പ്രദായം ഒഴിവാക്കുന്നതിന് നിയമനിർമ്മാണം ആവശ്യമാണ്. അതിനുവേണ്ടി നിയോഗിച്ച കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു. ആ ഇനത്തിൽ 50 കോടി രൂപ കമ്മീഷൻ ശുപാർശ ചെയ്യുന്നുണ്ട്. ഇവിടെ ബഡ്ജറ്റിൽ പറഞ്ഞതും ഈ വർഷം 20 കോടി രൂപ അതിൽനിന്നും പ്രതീക്ഷിക്കുന്നു എന്നാണ്. ഞാൻ ധനകാര്യമന്ത്രിയോട് ചോദിക്കുന്നു, നിയമനിർമ്മാണം നടത്താതെ എങ്ങനെയാണ് 20 കോടി രൂപ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നത്? എന്റെ ഒരു സംശയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: മുൻമന്ത്രി ശ്രീ. ശ്രീനിവാസൻ ലക്ഷക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പ് നടത്തിയതായിട്ട് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. കെ. തോമസ്: അത്തരം കാര്യങ്ങളെപ്പറ്റി കൂടുതലായി അന്വേഷിക്കാറില്ല. ഈ 20 കോടി രൂപ എങ്ങനെ ഉണ്ടാകുമെന്നുള്ള എന്റെ സംശയം അങ്ങേക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. അതുപോലെ ലോട്ടറി വിൽപ്പന നികുതിയും എടുത്തു കളഞ്ഞിരിക്കുകയാണ്. ഇവിടെ ഏർപ്പെടുത്തിയിരിക്കുന്ന നികുതി സുഖഭോഗ സാധനങ്ങളിൽ നിന്നാണ്. പാവപ്പെട്ട ജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും അധിക വിവേ സമാഹരണത്തിനുവേണ്ടിയുള്ള നികുതിപരിവിൽ നിന്നും ഉണ്ടാകുന്നില്ല. പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുകയും അതോടൊപ്പം സസൂക്ഷ്മം ഇന്നു നടക്കുന്ന നികുതി വെട്ടിപ്പുകൾ കണ്ടുപിടിച്ച് ആ നികുതികൾ മുഴുവനും വരുമാനമാക്കി മാറ്റുന്നതിനും ഗവൺമെന്റിന് കഴിയുമെങ്കിൽ വലിയ തുക, ഇവിടത്തെ വികസന പ്രവർത്തനങ്ങൾ എല്ലാം നടത്താനുള്ള തുക, വർഷം തോറും സുഗമമായി നടത്തിക്കൊണ്ടുപോകാനുള്ള തുക ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. പുതിയ ധനകാര്യമന്ത്രിക്ക് അത് കഴിയുമെന്നാണ് എന്റെ വിശ്വാസം. ബ്ലേഡ് കമ്പനികളെ നിരോധിക്കുമെന്നുള്ള അദ്ദേഹത്തിന്റെ ധീരമായ പ്രഖ്യാപനത്തെ ഞാൻ അഭിനന്ദിക്കുന്നു. ഇന്ന് പട്ടണങ്ങളിൽ എവിടെ നോക്കിയാലും ഫിനാൻസ് കമ്പനികളുടെ ആകർഷണീയമായ പരസ്യങ്ങൾ കാണാം. 30 ശതമാനം പലിശ കിട്ടുമെന്ന് ഏതു പത്രങ്ങളിൽ നോക്കിയാലും കാണാം. ഫിനാൻസേഴ്സിന്റെ മാനേജർമാർ ഔദാര്യമായി സംഭാവന ചെയ്യുന്നുവെന്ന് കാണാം. ഏവള്ളപ്പൊക്ക ദുരിത നിവാരണ ഫണ്ടിലേക്കുള്ള സംഭാവന, തീപിടുത്ത ദുരിത നിവാരണ ഫണ്ടിലേക്കുള്ള സംഭാവന, കുട്ടികൾക്ക് സ്കോളർഷിപ്പുകൾ, ഏവിടെയും സംഭാവന നൽകുന്ന ഫോട്ടോകൾ പ്രദർശിപ്പിച്ചുകൊണ്ട് അഭിനവ ഉദാരമതികൾ നിൽക്കുന്ന കാഴ്ച നമുക്ക് കാണാൻ സാധിക്കും. അതിന് താഴെനോക്കിയാൽ 30–35 ശതമാനം പലിശ എന്നുള്ളതും കാണാറുണ്ട്. എന്തായാലും പട്ടണങ്ങളിലെ ബ്ലേഡ് കമ്പനികളെ നിയന്ത്രിക്കുന്നതിന് അങ്ങ് എടുത്തിരിക്കുന്ന തീരുമാനം ഗ്രാമത്തലങ്ങളിൽക്കൂടി നടപ്പിലാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. പട്ടണങ്ങളിൽ ഫിനാൻസേഴ്സ് എന്ന് അറിയപ്പെടുന്ന ഈ സ്ഥാപനങ്ങൾ ഗ്രാമങ്ങളിൽ കൂടി ബാങ്കുകൾ എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. എവിടെയും കൂടി ബാങ്കുകളുടെ ബോർഡുകൾ കാണാം. സാധാരണ ജനങ്ങളുടെ സാമ്പാദ്യം ഒരു പവന്റെ മാല അല്ലെങ്കിൽ രണ്ടു പവന്റെ മാലയാണ്. ഇതൊക്കെ സ്വന്തമായി ഒരു കുടുംബത്തിലുള്ളതാണ്. എന്തെങ്കിലും അത്യാവശ്യം വന്ന് ഒരു തൊഴിലാളിക്ക് അല്ലെങ്കിൽ ഒരു കൃഷിക്കാരന് തക്കതായ ആവശ്യം വന്നിരുന്നാൽ നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ ഈ മാലയും കൊണ്ടു നടന്നിരുന്നാൽ സ്വർണ്ണ പണയത്തിൻമേൽ വായ്പ കൊടുക്കാൻ ഒരു സ്ഥാപനവുമില്ല. വലിയ ബാങ്കുകളിൽ കയറിച്ചെന്നാൽ ആ പണയം സ്വീകരിക്കുന്നില്ല. ആ പണയം സ്വീകരിക്കാൻ അവർക്ക് അനുമതിയില്ല. എന്തൊക്കെയോ കാരണങ്ങൾ പറഞ്ഞ് അവർ തള്ളിവിടുകയാണ്. നമ്മുടെ സർവ്വീസ് സഹകരണബാങ്കുകൾക്ക് അതിന് പ്രാപ്തിയുമില്ല. അതിന്റെ ഫലമായിട്ട് എന്തു ചെയ്യുന്നു? കുടിബാങ്കുകളുടെ ബോർഡ് വച്ചിട്ടുണ്ട്. "സ്വർണ്ണ പണയത്തിൻമേൽ പണം കൂടാ കൊടുക്കപ്പെടും" എന്നു പറയുന്ന ബാങ്കുകളിൽ ഒരു പവനും രണ്ടു പവനും പണയം വയ്ക്കാൻ ചെന്നാൽ അത് കുടിബാങ്കുകൾ എടുക്കും; പറയുന്ന പണി കൊടുക്കും. അതോടൊപ്പം തന്നെ അങ്ങനെ എടുക്കുന്ന പലരുടെയും

LIBRARY ARCHIVES Kerala Legislative Assembly

പണയം കൊണ്ടുവന്ന് പട്ടണങ്ങളിലുള്ള ഫിനാൻസിയേഴ്സിനെ സമീപിച്ചാൽ അവർ ആവശ്യത്തിനുള്ള തുക കൊടുക്കും. 4—മാസം 5 മാസമൊക്കെ കഴിയുമ്പോഴേ ഈ പണയം എടുക്കുന്നതിനുവേണ്ടി ചെന്നിരുന്നാൽ ആളിനെ കാണാതെ വരും. പത്തും അൻപതും ഇരുനൂറും പവനുമായി മുങ്ങിക്കളയുന്ന എത്രയോ കുടിബാങ്കുകാരുടെ കഥ പറയാൻ എനിക്ക് സാധിക്കും. ഇതൊക്കെ അങ്ങയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്; ഈ സഭയ്ക്കും ബോദ്ധ്യപ്പെട്ടിട്ടുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. ഇതിന് പരിഹാരം ഉണ്ടാകണം. അതിന് ഗവൺമെന്റ്തന്നെ മുൻകൈ എടുക്കണം. ധനകാര്യമന്ത്രി അതിന്റെ ബുദ്ധിമുട്ടുകളൊക്കെ മനസ്സിലാക്കിക്കൊണ്ട് സഹകരണമേഖലയിൽക്കൂടി പ്രൈമറി ബാങ്കുകളെ അതിന് പ്രേരിപ്പിക്കുമെന്ന് പറഞ്ഞു. പ്രൈമറി ബാങ്കുകളെ ഇതിന് പ്രേരിപ്പിക്കണമെങ്കിൽ ഇതിന് ആവശ്യമുള്ള പണം എവിടെനിന്ന് കൊടുക്കും? എന്തായിരുന്നാലും ഇതിന് ആവശ്യമുള്ള പണം കൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. നമ്മുടെ സമ്പദ്ഘടനയെതന്നെ ഇത് ബാധിക്കും. നമ്മുടെ നികുതി പിരിവിനെ ബാധിക്കും. വിൽപ്പന നികുതിയിലുമൊക്കെ സാരമായ ക്ഷീണമുണ്ടാകും. ഉള്ളതുമുഴുവൻ പണയം എടുക്കുന്നതിനു വേണ്ടി കൊടുത്തിട്ട് അത് കിട്ടാതെ വരുന്ന സാഹചര്യമുണ്ടായിരുന്നാൽ സകല ആവശ്യങ്ങളും മുടങ്ങും. പട്ടണങ്ങളിൽ വൻ ഫിനാൻസിയേഴ്സ് മൂർഖൻ പാമ്പിന്റെ രീതിയിലാണ് പ്രത്യക്ഷപ്പെടുന്നതെങ്കിൽ ഗ്രാമങ്ങളിലെ കുടിബാങ്കുകാരും പഴുതാരയുടെയും തേളിന്റേയും രീതിയിൽ ജനങ്ങളെ കുത്തിവേദനിപ്പിക്കുന്ന സ്ഥിതിയാണ് ഉള്ളത്. അതിന് പരിഹാരം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ നികുതിപിരിവിന്റെ കാര്യം. ഏലക്കായുടെ നികുതി പിരിവിനെ സംബന്ധിച്ച് പറഞ്ഞാൽ ഇന്ന് വളരെ കുറഞ്ഞ നിലയിലാണ് നികുതി പിരിച്ച് എടുക്കാൻ സാധിക്കുന്നത്. ഇന്ത്യയിൽ ആകെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏലം എത്രയാണ് 4,000 മെട്രിക് ടൺ വരും. 4,000 മെട്രിക് ടൺ ശരാശരി ഉൽപ്പാദനം ആണെങ്കിൽ ഇതിൽ എത്രയാണ് 3,000 മെട്രിക് ടൺ ഏലവും ഇടുക്കി ജില്ലയുടെ ഉടുമ്പൻചോല, പീരുമേട്, ദേവികുളം പ്രദേശങ്ങളിലാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ചോദിക്കുകയാണ്, എത്ര മെട്രിക് ടൺ ഏലത്തിന് ഇന്ന് നമുക്ക് വിൽപ്പന നികുതി കിട്ടുന്നുണ്ട്? 3,000 മെട്രിക് ടൺ ഏലം ഇടുക്കി ജില്ലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത് ഏതെല്ലാം മേഖലയിലാണ് എന്ന് ഗവൺമെന്റിന് വ്യക്തമായ കണക്കുണ്ടോ? ഇല്ലെന്നാണ് എന്റെ അഭിപ്രായം. അതായത് കാർഷികാദായനികുതി തിട്ടപ്പെടുന്നതിന് അസ്സസ്സ് ചെയ്യും. അസ്സസ്സ് ചെയ്യുമ്പോഴേ 50 കിലോ ആണ് ഏക്കറിന് കാണിക്കുന്നതെങ്കിൽ ആ 50 കിലോ ഓക്ഷനു വയ്ക്കുന്നു. അതോടൊപ്പം തന്നെ 20—25 കിലോ ഏക്കറിന് അധികം കാണും. ഇത് ഓക്ഷനു വയ്ക്കുമ്പോഴേ രജിസ്ട്രേഷനിൽ ഇതിൽ കൂടുതൽ കാണിച്ചിരുന്നാൽ അത് അവരുടെ സാമ്പത്തിക ഭദ്രതയെ ബാധിക്കും എന്നുള്ളതുകൊണ്ട് ആരും കാണിക്കാറില്ല. ഇത് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെ വരുമ്പോഴേ ഏതാണ്ട് 50 കിലോ ഓക്ഷനു വച്ചുകഴിയുമ്പോഴേ ബാക്കി എവിടെ വിൽക്കണമെന്നുള്ളത് വരും. അതുകൊണ്ട് ഇത് കൈവിലയ്ക്ക് കൊടുക്കാൻ നിർബന്ധിതരാകുന്നു. ആകെയുള്ള ഏലകൃഷിക്കാരുടെ 70 ശതമാനം മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. അതായത് 30 ശതമാനം ഇടത്തരം കൃഷിക്കാർ, പാട്ടയം ഇല്ലാത്ത കൃഷിക്കാർ, കുത്തകപ്പാട്ടമില്ലാത്ത കൃഷിക്കാർ ഇവരൊക്കെ രജിസ്റ്റർ ചെയ്യാതെ ഇരിക്കുകയാണ്. അങ്ങനെ രജിസ്റ്റർ ചെയ്യാതെ ഇരിക്കുന്ന സാഹചര്യത്തിൽ ഇവർ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏലം നിർബന്ധിതമായി കൈവിലയ്ക്ക് വിൽക്കുന്നു. ഇത്

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിക്കുന്നത് കച്ചവടക്കാരാണ്. ഇത് കച്ചവടക്കാർ തമിഴ്നാട്ടിൽ വിൽക്കുന്നു. തമിഴ് നാട്ടിൽ വിൽക്കുന്നതിന്റെ ലാഭം എന്തെന്നുവച്ചാൽ അവിടെ നികുതി കുറവാണ്. തമിഴ് നാട്ടിൽ 3 ശതമാനം നികുതി കൊടുക്കുമ്പോൾ ഇവിടെ 8 ശതമാനം നികുതി കൊടുക്കണം. അങ്ങനെ, നികുതി ഏകീകരിക്കാത്തതിലുള്ള ബുദ്ധിമുട്ടും ഉണ്ട്. ഇപ്പുറത്തും അപ്പുറത്തുമുള്ള പല സ്നേഹിതൻമാരും നികുതികാര്യം ഏകീകരിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു, ഇന്ന് ചെക്ക്പോസ്റ്റുകൾ ഫലപ്രദമാകുന്നില്ല. നികുതികാര്യം ഏകീകരിക്കുകയും അതോടൊപ്പംതന്നെ ചെറുകിട കൃഷിക്കാരുടെ ഏലം വിൽപ്പന, അതായത് ഓക്ഷൻ വച്ചതിനുശേഷമുള്ള ഏലം നമ്മുടെ ഇവിടത്തെ കച്ചവടക്കാർ എടുക്കുകയാണെങ്കിൽ അതിന് നികുതി വാങ്ങുന്ന സമ്പ്രദായം ഉണ്ടാക്കുകയും വേണം. ഈ ഫിനാൻസ് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ (ശ്രീ. കെ. സി. ജോസഫ്):

ശ്രീമതി കെ. ആർ. ഗൗരി: സർ, ഫൈനാൻസ് ബിൽ സാധാരണ കൊണ്ടുവരാറുള്ളത് ബഡ്ജറ്റ് പ്രപ്പോസൽസ് വച്ചാണ്. ബഡ്ജറ്റ് പ്രപ്പോസൽസ് അനുസരിച്ചുള്ള ഒരു ഫൈനാൻസ് ബിൽ അല്ല ഇത്. ഈ ബഡ്ജറ്റ് അവതരണവേളയിൽ അനേകം ഇനങ്ങൾക്ക് ടാക്സ് ഇളവ് ചെയ്തു. ടാക്സ് ഇളവുകൾ ഷെഡ്യൂളിൽ മാറേണ്ടതാണ്. അത് കൊണ്ടുവന്നിട്ടില്ല. ഇതിൽ candles-ന് ടാക്സ്. എക്സംപ്ഷൻ എന്നാണ് പറഞ്ഞിരിക്കുന്നത്. sales tax for candles, (എൻട്രി 170) എക്സംപ്റ്റ് ചെയ്യേണ്ടതാണ്. അത് കൊണ്ടുവന്നിട്ടില്ല. Tax on alloy ore എക്സംപ്റ്റ് ചെയ്തിരിക്കുന്നു. അത് കൊണ്ടുവന്നിരിക്കുന്നത് എൻട്രി 44 ആണ്. അത് കൊണ്ടുവന്നിട്ടില്ല. അതുപോലെ reduction for organic manure രണ്ടു ശതമാനമാക്കി. അത് നാല് ആണ് ഇന്നുള്ളത്. അത് കൊണ്ടുവന്നിട്ടില്ല. അതുപോലെ reduction on pesticides and plant protection chemicals അത് രണ്ടു ശതമാനമാക്കിയിരിക്കുന്നു. ഇതിനു മുമ്പുള്ളത് നാലു ശതമാനമാണ്. ശ്രീ. മാണി ഈ ടാക്സ് എക്സംപ്ഷനെല്ലാം പറഞ്ഞുകൊണ്ട് അപ്പുറത്തുനിന്നും കയ്യടി വാങ്ങിയിട്ടുള്ളതാണ്. നിങ്ങളെല്ലാം കയ്യടിച്ചു. ഈ ഇരിക്കുന്ന ചെയർമാൻ ഉൾപ്പെടെ ടാക്സ് എക്സംപ്ഷൻ ഓരോന്ന് പറയുമ്പോഴും കയ്യടിച്ചതാണ്. ഫൈനാൻസ് ബില്ലിൽ ഇത് വരേണ്ടതുമാണ്. അത് വന്നിട്ടില്ല. ഈ കൊല്ലം ടാക്സ് എക്സംപ്ഷൻ യാതൊന്നും നടക്കുകയില്ലാത്ത വിധത്തിൽ ഒരു തട്ടിപ്പുപോലെയാണ്. നമ്മുടെ ബഡ്ജറ്റ് തന്നെ ഒരു തട്ടിപ്പായിരുന്നു. ബഡ്ജറ്റ് നോക്കുകയാണെങ്കിൽ അത് ഒരു തട്ടിപ്പാണെന്ന് മനസ്സിലാകും. ആ തട്ടിപ്പുപോലെ ഫൈനാൻസ് ബില്ലും ഒരു തട്ടിപ്പാണ്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ ടാക്സ് എക്സംപ്ഷനെപ്പറ്റി പറഞ്ഞു. ടാക്സ് എക്സംപ്ഷനിൽ വരേണ്ടതിൽ യാതൊന്നും ഇതിൽ ചേർത്തിട്ടില്ല; എക്സംപ്റ്റ് ചെയ്തിട്ടുമില്ല. എക്സംപ്റ്റ് ചെയ്തത് കൊണ്ടുവരേണ്ടത് കൊണ്ടുവന്നിട്ടില്ല. ഇന്ന് ടാക്സ് വന്നിരിക്കുന്ന ഓരോ ഐറ്റവും നമ്മൾ നോക്കണം. സീരിയൽ നമ്പരിൽ വന്നിരിക്കുന്ന എല്ലാ കാര്യങ്ങളെപ്പറ്റിയും ഞാൻ പറയുന്നില്ല. ചിലതെല്ലാം എക്സംപ്റ്റ് ചെയ്തിരിക്കുന്നു. അവ "P.V.C. cloth, water proof cloth, rexine and their products and tarpauline" സർ, അത് പിടിക്കുന്നതിനുവേണ്ടി കൊണ്ടുവന്നതാണോ? ഇത് വെറുതെ ആളുകളെ പറ്റിക്കാനാണ്. 1983-ൽ ഹൈക്കോടതിയുടെ ഒരു വിധിയുണ്ടായി. പി. വി. സി. ക്ലോത്ത്, വാട്ടർ പ്രൂഫ് ക്ലോത്ത്,

LIBRARY ARCHIVES Kerala Legislative Assembly

റെക്സിൻ—ഈ വക സാധനങ്ങളെല്ലാം അഡീഷണൽ എക്സൈസ് ഡ്യൂട്ടി പിരിക്കുന്ന ഐറ്റത്തിൽ, ക്ലോത്തിന്റെ ഐറ്റത്തിൽപ്പോയി, അതു കൊണ്ട് ഇത് പിരിക്കാൻ പാടില്ലെന്നു പറഞ്ഞ് ഹൈക്കോടതിയുടെ സ്റ്റേ യുണ്ട്. 1983—ൽ ഉള്ളതാണ് അത്. കഴിഞ്ഞ കൊല്ലം, 1984—ൽ ഫൈനാൻസ് ബിൽ വന്നപ്പോഴും ഞങ്ങൾ ഇതിനെപ്പറ്റി സംസാരിച്ചതാണ്. അന്ന് ശ്രീ. മാണി സമ്മതിച്ചില്ല. 1984—ലെ ഫൈനാൻസ് ബിൽ പ്രകാരം പിരിക്കാനുള്ള തുക ഇന്നും പിരിക്കാതെ അസസ്സ്മെന്റ് പൂർത്തിയാക്കാതെ ഒരൈസ പിരിക്കാതെ ഇട്ടിരിക്കുന്ന ഒരു ഐറ്റമാണ്—ഇന്നത്തെപ്പോലെ പി. വി. സി. ക്ലോത്ത്, വാട്ടർ പ്രൂഫ് ക്ലോത്ത്, റെക്സിൻ ആൻഡ് ദെയർ പ്രോഡക്ട്സ് എന്നും പറഞ്ഞ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അതാണ് ഒന്ന്. അത് ഹൈക്കോടതിയിലിരിക്കുകയാണ്. രണ്ടാമത് പറഞ്ഞിരിക്കുന്നത് ഇവിടെ ബഡ്ജറ്റ് കമ്മിയല്ല മിച്ചമാണെന്നാണ്. 27.90 കോടി രൂപയാണ് അഡീഷണൽ റിസോഴ്സസ് മൊബിലൈസേഷൻ. അതിൽ 20—ഉം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലാണ്. ബഹുമാനപ്പെട്ട മെമ്പർ തോമസ് പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുകയാണ്. അതിന് ആവശ്യമായിട്ടുള്ള ഭേദഗതികൾ വേണം. ഭേദഗതികൾ വന്നാൽത്തന്നെ നമ്മുടെ നാട്ടിൽ ഈ ടാക്സ് കിട്ടുമോ? നിങ്ങൾ എങ്ങനെ ഈ ടാക്സ് പിരിക്കും? കമ്മീഷൻ പറഞ്ഞു, നമ്മുടെ നാട്ടിൽ 50 കോടി രൂപ കിട്ടും എന്ന്. വേറെയുള്ളവർ പറഞ്ഞു, 100 കോടി രൂപ കിട്ടും എന്ന്. അതുകൊണ്ട് ഈ ടാക്സ് പിരിക്കാൻ ഒക്കുമോ? ഇന്ന് നമ്മുടെ നാട്ടിൽ ഭൂമി പൊന്നും വിലയ്ക്കെടുക്കുന്ന ഒരു നിയമമുണ്ട്. പൊന്നും വിലയ്ക്കെടുക്കുന്ന നിയമത്തിൽ ഇത്ര ദൂരത്തുള്ള സ്ഥലങ്ങളിൽ നിന്ന് ഏറ്റവും കൂടുതൽ വിലയ്ക്ക് പോയിട്ടുള്ള സ്ഥലങ്ങൾ തമ്മിൽ തിരിച്ച് അതിന്റെ വില കൽപ്പിക്കുന്നവിധത്തിലാണ് ഇന്ന് നമ്മുടെ നാട്ടിൽ നിയമം നടപ്പിലാക്കുന്നത്. ഇതിനെക്കാൾ കൂടുതൽ ടാക്സ് ചുമത്താൻ പറ്റുമോ? കുറച്ചുകിട്ടുകയില്ല എന്നുള്ളതല്ല ഞാൻ പറയുന്നത്. കുറച്ച് കിട്ടിയേക്കും. ടാക്സ് ഇവാലുവേഷൻ കാണും. ഇന്ന് യഥാർത്ഥമായി അവർക്ക് കൊടുക്കുന്ന തുക മറ്റുള്ളതിൽ കൊള്ളിക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ ഈ തുക കിട്ടുമെന്നു പറയുന്നത് ജലരേഖയാണ്. ശ്രീ. തച്ചടി പ്രഭാകരൻ വളരെ സന്തോഷത്തോടുകൂടി ഫൈനാൻസ് മിനിസ്റ്ററായി. ശ്രീ. തച്ചടി നിങ്ങൾ കൂടുക്കിലാണ് വീണിരിക്കുന്നത്. വെറുതെയൊന്നുമല്ല, കുടുക്കുവീണിരിക്കുകയാണ്. 20 കോടി രൂപ എവിടെനിന്നാണ് ഇനി കിട്ടാൻ പോകുന്നത്? 27 കോടി 90 ലക്ഷം രൂപ—അതിൽ 5 ലക്ഷം രൂപ നേരത്തേ കളഞ്ഞു—ലോട്ടറിയുടേത്. വേറൊന്ന് നിങ്ങൾ പറഞ്ഞത് വാനിറ്റി ബാഗിനെക്കുറിച്ച് മാത്രമാണ്. ഇവിടെ കൊണ്ടുവന്നിരിക്കുന്നതിൽ ആ ഐറ്റം ചേർത്തിട്ടില്ല. ഞാൻ ആദ്യം എഴുന്നേറ്റു നിന്ന് ചോദിച്ചത് നിങ്ങളെ മറ്റു വിധത്തിൽ ബുദ്ധിമുട്ടിക്കാനോ പ്രയാസപ്പെടുത്താനോ അല്ല. ഒരു ഫൈനാൻസ് ബിൽ അവതരിപ്പിക്കുമ്പോൾ അതിനേറ്റതായ ഗൗരവം വേണം. ഓരോ ഐറ്റത്തിലും എന്തു തുക കിട്ടും? അത് ഫൈനാൻസ് മന്ത്രിപറയേണ്ടതാണ്. ഓരോ ഐറ്റത്തിലും ഇത്ര തുക പിരിക്കാൻ കഴിയുമെന്നുള്ള നിലയിലാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത് എന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? നിങ്ങൾ പാഞ്ഞിരിക്കുന്നത്, അഞ്ചു കോടി രൂപ ലോട്ടറി ടിക്കറ്റിൽ നിന്നു കിട്ടും. 20 കോടി രൂപ സ്റ്റാമ്പ് ഡ്യൂട്ടിയായി കിട്ടും എന്നാണ്. അതിന് ഭേദഗതി വരണമല്ലോ. നിങ്ങൾക്ക് ഭേദഗതി ഇവിടെ കൊണ്ടുവരണമെന്നില്ലല്ലോ. ഓർഡിനൻസ് ഉണ്ടല്ലോ? ഞാൻ പറയുന്നു ഓർഡിനൻസ് വന്നാലും ആ അഞ്ചുകോടി രൂപ കിട്ടുകയില്ല. പിന്നെയുള്ളത്, വാനിറ്റി ബാഗാണ്. വാനിറ്റി ബാഗിനുമാത്രം ടാക്സ് എന്നു നിങ്ങൾ വിചാ

LIBRARY ARCHIVES Kerala Legislative Assembly

രിക്കണ്ട. ഫൈനാൻസ് ബില്ല് എന്നു പറഞ്ഞുകൊണ്ട് ഒരു ബിൽ അവതരിപ്പിച്ചു എന്നുള്ളതിൽ കവിഞ്ഞ് മറ്റു വിധത്തിൽ ഗവൺമെൻറിന് ലാഭമുണ്ടാകുമോ? ഇല്ല. ഗവൺമെൻറിന് ലാഭമുണ്ടാകാത്ത വിധത്തിലുള്ള നടപടികളിലേയ്ക്കാണ് നിങ്ങൾ നീങ്ങിയിരിക്കുന്നത്. വേറൊന്നു ഞാൻ പറയാം. നിങ്ങൾ ഇപ്പോൾ ''Cuddappah stone, and slabs or other similar stones and slabs used in building construction'' കൊണ്ടുവന്നു. അത് വേഗ് ആണ്. അത് കിട്ടുമോ ഇല്ലയോ എന്നുള്ളതിൽ എനിക്ക് പരാതിയില്ല. മറ്റു വിധത്തിൽ — ഇങ്ങനെ കൊടപ്പാ സ്റോണോ മാർബിളോ ഒക്കെക്കൊണ്ട് വീടുണ്ടാക്കുന്ന ആളുകൾക്കല്ലേ വരികയുള്ളൂ?

സർ, അതുപോലെതന്നെ ഇവിടെ ലിഫ്റിന് ടാക്സില്ല. ഇന്ന് ഇവിടെ പറഞ്ഞിരിക്കുന്നതും ബഡ്ജറിൽ പ്രസംഗിച്ചിരിക്കുന്നതും തമ്മിൽ നോക്കുമ്പോൾ, നിങ്ങൾ ബഡ്ജറിൽ പറഞ്ഞിരിക്കുന്നത്, ടാക്സ് വരുത്താൻ tax on iron and steel articles and metallic products; articles made of iron and steel are taxable at 60 percent under entry 45, അത് എൻട്രി 45 ആണ്. നിങ്ങൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നത് എൻട്രി 45 എന്നല്ല. നിങ്ങൾ അതുംകൂടെ അറിയണം. ഈ നിയമസഭയിൽ പറയാത്ത കാര്യങ്ങൾ, serial number 105A relating to the following: Cuddappah stone, ''140 A Lift operated by electric,'' 179. Lottery Tickets, Serial number 100, P.V.C. cloth.

(d) in column (4) against serial number 57, for the figure ''7'', the figures ''10'' shall be substituted.

അതിൽ നിങ്ങൾ കൊണ്ടുവന്നിരിക്കുന്നതും ഇന്നത്തെ നിലയിൽ മറ്റു സാധനങ്ങൾക്ക് എഴുതിയിരിക്കുന്നതും എന്താണ്? ''articles made of iron or steel in combination with other metals'' എന്നാണ്. നിങ്ങൾ ഇതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? ഇത് ആരെ ബാധിക്കുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? ഏതെങ്കിലും വിധത്തിൽ ചെറിയ കൊച്ചു പിച്ചാത്തിക്കുവരെ, മുറുക്കാൻ ഉപയോഗിക്കുന്ന അടയ്ക്കായുടെ ചകിരി ചുരണ്ടുന്ന കൊച്ചു പിച്ചാത്തിയ്ക്കുവരെ, കൃഷിക്കാരന്റെ മുഴുവൻ ആയുധങ്ങൾക്കും നിങ്ങൾ ടാക്സ് വർദ്ധിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് പഴയ മന്ത്രി കൊണ്ടുവന്ന ബിൽ ഇത്ര ധൃതിയായിട്ട് അവതരിപ്പിച്ചത്. കുറച്ചുദിവസം കിട്ടിയപ്പോൾ നിങ്ങൾക്ക് ഈ ബിൽ അവതരിപ്പിക്കാൻ പാടില്ലായിരുന്നോ? ഇത് നിങ്ങളെ കെണിയിലിട്ടതാണ്. ഇതുമാറ്റി അവതരിപ്പിക്കുന്നതിനു പകരം ഈ ബജറ്റ് പ്രൊപ്പോസലിൽ ടാക്സ് ചുമത്തിയതും ടാക്സ് ഒഴിവാക്കിയതുമൊന്നുമില്ലാത്ത ഒരു ബജറായിട്ടാണ് നിങ്ങൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇത് അഫക്ട് ചെയ്യുന്നത് സാധാരണക്കാരെയും കൃഷിക്കാരെയുമൊക്കെയാണ്. ബഹുമാനപ്പെട്ട തച്ചടിയോട് ഞാൻ ചോദിക്കുകയാണ് ടാക്സേഷൻ പോളിസിയെ സംബന്ധിച്ച് നിങ്ങളുടെ പോളിസി എന്താണ്? സാധാരണയായി കൃഷിക്കാരന്റെ കാര്യം പറയുമ്പോൾ മുഴുവൻ ആളുകൾക്കും ഞങ്ങൾ സബ്സിഡി കൊടുത്തുകളയും, മുഴുവൻ ആളുകൾക്കും വളത്തിന്റെ കുടിശ്ശിക കൊടുത്തുകളയും എന്നൊക്കെയാണ് പറയുന്നത്. അതൊക്കെ കേൾക്കാൻ വളരെ സന്തോഷമാണ്. നിങ്ങളുടെ ടാക്സേഷൻപോളിസി എന്താണ്? ടാക്സ് കൊടുക്കാൻ സാധിക്കുന്ന ആളുകളിൽ നിന്നു ടാക്സ് പിരിക്കുകയും അല്ലാത്തവരെ ഇളവു ചെയ്യുകയും ചെയ്യുക — അതാണോ നിങ്ങളുടെ പോളിസി? അതാണ് പോളിസിയെങ്കിൽ നിങ്ങളുടെ ഇന്നത്തെ ഫിനാൻസ് ബിൽ അതിന് എതിരാണ്. ദീർഘകാല

LIBRARY ARCHIVES Kerala Legislative Assembly

മായിട്ട് ഞാൻ സ്ത്രീകളുടെ ഒരു സൊസൈറ്റിയുടെ പ്രസിഡൻറാണ്. അവിടെ കാൻറീൽ മേക്കിംഗ് ഉണ്ട്. സാധാരണ നിലയിൽ 135 രൂപയായിരുന്ന മെഴുകിന് വില വർദ്ധനവുമൂലം ഇന്ന് ഗവൺമെൻറ് കൊടുക്കുന്നത് എത്ര രൂപയ്ക്കാണെന്നറിയാമോ? സിഡ്കോയാണ് അതു വിതരണം ചെയ്യുന്നത്, 750 രൂപയ്ക്കാണ് ഇന്ന് മെഴുക് വിൽക്കുന്നത്. മുൻപ് 65 കിലോ ഉണ്ടായിരുന്ന ചാക്കിൽ ഇപ്പോൾ അതിലും കുറവാണ്. അതുകൊണ്ട് കാൻറീൽ നിർമ്മാതാക്കൾ ഡിമാൻഡ് ചെയ്തു. ഞങ്ങൾ പോയി മെമ്മോറാണ്ടം കൊടുത്തുമൊക്കെയുമാണ് കാൻറീൽ മേക്കിംഗ് നികുതിയിൽ നിന്ന് ഒഴിവാക്കിയത്. മന്ത്രി സൂത്രത്തിൽ കയ്യടിയും അഭിനന്ദനവും വാങ്ങിച്ചു. കാൻറീൽ മേക്കേഴ്സിൻെറ എഴുത്തുകളും മന്ത്രിക്ക് കിട്ടി. ടാക്സ് കൊടുക്കാൻ കഴിയുന്നവർക്ക് കൊടുക്കാൻ സാധിക്കത്തക്കവിധത്തിൽ അല്ലാത്ത ഒരു നിയമനിർമ്മാണം നിങ്ങൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നതുകൊണ്ടാണ് ഞങ്ങൾ ഈ ഫിനാൻസ് ബില്ലിനെ എതിർക്കുന്നത്. ഈ ഫിനാൻസ് ബിൽ പാസ്സാക്കിയിട്ട് ഒരു ഗുണവുമില്ല. ഇതിൽ ബാക്കിയുള്ള സംഗതികളും ഷെഡ്യൂളും മുഴുവൻ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തത്തക്കവിധത്തിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന് പ്രമേയം മാറ്റി എഴുതണം. അല്ലാത്തവിധത്തിൽ ഇത് നടക്കുകയില്ല. ആ വിധത്തിലാണ് നിങ്ങൾ ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ഒരുപക്ഷേ, ശ്രീ. തച്ചടിക്ക് ആഗ്രഹം കാണുമായിരിക്കും. എനിക്ക് വലിയ പ്രതീക്ഷയൊന്നുമില്ല, കഴിഞ്ഞ കൊല്ലത്തെപോലെ ഇക്കൊല്ലവും ഡെവലപ്പ്മെൻറൽ ആക്ടിവിറ്റീസ് വട്ടപ്പൂജ്യമാണ് എന്നു വിചാരിച്ചുനടക്കുന്ന ആളാണ് ഞാൻ. കഴിഞ്ഞ കൊല്ലം എന്താണ് നടന്നത് എന്നു നിങ്ങൾക്കും എനിക്കും അറിയാമല്ലോ? ഫ്ളഡിന്നു കിട്ടിയ കാശിൽ ഈരണ്ടുകോടി ഓരോരുത്തർക്കും വീതിച്ചു കൊടുത്തു. അതുകൊണ്ട് നടത്തിയ പണി അല്ലാതെ ബഡ്ജറ്റ് തുക കൊണ്ട് എന്ത് ചെയ്തെന്നാണ് നിങ്ങൾ പറയുന്നത്? ഇക്കൊല്ലവും സംഭവിക്കാൻപോകുന്നത് അതാണ്. മറ്റു വിധത്തിൽ 100 കോടി രൂപയുണ്ടാക്കുമെന്ന് പറഞ്ഞത് നല്ലതാണ്. പക്ഷേ അതും കടത്തിലാണ്. നിങ്ങൾ ഒന്ന് ഓർക്കണം. വികസന വകുപ്പിൽ 50% സ്റേറ്റ് ഗവൺമെൻറ് ചെലവ് ചേർക്കാനുള്ള ഒരൊറ്റ പൈറത്തിനും ഒരൊറ്റ പൈസാപോലും ഈ ബജറ്റിൽ ചേർത്തിട്ടില്ല. 50% സെൻട്രൽ അസിസ്റൻസ് ചേർത്തിട്ടുണ്ട്. നിങ്ങൾ അറിയാനാണ് ഞാൻ ഇത് പറയുന്നത്. എത്ര കോടി രൂപയാണ് അതിൽ ചേർത്തിട്ടുള്ളതെന്ന് നിങ്ങൾ നോക്കണം. 50% സംസ്ഥാന ഗവൺമെൻറിനേറ്റായിട്ട് ഓരോ പൈറത്തിനും ചേർത്തിട്ടില്ല. നിങ്ങൾ മറ്റു വിധത്തിൽ ബജറ്റിൽ ബാക്കിയുള്ളതും കൂട്ടിച്ചേർത്തതും കഴിഞ്ഞ് ട്രാൻസ്പോർട്ടും ഇലക്ട്രിസിറ്റിയുമെല്ലാം കഴിഞ്ഞ് ഇവിടെ ഉത്തരം പറഞ്ഞുകഴിഞ്ഞു. ഞാൻ ഇപ്പോൾ ഒരു കാര്യമേ പറയുന്നുള്ളൂ. നിങ്ങൾ ഫിനാൻസ് കൈകാര്യം ചെയ്യുന്നത് സാധാരണക്കാരനെ ദ്രോഹിക്കത്തക്കവിധത്തിലാണ്. അങ്ങനെ സാധാരണക്കാരനെ ദ്രോഹിക്കാൻ പാടില്ല. ബഡ്ജറ്റ് കമ്മിയും മിച്ചവും എന്തായാലും പ്രീഡിഗ്രി ബോർഡിനെതിരായ സമരവും മറ്റും വന്നതിനിടയിൽ അലസിപ്പോയി. ഏതായാലും ബഡ്ജറ്റ് കമ്മിയാണ്. നിങ്ങൾ ഒന്നറിയണം. ഇനിയും ധൂർത്ത് വരാൻ പോകുകയാണ്. നമ്മുടെ നാട്ടിൽ പ്ലസ് 2 എന്നുപറഞ്ഞ് നടപ്പിലാക്കാൻ പോകുന്ന സ്കീമിന് എത്ര രൂപയാണ് ചെലവാകാൻ പോകുന്നത്? പ്ലസ് 2 കോളേജുകളിൽ നടത്തുന്നതിനുള്ള എ. കെ. കെ. നമ്പ്യാരുടെ റിപ്പോർട്ടു വന്നിട്ട് ആ റിപ്പോർട്ട് നിങ്ങൾ എന്തുകൊണ്ടാണ് നടപ്പിലാക്കാത്തത്? സർക്കാരിൻെറ ധൂർത്ത് എന്നു പറയുന്നത് സ്വന്തം കാര്യവും സ്വന്തം അഹന്തയും നടപ്പിലാക്കാൻ നടത്തുന്ന ധൂർത്താണ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻെറ പൊതുമേഖലാഫാക്ടറികളിൽ പണിമുടക്കുണ്ടാകുമ്പോഴും ധാരാളം നഷ്ടം വരുന്നു. ഞാനും ഒരു യൂണിയൻെറ പ്രസിഡൻറാണ്. ഞങ്ങളുടെ തൊഴിലാളികളും പണിമുടക്കി. ഫാക്ടറി തുറന്നു വച്ചിരിക്കുകയാണ്. തൊഴിലാളികളും പണിമുടക്കി. മൂന്നര കോടിയോളം രൂപയുടെ നഷ്ടമാണുണ്ടായത്. ഒരു കോൺഫറൻസു പോലും വിളിച്ചില്ല. ഫാക്ടറി തുറന്നുവച്ച് 4 പേരെ വിളിച്ച് മെയിൻറനൻസ് എന്ന് പറഞ്ഞുകൊണ്ട് വളരെയധികം ചെലവുകളും ഉണ്ടാക്കുന്നു. ഓരോ കാര്യവും എടുത്താൽ ഇങ്ങനെയാണ്. എന്നാൽ പൊതുജനങ്ങളുടെ വകയായ കാശ് ഗവൺമെൻറ് മുടക്കുമ്പോൾ കാണിക്കേണ്ട ജാഗ്രതയോ സംശുദ്ധിയോ ഈ സർക്കാർ കാണിക്കുന്നില്ല. കോളേജിനുള്ള ഫെസിലിറ്റീസ്, കോളേജ് ടീച്ചേഴ്സ്, കോളേജിൻെറ മറ്റു കാര്യങ്ങൾ ഒക്കെ നിലനിൽക്കുമ്പോഴാണ് പ്ലസ് 2 കുറെ പള്ളിക്കൂടത്തിൽ കൊടുക്കണമെന്നു പറയുന്നത്. അങ്ങനെ കുറെ ആളുകൾക്ക് കൊടുക്കുന്നതിനുള്ള നടപടികൾക്കുവേണ്ടിയുള്ള നീക്കമാണിത്. അതിൻെറ ലിസ്റ്റ് മേടിച്ചിട്ട് ഓരോ ചാൻസലർമാർക്കും ഇഷ്ടമുള്ളതുപോലെ റിപ്പോർട്ട് എഴുതിത്തരാൻ പറഞ്ഞിരിക്കുകയാണ്. ഒരു റിപ്പോർട്ട് കിട്ടിയത് തള്ളിക്കളഞ്ഞു. അങ്ങനെയാണ് ഈ ഗവൺമെൻറിൻെറ ഓരോ നടപടിയും. കാട്ടിലെ തടി, തേവരുടെ ആന.....എന്നു പറയുന്നതുപോലെ സർക്കാരിൻെറ പണം, പൊതുജനങ്ങളുടെ പണം.....അത് ഉപയോഗിക്കുകയും ചെലവാക്കുകയും ചെയ്യുമ്പോൾ കാണിക്കേണ്ട പ്രത്യേകമായിട്ടുള്ള ചുമതലയും ഉത്തരവാദിത്വവും കാണിക്കാതെ വന്നതിൻെറ ഫലമായി ഈ ഗവൺമെൻറ് സാമ്പത്തികമായി തകർന്നിരിക്കുകയാണ്. അതിനു മൂടുപടം എന്നവിധത്തിൽ ഒരു ബില്ല് കൊണ്ടുവന്ന് പാവപ്പെട്ടവരിലും കൃഷിക്കാരിലും നികുതി ചുമത്തുന്നതിനുള്ള നീക്കമാണിത്. ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്.

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: സർ, ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുകയാണ്. കഴിഞ്ഞ കൊല്ലങ്ങളിലെല്ലാം വളരെ ഭീതികരമായ ഒരു ചിത്രമായിരുന്നു നമ്മുടെ ധനസ്ഥിതിയെ സംബന്ധിച്ച് ഉണ്ടായിരുന്നത്. അതിൽനിന്നു വ്യത്യസ്തമായ ഒരു ചിത്രം ഇവിടെ പ്രദർശിപ്പിക്കാൻ സാധിച്ചിരിക്കുന്നുവെന്നുള്ളത് ആശ്വാസകരവും സന്തോഷകരവുമാണ്. ഭീമമായ കമ്മിയിൽ നിന്നും മിച്ചത്തിലേയ്ക്ക് പ്രവേശിച്ച്, പഞ്ചവൽസരപദ്ധതികളുടെ വിഹിതം വാങ്ങുന്നതിലും വെള്ളപ്പൊക്ക ദുരിതനിവാരണത്തിന് അർഹതപ്പെട്ട വിഹിതം കേന്ദ്രത്തിൽനിന്നും വാങ്ങുന്നതിനും നമുക്ക് സാധിച്ചിട്ടുള്ളത് വളരെ സന്തോഷകരമായ ഒരു കാര്യമാണ്. നമ്മുടെ നികുതിഘടന ഇപ്പോഴും അശാസ്ത്രീയംതന്നെയാണ്. ഇതിന് ശാസ്ത്രീയരൂപം നൽകാൻ ടാക്സേഷൻ എൻക്വയറി കമ്മിറ്റികളും ഏതാണ്ട് പത്തു പന്ത്രണ്ടുകൊല്ലം മുൻപ് നിയമിച്ചു. അതിൻെറ റിപ്പോർട്ടിൽ, കെട്ടു പിണഞ്ഞുകിടക്കുന്ന നികുതി പിരിവിൻെറ അപര്യാപ്തത പരിഹരിക്കാൻ പല നിർദ്ദേശങ്ങളുമുണ്ടായിരുന്നു. ആ നിർദ്ദേശങ്ങളും അധികവും ഇതുവരെയും നടപ്പിലാക്കിയിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. വിൽപ്പന നികുതി രംഗത്തും കാർഷികാദായ നികുതി രംഗത്തും എല്ലാം ഒരുപാട് പരിഷ്കാരങ്ങളും വരുത്തേണ്ടതായിട്ടാണിരിക്കുന്നത്.

ഇപ്പോഴും ചെറുകിട വ്യവസായങ്ങൾക്ക് ആദ്യത്തെ അഞ്ചുകൊല്ലം നികുതി കൊടുക്കേണ്ടതില്ല. പുരോഗമിക്കാത്ത ചെറുകിട വ്യവസായങ്ങൾക്ക് അഞ്ചുകൊല്ലം കഴിഞ്ഞാൽ നികുതി കൊടുക്കണമെന്നുള്ള വ്യവസ്ഥയിൽ നിന്നും [illegible]യാക്കണമെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

1 p.m.] അഭ്യർത്ഥിക്കുവാനുള്ളത്. ചില സാധനങ്ങൾക്ക് ഏകദേശം ഖവും ചില സാധനങ്ങൾക്ക് ബഹുമുഖവുമായി നികുതി ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ട് കണക്കു വയ്ക്കാൻ വളരെ പ്രയാസമുള്ള ഒരു ചുറ്റുപാടാണുള്ളത്. അത് പരിഹരിച്ച് നാട്ടിൻപുറത്തുള്ള ചെറുകിട കച്ചവടക്കാരേയും ഇതിൽ നിന്ന് രക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക ഘടനയിൽ വളരെ നിർണ്ണായകമായ പങ്കു വഹിക്കുന്നതാണ്, പ്രോജക്ടുകൾ. അവയുടെ നിർമ്മാണത്തിൽ, ഇൻഡ്യാ ഗവൺമെന്റിന്റെ ആഡിറ്റ് റിപ്പോർട്ടിൽ എടുത്തു പറയത്തക്ക ചില കാര്യങ്ങൾ പരാമർശിച്ചിരിക്കുകയാണ്. കല്പട പ്രോജക്ടിന്റെ കാര്യമെടുക്കാം. 1966-ൽ മുതൽമുടക്ക് കണക്കാക്കിയിരുന്നത് 13.28 കോടിരൂപയായിരുന്നു. അത് 1979 ആയപ്പോഴേക്ക് 124.54 കോടി രൂപയായി വർദ്ധിച്ചു. 1980 ആയപ്പോൾ 176 കോടി രൂപയായി വർദ്ധിച്ചു. ഈ പോക്ക് വികസന പ്രവർത്തനങ്ങളിലും പ്രോജക്ടുകൾ നിശ്ചിത തീയതിയ്ക്കകം തീർക്കാത്തതുകൊണ്ട് നമ്മുടെ സാമ്പത്തിക ഘടനയുടെ സമതുലിതാവസ്ഥയിലും വളരെ പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട് എന്നുള്ളത് വളരെ വ്യക്തമാണ്. ക്ഷേമ പ്രവർത്തനങ്ങൾ നിരന്തരമായി നാട്ടിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ മുഖ്യമായും സ്റ്റേറ്റ് ഗവൺമെന്റിന്റെ ബാദ്ധ്യതയായി വരുന്നത് പല വിധത്തിലുള്ള പെൻഷനുകളാണ്. ഈ സമ്പദ്ഘടനയിൽ പെൻഷൻ വർദ്ധിപ്പിക്കാതെ നിവൃത്തിയില്ല. ഈ ചുറ്റുപാടിൽ നികുതിയിൽ നിന്ന് വരുമാനം വർദ്ധിപ്പിച്ചെടുക്കുന്ന കാര്യത്തിൽ നാം പഴയ സമീപനം സ്വീകരിക്കുന്നതുകൊണ്ട് പറയത്തക്ക മെച്ചം ഉണ്ടാക്കാൻ കഴിയുന്നില്ല എന്നുള്ള ഒരു യാഥാർത്ഥ്യം നമ്മെ തുറിച്ചു നോക്കുകയാണ്. നമ്മുടെ സമ്പദ്ഘടനയിൽ ഏറ്റവും പ്രധാനമായിട്ട് നിൽക്കുന്നത് കൃഷിയെ ആശ്രയിച്ചുള്ള അഭിവൃദ്ധിയാണ്. വ്യവസായങ്ങളുടെ ചുറ്റുപാട് ഏറെക്കുറെ നമുക്കറിയാവുന്നതാണ്. കൃഷി ഇന്ന് ആദായകരമല്ലാത്ത ഒന്നായി മാറിയിരിക്കുകയാണ്. ഇത് ആദായകരമാക്കുന്നതിന് ശ്രമിക്കുമ്പോൾ നാം പ്രതീക്ഷിക്കാത്ത പ്രയാസങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഉദാഹരണമായിട്ട് തേങ്ങയുടെ കാര്യമെടുക്കാം. 60 ശതമാനം ജനങ്ങളുടെ ജീവിതോപാധിയാണ് തേങ്ങ. അതിന്റെ വില പെട്ടെന്ന് പകുതിയായിട്ട് കുറഞ്ഞിരിക്കുന്നു. ഇതിന് മാറ്റം വരുത്തിയില്ലെങ്കിൽ നമ്മുടെ നാട്ടിലെ മുഴുവൻ കർഷകരേയും ഇതു ബാധിക്കും. കേരളത്തിന്റെ വരുമാനം കുറയും, തൊഴിലവസരങ്ങൾ നഷ്ടപ്പെടുകയും ചെയ്യും. സാധനങ്ങൾ വാങ്ങാനുള്ള ക്രയശക്തി കർഷകരെ സംബന്ധിച്ചിടത്തോളം ഇല്ലാതെ വരും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: നാളികേരത്തിന്റെ വില കുറഞ്ഞ കാര്യം പറഞ്ഞല്ലോ. അതിനുള്ള കാരണം വെളിച്ചെണ്ണ ഇറക്കുമതിയാണെന്നും പറഞ്ഞു. കേന്ദ്രം ചെയ്തത് തെറ്റാണെന്ന് ഇവിടെയുള്ള എല്ലാ കക്ഷികളും പറഞ്ഞു. കേന്ദ്രം ചെയ്യുന്നത് തെറ്റാണെന്ന് പറയാൻ പാടില്ലെന്ന ഒരു പ്രസ്താവന പത്രമാരാജൻ ഇറക്കിയിട്ടുണ്ട്. ഈ കാര്യത്തിൽ അങ്ങയുടെ പാർട്ടിയുടെ നിലപാടെന്താണ്?

ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി: അഖിലേന്ത്യാതലത്തിലുള്ള ഇറക്കുമതിയെ ഇൻഡ്യാ ഗവൺമെന്റിനു വിശാലമായ വീക്ഷണത്തിൽ കാണേണ്ടിവരും. അതിൽനിന്ന് വ്യത്യസ്തമായി കേരള സമ്പദ്

LIBRARY ARCHIVES Kerala Legislative Assembly

ഘടനയെമാത്രം ബാധിക്കുന്ന കാര്യമാകുമ്പോൾ കേരള ഗവൺമെൻറ് ആ ഇറക്കുമതിയെ നിയന്ത്രിക്കാൻ പരമാവധി പരിശ്രമിക്കണമെന്നാണ്, എന്റെ അഭിപ്രായം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: അദ്ദേഹം പറഞ്ഞിട്ടുണ്ട് കേന്ദ്രം എന്തു ചെയ്താലും അതിനെതിരായി മിണ്ടാൻ പാടില്ലെന്ന്. അങ്ങനെയുള്ള കക്ഷികളും ഞങ്ങളുടെകൂടെ വേണമെന്നു പറഞ്ഞിട്ടുണ്ട്. ആ കാര്യത്തിൽ അങ്ങയുടെ പാർട്ടിയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: ഇറക്കുമതിയെ സംബന്ധിച്ചുള്ള നയമൊന്നുമല്ല അദ്ദേഹം പറഞ്ഞത്. ഇന്ന് സാർവ്വത്രികമായി ഇൻഡ്യാ രാജ്യത്ത് പല ഭാഗത്തും പ്രയാസങ്ങളും നേരിടുന്നുണ്ട്.

സർ, റേഷൻ കടകളിലൂടെ വിതരണം നടത്തിയിരുന്ന പാമോയിലിന്റെ വിതരണം നിറുത്തിവച്ചു. ഇപ്പോൾ വീണ്ടും ആരംഭിച്ചു എന്നാണ് തോന്നുന്നത്. അത് പൂർണ്ണമായും നിറുത്തിയിട്ട് പകരം വെളിച്ചെണ്ണ റേഷൻ കടകളിൽകൂടി വിതരണം ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്. വിദേശ രാജ്യങ്ങളിലേക്ക് തേങ്ങ കയറ്റി അയച്ചാൽ അവിടെ എത്തുമ്പോൾ പത്തുപന്ത്രണ്ടുരൂപവരിലകിട്ടും. തേങ്ങാപ്പൊടിയാണ് ഗൾഫ് രാജ്യങ്ങളിൽ ഉപയോഗിക്കുന്നത്. അതിന്റെ കുത്തക മുഴുവൻ ഫിലിപ്പൈൻസ് കൈയടക്കിയിരിക്കുകയാണ്. കൂലി കുറച്ച് തേങ്ങ കയറ്റി അയക്കാനുള്ള സൗകര്യം നമുക്ക് ഉണ്ടാക്കേണ്ടതായിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകൾ തമിഴ്നാടോ കർണ്ണാടകയോ സന്ദർശിച്ചാൽ അവിടത്തെ ഒരു പാനീയം എന്നുള്ളനിലക്ക് ഇളനീർ വിതരണം ചെയ്യാറുണ്ട്. നമ്മുടെ സംസ്ഥാനത്ത് വിദേശ ടൂറിസ്റ്റുകൾ വന്നാൽ അവർക്ക് ഇളനീർ കുടിക്കണമെന്നു പറഞ്ഞാൽ കിട്ടാനില്ല. മിൽമാ പാലൊക്കെ വിതരണം ചെയ്യുന്നതുപോലെ സംസ്ഥാനത്തെ ടൂറിസ്റ്റുകൾക്ക് ഉപയോഗിക്കത്തക്ക വിധത്തിൽ ഇളനീർ ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കുന്നതും ഈ രംഗത്ത് പിടിച്ചു നിൽക്കാനുള്ള സാദ്ധ്യതയാണ് എന്നു ഞാൻ മനസ്സിലാക്കുകയാണ്.

ഇനി നികുതിഘടനയുടെ കാര്യമെടുക്കാം. മറ്റു സംസ്ഥാനങ്ങളിലെ നികുതിഘടനയും നമ്മുടെ സംസ്ഥാനത്തെ നികുതിഘടനയും തമ്മിൽ പറയത്തക്ക മാറ്റങ്ങളും ഉണ്ടാകണം. മോട്ടോർ ട്രക്കുകൾ ഇറക്കുമതി ചെയ്യുന്നതിനുള്ള വമ്പിച്ച നികുതി ലഘൂകരിച്ചത്, തമിഴ്നാട്ടിലും പോണ്ടിച്ചേരിയിലെ മാഹിയിലും ഇവ ഇറക്കുമതി ചെയ്യുന്നു. അതുകൊണ്ട് വിൽപ്പനനികുതിയിൽ നമുക്ക് ഭീമമായ നഷ്ടം വരുന്നു എന്നു പറഞ്ഞുകൊണ്ടാണ്. ഇപ്പോഴും വ്യത്യാസമുണ്ട്. ഈ വ്യത്യാസം ഒന്നുകിൽ എടുത്തുകളയുക, അല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിൽ ഇറക്കുമതി ചെയ്യാത്ത ട്രക്കുകൾക്ക് ഇവിടത്തെ സാമ്പത്തിക ഏജൻസികൾ സഹായം കൊടുക്കുകയില്ലെന്നുള്ള തീരുമാനമെടുക്കുക. അങ്ങനെയാകുമ്പോൾ മോട്ടോർ ട്രക്കുകൾ ഈ സംസ്ഥാനത്തു തന്നെ ഇറക്കുമതി ചെയ്യുന്ന ചുറ്റുപാടുണ്ടാകുമെന്നാണ് എനിക്ക് പറയാനുള്ളത്. ദേശീയ വേതനനയത്തെപ്പറ്റി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ അപേക്ഷിച്ച് മറ്റു സംസ്ഥാനങ്ങളിൽ വേതന നിരക്കു കുറവായതിനാൽ പല ചെറുകിട വ്യവസായങ്ങളും അയൽ സംസ്ഥാനങ്ങളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. അയൽ സംസ്ഥാനങ്ങളിലുള്ള നികുതിഘടനയിൽ സമതുലിതാവസ്ഥ കൈവരുത്താൻ നാം മുൻകൈ എടുത്തെങ്കിൽ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

മറ്റു സ്റ്റേറ്റിലേക്ക് പോകുന്ന വ്യവസായങ്ങൾ നമ്മുടെ നാട്ടിൽത്തന്നെ നടത്താൻ സാധിക്കുകയുള്ളു. അത് പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. വികസന കാര്യത്തിൽ നമ്മുടെ സംസ്ഥാനം സ്മതുലിതാവസ്ഥ കൈവരിച്ചിട്ടില്ല. ചില പ്രദേശങ്ങളിൽ, വ്യവസായങ്ങളായാലും, ഗതാഗതമായാലും, ചികിൽസാ സൗകര്യങ്ങളായാലും ചില സ്ഥലങ്ങൾ വികസിച്ചും മറ്റു സ്ഥലങ്ങൾ അവികസിതമായും കിടക്കുകയാണ്. ഇന്നത്തെ ചുറ്റുപാടുകൾ വച്ച് ആ സമതുലിതാവസ്ഥ കൈവരുത്താൻ എന്തെങ്കിലും ഒരു മാർഗ്ഗം സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിൽ വിപുലമായ വികസന പ്രവർത്തനങ്ങൾ ഒന്നും വേണമെന്നു ഞാൻ പറയുന്നില്ല. രണ്ട് എം. എൽ. എ. റോഡിൽ രണ്ടു പ്രധാനപ്പെട്ട പാലവും കൂടി ഉണ്ടാക്കണം. അതിന്റെ പണി തുടങ്ങണമെങ്കിൽ ധനകാര്യവകുപ്പിൽ നിന്നുള്ള സമ്മതം കിട്ടണം. എം. എൽ. എ. റോഡ് ഉണ്ടെന്നു പറഞ്ഞതുകൊണ്ട് കാര്യമില്ല. അത് ജനങ്ങൾക്ക് സഞ്ചരിക്കാൻ സൗകര്യപ്രദമായ വിധത്തിൽ പാലവും കൂടി നിർമ്മിച്ചു തരാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. അതിന് ഫിനാൻസ് വകുപ്പ് എഗ്രീ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.. ഈ ഫിനാൻസ് ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. സർ, നമ്മുടെ ബഡ്ജറ്റ് മിച്ചമായിരുന്ന കാലത്ത് രൂപപ്പെടുത്തിയ ഒരു ബില്ല് ഇപ്പോൾ നാം ചർച്ച ചെയ്യുകയാണ്. പുതിയ ധനകാര്യമന്ത്രി അത് കമ്മിയാണെന്നാണ് സ്ഥാപിച്ചെടുത്തിരിക്കുന്നത്. നമ്മുടെ മുഖ്യമന്ത്രിയുടെ ഭാഷയിൽ പറഞ്ഞാൽ അത് മിച്ചമോ കമ്മിയോ ആകാം, രണ്ടുമല്ലാത്തതുമാകാം. നമ്മുടെ നാട്ടിൽ ചില കപടഭക്തൻമാർ വീടുകളിൽ കയറി സഹായം ചോദിച്ചു നടക്കാറുണ്ട്. അവരുടെ പാത്രത്തിന്റെ കൂട്ടത്തിൽ ഒരു പടവും ഉണ്ടാകും. അതിന്റെ ഒരു ഭാഗത്ത് ശ്രീകൃഷ്ണന്റെ പടമായിരിക്കും മറു ഭാഗത്ത് ഏതെങ്കിലും പുണ്യാളന്റെ പടവുമായിരിക്കും. ചെല്ലുന്ന വീട് ഹിന്ദുക്കളുടേതാണെങ്കിൽ ശ്രീകൃഷ്ണന്റെ പടം മുൻപിൽ വച്ച് സംഭാവന വാങ്ങും. അതുപോലെ തന്നെ കൃസ്ത്യാനികളുടെ വീട്ടിൽ ആണെങ്കിൽ പുണ്യാളന്റെ പടം കാണിച്ചിട്ടായിരിക്കും കയറി ചെല്ലുക. നോക്കുന്നവന് ഇഷ്ടപ്പെടുന്ന വിധത്തിൽ അങ്ങനെ പടവുമായി നടന്ന് പണം ശേഖരിക്കുന്ന ആളുകളെപ്പോലെ ഓരോരുത്തർക്കും ഇഷ്ടപ്പെടുന്ന വിധത്തിൽ കമ്മിയോ, മിച്ചമോ ആയി വ്യാഖ്യാനിക്കുന്ന ഒരു ബഡ്ജറാണ് ഇവിടെ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. ആ ബഡ്ജറിന്റെ ധനകാര്യ ബിൽ അവതരിപ്പിക്കാനുള്ള പിതൃത്വമോ നേതൃത്വമോ ശ്രീമാൻ തച്ചടിയ്ക്കുണ്ടായതിലാണ് എനിക്ക് സങ്കടം. അദ്ദേഹം അത് എങ്ങിനെ കാണുന്നുവെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഒരു കാര്യം തീർച്ചയാണ്. എന്തുതന്നെയായാലും ഈ ബഡ്ജറ് കൃത്രിമരേഖയാണെന്ന കാര്യം മുൻധനകാര്യമന്ത്രിയുടെയും ഇപ്പോഴത്തെ ധനകാര്യമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും അഭിപ്രായങ്ങൾ ഒരുമിച്ച് വച്ച് ആലോചിച്ചാൽ മനസ്സിലാകും. അങ്ങനെ കൃത്രിമമായ രേഖയുണ്ടാക്കുന്നത് ഒരു പക്ഷേ സംസ്ഥാന നിയമസഭയുടെ ചരിത്രത്തിൽ, പാർലമെന്റ് പോകട്ടെ, മറ്റ് നിയമസഭകളുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും. ബഡ്ജറിന്റെ കാര്യങ്ങൾ പറയേണ്ടേ? ബഡ്ജറ് ഒന്ന് പരിശോധിച്ചാൽ 10 ലക്ഷം ഉറുപ്പിക കഴിഞ്ഞ വർഷം വകകൊള്ളിച്ചിരുന്ന ജോലിക്ക് 100 രൂപ ടോക്കൺ പ്രൊവിഷൻ വച്ച് ബഡ്ജറുണ്ടാക്കിയിരിക്കുന്നു. മിച്ചമാക്കണമെന്ന

LIBRARY ARCHIVES Kerala Legislative Assembly

വിചാരത്തിൽ ഈ രാജ്യത്ത് നടക്കേണ്ട എല്ലാ ജോലികൾക്കും ടോക്കൺ പ്രൊവിഷൻ വച്ചിട്ട് കൈയടി വാങ്ങാൻ ആർക്കും വലിയ ബുദ്ധിമുട്ടുള്ള കാര്യമല്ല. അതിന്റെ ഫലമായി ഇപ്പോൾ വികസന പ്രവർത്തന രംഗത്ത് സ്തംഭനമാണ്. ഇവിടെ ആവശ്യമുള്ള കാര്യങ്ങൾക്ക് പോലും പണം ബഡ്ജറ്റിൽ കൊള്ളിക്കാതെ കൃത്രിമമായി രേഖയുണ്ടാക്കാനുള്ള ശ്രമമാണ് നടന്നത്. എന്നിട്ട് മിച്ചമായോ? മിച്ചമായിട്ടില്ല. നമുക്ക് അറിയാം. കേന്ദ്ര ഗവൺമെന്റ് നമ്മുടെ ഓവർഡ്രാഫ്റ്റ് വായ്പയായി പ്രഖ്യാപിച്ചതിന് അത് കൊടുക്കേണ്ടെന്ന അർത്ഥമില്ലല്ലോ? നമ്മുടെ കടത്തിൽപ്പെട്ടതല്ലേ? അത് കൊടുത്തു തീർക്കേണ്ടതാണ്. അപ്പോൾ, ഇനി വരുന്ന ഗവൺമെന്റിന്റെ പിടലിക്ക് ഒരു ബാദ്ധ്യത വരില്ലേ? അടുത്ത വർഷങ്ങളിലേക്ക് വരാനുള്ള പ്ലാൻ എക്സ്പെൻഡിച്ചറിന്റെ സംഖ്യ ലഭിച്ചത് 135 കോടിയാണെന്ന് പറയുന്നു. അതും മുൻകൂറായി വാങ്ങി ചെലവഴിച്ചു. വിത്ത് എടുത്ത് ഊണു കഴിക്കുന്നു എന്ന് പറയുന്നതുപോലെ ഇവിടുത്തെ വികസന പ്രവർത്തനങ്ങൾക്ക് ഇനിയുള്ള വർഷങ്ങളിൽ വരാനുള്ള തുക എടുത്ത് ചെലവഴിക്കുകയാണ്. അങ്ങനെയുള്ള പിടിപ്പുകെട്ട ഗവൺമെന്റ് ആണ് ഇത്. ഈ ബഡ്ജറ്റിന്റെ ഭോഗമായി വന്നിട്ടുള്ള അവരുടെ പിടിപ്പുകേട് മുഴുവൻ കാണിക്കുന്ന ഒരു ധനകാര്യ ബില്ലാണ് ഇവിടെ വന്നിരിക്കുന്നത്. ധനകാര്യ ബില്ലിനകത്ത് ഇപ്പോൾ പല ഐറ്റംസുണ്ട്. ലോട്ടറി അതിനകത്ത് ഇപ്പോഴും കിടക്കുന്നുണ്ടോ? ഉണ്ടോ ഇല്ലയോ എന്ന് അവസാനം പറയുമായിരിക്കാം. അദ്ദേഹം പ്രഖ്യാപിച്ചു ഒഴിവാക്കാമെന്ന്. ആ ബഡ്ജറ്റിനകത്തുള്ള കൃത്രിമം പോലെ തന്നെ ധനകാര്യ ബില്ലിനും ഒരുപിടി കൃത്രിമങ്ങളുണ്ട്. സെയിൽസ്ടാക്സിനെ സംബന്ധിച്ചുള്ള കാര്യം മാത്രമേ ഇതിനകത്തുള്ളൂ എന്ന കാര്യത്തിൽ ആശ്വാസമുണ്ട്. കഴിഞ്ഞ തവണയൊക്കെ ഈ രാജ്യത്തെ എല്ലാ കാര്യങ്ങളും ചേർത്തിട്ടാണ് ധനകാര്യബിൽ വന്നത്, ഇത്തവണ സെയിൽസ്ടാക്സ് മാത്രമേയുള്ളൂ. വേറൊന്നും കാണാനില്ല. ഉപേക്ഷിച്ചതിനോ ഇല്ലെങ്കിൽ വേറെ വല്ലതിനും വരുന്നുണ്ടോ എന്ന കാര്യത്തിൽ നിശ്ചയമില്ല. എന്തായാലും ഇവിടെ സെയിൽസ്ടാക്സിന്റെ കണക്ക് എടുത്ത് നോക്കി.....

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഈ ഫിനാൻസ് ബിൽ കൊണ്ടുവരുന്നതിന് കഴിഞ്ഞപ്രാവശ്യം തച്ചടിയും കൂട്ടരും എതിരായിരുന്നുവെന്നുള്ളതറിയാമോ?

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: മാണിയുടെ ആധിപത്യം മുഖ്യമന്ത്രിയെത്തന്നെ ശ്വാസം മുട്ടിക്കാനും മറ്റെല്ലാ വകുപ്പിനേയും കൺട്രോൾ ചെയ്യാനുമുപയോഗിച്ചിരുന്നുവെന്ന കാര്യം കൊണ്ടാണ് ഇവരെല്ലാം എതിർത്തത്. അതുകൊണ്ടുതന്നെയാണ് മറ്റ് വകുപ്പുകളെ ശ്വാസം മുട്ടിക്കുന്ന വകുപ്പ്, എല്ലാവരെയും കടിഞ്ഞാണിടാനുള്ള വകുപ്പ്, കോൺഗ്രസ് ഐ യുടെ കൈയിൽ വേണമെന്നുള്ളതുകൊണ്ടാണ്, മാണിയെ മാറ്റി അത് തങ്ങൾക്കു വേണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടതും ഗത്യന്തരമില്ലാത്ത കേരള കോൺഗ്രസ്സുകാർ അദ്ദേഹത്തിന്റെ കാൽക്കൽ വീണ് സാഷ്ടാംഗം പ്രണമിച്ചതും. ബില്ലിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ നമ്മുടെ ടാക്സ് പ്രൊപ്പോസലിൽ പ്രധാനമായ വരുമാനം സെയിൽസ്ടാക്സ് ആണ്. റവന്യൂ അക്കൗണ്ടിനകത്തുള്ളത് മൂന്നിൽ രണ്ടു ഭാഗവും സെയിൽസ്ടാക്സാണ്. സെയിൽസ്ടാക്സ് ഓരോ തവണയും കൂട്ടുകയാണ്. രാജ്യത്തെ ജനങ്ങളുടെമേൽ വന്നു വീഴുന്ന വിലക്കയറ്റത്തെപ്പറ്റി ഗവൺമെന്റ് ഒരു നിമിഷം ആലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വാസ്തവത്തിൽ ഈ ബില്ല് വേണോ? ഇപ്പോഴത്തന്നെ നേരത്തേ പറഞ്ഞ കൺസെഷൻസ് കൊണ്ട് ഈ ഗവൺമെന്റിന് കിട്ടാവുന്ന പണം മിക്കവാറും നഷ്ടപ്പെടുകയാണ്. സർ, ഇതുകൊണ്ടൊന്നും പ്രയോജനമുള്ള കാര്യമല്ല. മറിച്ച് ഇതിന്റെ എത്ര ഇരട്ടി, ഒരു ശരിയായ ഫൈനാൻസ് മാനേജ്മെന്റ് കൊണ്ട്, മാനേജ്മെന്റ് ഭംഗിയായി നടത്തിയാൽ ശേഖരിക്കാൻ കഴിയും. ഗവൺമെന്റിന്റെ ടാക്സിനു് ഒരു പോളിസിയുണ്ടോ? എന്താണ് പോളിസിയെന്നു് ഈ ധനകാര്യമന്ത്രി വ്യക്തമാക്കുമോ? സെയിൽസ്ടാക്സിന്റെമേൽ മാത്രം കയറിപ്പിടിക്കാതെ അതല്ലാത്ത മാർഗ്ഗങ്ങളും നോക്കണം. ഈ രാജ്യത്ത് നികുതി കൊടുക്കാനുള്ള കഴിവുള്ളവരെ കണ്ടുപിടിച്ച് അവരുടെ മേൽ ചുമത്തുന്ന നികുതികളുമായി വരണമെങ്കിൽ കുറെ നേരം മെനക്കെടണം. മനസ്സിൽ ആശയം വേണം. ഭാവന വേണം. അതല്ലാതെ സെയിൽസ്ടാക്സ് വർദ്ധിപ്പിക്കുകയല്ല വേണ്ടത്. സെയിൽസ്ടാക്സ് വർദ്ധിപ്പിക്കുക എന്നതെറ്റായ നടപടി ആവർത്തിക്കുന്നതിന്റെ ഫലമായിട്ട് ജനങ്ങളുടെ ദുരിതം വർദ്ധിക്കുകയാണ്. സർ, ഇവിടെ ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇവിടെ ഇത്തരം നികുതികളും പിരിയാതായി കൊണ്ടുവരാതെ, ഉള്ള ടാക്സുകളും പിരിച്ചെടുക്കാൻ കഴിഞ്ഞാൽ തീർച്ചയായും ഈ ഗവൺമെന്റിനു് സാമ്പത്തികമായി കുറച്ചുകൂടി മെച്ചപ്പെടാൻ കഴിയും. ഇവിടെ സെയിൽസ് ടാക്സിന്റെ കണക്ക് മാത്രമെടുത്താൽ കഴിഞ്ഞ കൊല്ലം 79,000 കേസ്സുകളാണ് ഫൈനലൈസ് ചെയ്യാതെ ഇട്ടിരുന്നതെങ്കിൽ ഈ വർഷം അത് എൺപതിനായിരത്തിലധികമായി വർദ്ധിച്ചിട്ടുണ്ട്. ഓരോ കൊല്ലവും ടാക്സ് കളക്ട് ചെയ്യേണ്ടത് കളക്ട് ചെയ്യുന്നില്ലെന്നാണ് ഞാൻ പറയുന്നത്. എൺപതിനായിരത്തിൽ ഈ വർഷം ആകെ കുടിശ്ശിക തീർത്തത് നാൽപ്പത്തിനാലായിരം മാത്രമാണ്. ഇനി ബാക്കി മുപ്പത്താറായിരം കേസുകളും മുൻ കൊല്ലങ്ങളിലേത് സർക്കാർ പൂർത്തിയാക്കാതെ ഇട്ടിരിക്കുകയാണ്. അത്, പൂർത്തിയാക്കി സെയിൽസ് ടാക്സ് കളക്ട് ചെയ്താൽ എത്ര കോടി ഉറുപ്പികയാണ് കിട്ടുക? അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിന്റെ സ്ഥിതി അറിയണമോ? 42,949 കേസ്സുകളും അരിയേഴ്സുണ്ട്. അതിൽ 22,000 മാത്രമാണ് ഫൈനലൈസ് ചെയ്തിട്ടുള്ളത്. കറന്റ് കേസ് 28,910 കേസ്സുകളുള്ളതിൽ പതിനൊന്നായിരം കേസുകളും മാത്രമാണ് ഫൈനലൈസ് ചെയ്തത്. അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിലും സെയിൽസ് ടാക്സിലും ഗവൺമെന്റിനു് കിട്ടേണ്ട പണം അതാതു് സമയത്തു് പിരിച്ചെടുക്കാനുള്ള സംവിധാനം ഉണ്ടാക്കിയാൽത്തന്നെ തീർച്ചയായും ഗവൺമെന്റിനു് സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ കഴിയും. സർ, ഇവിടെ ടാക്സ് റവന്യൂവിൽ അൺ കളക്ടഡ് റവന്യൂവിന്റെ കഴിഞ്ഞ മൂന്നു കൊല്ലത്തെ കണക്ക് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്. 1984–85–ൽ 442 കോടി രൂപ കളക്ട് ചെയ്യാത്ത നികുതിയായി കിടക്കുകയാണ്. ഇത് ഓരോ വർഷവും വർദ്ധിക്കുകയാണ്. 1982–83–ൽ 307 കോടിയായിരുന്നു. 1983–84–ൽ 312 കോടിയായിരുന്നു. 1984–85–ൽ അത് 442 കോടിയായിട്ട് വർദ്ധിച്ചതായാണ് കാണാൻ സാധിച്ചത്. അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിന്റെ പരിശോധനയിലേക്ക് വന്നാൽ നേരത്തെ ശ്രീമാൻ കെ. കെ. തോമസ് പറഞ്ഞതുപോലെ ചില മേഖലകളിൽ അത് വേണ്ടപോലെ അസസ് ചെയ്യുന്നില്ലെന്നും അസസ് ചെയ്യുന്നതിലൊക്കെ കൃത്രിമവും മറ്റുമാണെന്നും കാണുന്ന ഒരുപിടി ഉദാഹരണങ്ങളും ഇതിനകത്തുണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. മറ്റ് ടാക്സുകളിലേക്ക് വരാം. നമ്മുടെ ബിൽഡിംഗ് ടാക്സിന്റെ കാര്യത്തിൽ ഈ ഗവൺമെന്റിന്റെ നയം എന്താണെന്നറിയാൻ താൽപ്പര്യ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ട്. യഥാർത്ഥത്തിലുള്ള വില കണക്കാക്കി, അതിന്റെ ചെലവ് കണക്കാക്കി ടാക്സ് ചുമത്താൻ തയ്യാറായാൽ, കോടിക്കണക്കിന് രൂപ വിലയുള്ള മണിമാളികകൾക്ക് അർഹമായ നികുതി ചുമത്താൻ സർക്കാർ തയ്യാറായാൽ ഇത്തരം സെയിൽസ്ടാക്സ് ഒഴിവാക്കാൻ കഴിയുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. അതുപോലെതന്നെ സ്റ്റാമ്പ് ഡ്യൂട്ടി. സ്കൂളിൽ ഒരു പകർപ്പ് വാങ്ങാൻ സ്റ്റാമ്പ് ഡ്യൂട്ടി മൂന്നു രൂപയിൽ നിന്ന് ഇപ്പോൾ 15 രൂപയായിട്ടുണ്ട്. ഈ സ്റ്റാമ്പ് ഡ്യൂട്ടിയുടെ വർദ്ധനവിന്റെ ഫലമായിട്ട് സാധാരണക്കാർക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ട്. സർ, അതേ സമയത്ത് തന്നെ ഈ സ്റ്റാമ്പ് ഡ്യൂട്ടി പിരിക്കുന്ന കാര്യത്തിൽ, രജിസ്ട്രേഷൻ ഫീസ് കളക്ട് ചെയ്യുന്ന കാര്യത്തിൽ കൃത്രിമം കാണിക്കുന്ന ആളുകളെ, പുനഃപരിശോധന നടത്തി ശരിയായ രീതിയും ശരിയായ ഡ്യൂട്ടി ചുമത്താൻ കഴിഞ്ഞാൽ തീർച്ചയായും നമ്മുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താം. അങ്ങനെ ഓരോ കാര്യങ്ങളും എടുത്താൽ വരുമാനത്തിന്റെ മാർഗ്ഗങ്ങളും സ്വീകരിക്കുന്നില്ല എന്നു മാത്രമല്ല തെറ്റായ വിധത്തിൽ ചെലവാക്കുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് ആറ് വയസ്സ് മുതൽ പതിനൊന്ന് വയസ്സു വരെയുള്ള കുട്ടികളുടെ സ്കൂളിലെ എൻറോൾമെന്റ് തൊണ്ണൂറ്റി ഏഴായിരമായി കുറച്ചിരിക്കുന്നു. അതേസമയം, 427 പുതിയ സ്കൂളുകൾ നമ്മൾ അനുവദിച്ചിരിക്കുന്നു. കുട്ടികൾ കുറവാണെങ്കിലും സ്കൂളുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഹൈസ്കൂളുകൾ 24 ശതമാനം വർദ്ധിച്ചിട്ടുണ്ട്. അപ്പോൾ പ്ലാനിംഗ് ഇല്ലാത്ത, ദേവനയില്ലാത്ത അമിതച്ചെലവുകളാണ് നടത്തുന്നത്. അനാവശ്യച്ചെലവുകൾ ചിലരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പ്രീ-ഡിഗ്രി ബോർഡിന്റെ കാര്യം ഗൗരിയമ്മ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. അതുകൊണ്ട് ഞാൻ പറയുന്നത് ഈ തെറ്റായ നടപടികൾ തിരുത്തി ഉള്ള മെഷീനറി ശരിയായി ഉപയോഗിച്ച് ഫിനാൻഷ്യൽ മാനേജ്മെന്റ് ശരിയായി നടത്തി കിട്ടാവുന്ന കളക്ഷൻസ് ശരിക്കെടുത്താൽ ഈ ബില്ലിന്റെ ആവശ്യം വരികയില്ല എന്നാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ ബിൽ പിൻവലിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു; ഞാൻ, ഇതിനെ എതിർക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ധനകാര്യബില്ലിനെ അനുകൂലിക്കുകയാണ്. ഈ ധനകാര്യബില്ലിൽ കടന്നുവന്നിട്ടുള്ള അപാകതകൾ ശ്രീമതി ഗൗരിയമ്മ ചൂണ്ടിക്കാണിക്കുകയുണ്ടായി. ശരിയായ ഒരു വിലയിരുത്തലാണ് അതെന്നു ഞാൻ കരുതുകയാണ്. ശ്രീമതി ഗൗരിയമ്മ പറഞ്ഞതുപോലെ തന്നെ ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനായിമാത്രമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റിയിൽ മാറ്റങ്ങൾ വരുത്തി, ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഉദ്ദേശിച്ചിരുന്ന രൂപത്തിൽതന്നെ മാറ്റങ്ങൾ വരുത്തിക്കൊണ്ട് അന്തിമമായി ഫൈനാൻസ്ബിൽ പാസ്സാക്കുമ്പോൾ ഈ അപാകതകൾ തിരുത്തുവാൻ കഴിയുമെന്നുള്ള കാര്യം നാം വിസ്മരിച്ചിട്ട് കാര്യമില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഷെഡ്യൂൾ നോക്കി അതിന്റെ ഭേദഗതിയനുസരിച്ച് മാറ്റങ്ങൾ വരുത്തണം.

ഡോ. കെ. സി. ജോസഫ്: ഷെഡ്യൂളിൽ മാറ്റം വരുത്താൻ കഴിയും. ബഹുമാനപ്പെട്ട പീതാംബരൻ മാസ്റ്റർ ഇവിടെ സംസാരിച്ചപ്പോൾ സെയിൽസ്ടാക്സ് വർദ്ധിപ്പിക്കുക എന്നുള്ളതു മാത്രമാണ് നികുതി

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഏകമാർഗ്ഗമായി ഗവൺമെന്റ് കാണുന്നതെന്ന് സൂചിപ്പിക്കുകയുണ്ടായി. ഈ ധനകാര്യബില്ലും അത് അവതരിപ്പിച്ചതിനുശേഷം ഗവൺമെന്റ് എടുത്ത നയപരമായ തീരുമാനവുംകൂടി നോക്കുമ്പോൾ സെയിൽസ്ടാക്സ് വർദ്ധനവുമൂലം ഒരു നയാപൈസ പോലും അധികവരുമാനം കണ്ടെത്തുന്നില്ല എന്നുകാണാം. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴത്തെ സെയിൽസ്ടാക്സ് പുതുതായി ഏർപ്പെടുത്തിയതുകൊണ്ടുണ്ടായ നേട്ടം അഞ്ചു കോടി രൂപയാണ്, ലോട്ടറി ടിക്കറ്റിന്റെ സെയിൽസ്ടാക്സ് ഇനത്തിൽ. മറ്റേതു മുഴുവനും ടാക്സ് റീ സ്ട്രക്ചറിംഗ് മുഖേനയുള്ള വരുമാനമാർഗ്ഗങ്ങളാണ് കാണിച്ചിരിക്കുന്നത്, സ്റ്റാമ്പ് ഡ്യൂട്ടിയിലും മറ്റിനത്തിലും. ലോട്ടറി ടിക്കറ്റിന്റെ സെയിൽസ്ടാക്സ് കുറച്ചാലും കാര്യമായി വരുമാനത്തിൽ കുറവുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. ലോട്ടറിയുടെ നടത്തിപ്പിൽ കാര്യമായ മാറ്റങ്ങൾ വരുത്തി ഇപ്പോൾ നടത്തുന്നതിന്റെ ഇരട്ടി തവണയോ മറ്റെല്ലാ സംസ്ഥാനങ്ങളിലുമുള്ളതുപോലെ ആഴ്ചതോറുമോ നറുക്കെടുപ്പ് നടത്തിയാൽ, അല്ലെങ്കിൽ മൂന്നു മാസത്തിലൊരിക്കൽ നടത്തുന്ന ബംബർ നറുക്കെടുപ്പുകൾ രണ്ടു മാസത്തിലൊരിക്കലാക്കി മാറ്റിയാൽ തീർച്ചയായും മറ്റു തരത്തിലുള്ള ടേൺഓവർ വർദ്ധിക്കുന്നതുകൊണ്ട്, ലോട്ടറിക്ക് ഇപ്പോൾ ടാക്സ് ഇളവ് ചെയ്തുകൊടുത്തതുകൊണ്ടുണ്ടായ നഷ്ടം ആ മാർഗ്ഗത്തിലൂടെ പരിഹരിച്ച് ഇവിടത്തെ വിഭവസമാഹരണത്തിൽ ഒട്ടുംതന്നെ കുറവ് ഇല്ലാതെ മുന്നോട്ടു പോകാൻ കഴിയുമെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ പ്രധാനമായും നടന്ന ചർച്ച അതല്ല. ബഡ്ജറ്റ് മിച്ചമാണോ കമ്മിയാണോ എന്നുള്ളതായിരുന്നു പ്രധാനമായ ചർച്ചാവിഷയം. ബഡ്ജറ്റിന്റെ പൊതു ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യപ്പെട്ട പ്രതിപക്ഷത്തെ അംഗങ്ങളും പറഞ്ഞത്, ഞാൻ ഓർക്കുന്നുണ്ട്. 1985–86–ലെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 128.97 കോടി രൂപ ഡെഫിസിറ്റുണ്ടാകുമെന്നു പറഞ്ഞിരുന്ന സ്ഥാനത്ത് ആ സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ 82 കോടി രൂപ, ബിൽ ക്ലിയർ ചെയ്യാൻവേണ്ടി നീക്കിവച്ച 20 കോടികൂടി തട്ടിക്കഴിച്ചാൽ ബാക്കി 62 കോടി രൂപ ക്ലോസിംഗ് ബാലൻസായി ഉണ്ടാകുമെന്ന് ധനകാര്യമന്ത്രി പറഞ്ഞിരുന്നത് യാഥാർത്ഥ്യമാകുവാൻ സാധിക്കുകയില്ല. അതുകൊണ്ട് ഈ ബഡ്ജറ്റ് കള്ളമാണ് എന്നുള്ളതായിരുന്നു പ്രധാനമായിട്ടുള്ള വാദഗതി. ഇന്ന് ആ വാദഗതി മുഴുവൻ പ്രതിപക്ഷം വിസ്മരിച്ചിരിക്കുന്നു. 129 കോടി രൂപ 1985–86–ലെ ബഡ്ജറ്റിൽ കമ്മിയുണ്ടാകുമെന്ന് പറഞ്ഞിരുന്ന സ്ഥാനത്ത് 62 കോടി രൂപ മിച്ചമുണ്ടായേക്കുമെന്നുള്ള പ്രതീക്ഷ പ്രകടിപ്പിച്ചുകൊണ്ട് ഈ വർഷത്തെ ബഡ്ജറ്റ്, ധനകാര്യമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി അവതരിപ്പിച്ചപ്പോൾ അത് ശരിയാകാൻ സാദ്ധ്യതയില്ല എന്നാണ് പറഞ്ഞത്. 128 കോടി രൂപയുടെ കമ്മി ഒരു വർഷത്തിനകം 62 കോടി രൂപയുടെ മിച്ചമാകുന്നത് യാഥാർത്ഥ്യബോധമില്ലാത്ത കണക്കാണ്, അതുകൊണ്ട് ഇത് കള്ള ബഡ്ജറ്റാണ് എന്നതായിരുന്നു പ്രധാനപ്പെട്ട വാദഗതി. ഇപ്പോഴത്തെ ധനകാര്യമന്ത്രി ശ്രീ. തച്ചടിപ്രഭാകരൻ അടുത്തകാലത്ത്, ഒരു കണക്ക് ഇവിടെ വയ്ക്കുകയുണ്ടായി. 62 കോടി രൂപയുടെ മിച്ചമുണ്ടാകുമെന്ന് ശ്രീ. കെ. എം. മാണി പ്രതീക്ഷ പ്രകടിപ്പിച്ച സ്ഥാനത്ത് 168 കോടി രൂപ റിസർവ്ബാങ്ക് അക്കൗണ്ടിൽ മിച്ചമുണ്ടായിരിക്കുന്നു എന്നുള്ളത് കേന്ദ്രധനകാര്യമന്ത്രി എഴുതിയ എഴുത്തോടുകൂടി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. മാർച്ച് 31–ാം തീയതി 1985–86–ലെ സാമ്പത്തികവർഷം അവസാനിക്കുന്നതോടുകൂടി കേരള ഗവൺമെന്റിന്റെ അക്കൗണ്ടിൽ റിസർവ്ബാങ്കിൽ 168 കോടി രൂപയുടെ മിച്ചമുണ്ടായിരുന്നു എന്ന് സ്ഥാപിക്കപ്പെട്ടതോടുകൂടി അന്നുയർത്തിയ

LIBRARY ARCHIVES Kerala Legislative Assembly

വാദമുഖങ്ങളുടെ പൊയ്മുഖം ഉപേക്ഷിച്ചു. അതിനുശേഷം പുതിയ വാദഗതിയുമായി മുന്നോട്ടുവരികയാണ്.

ശ്രീമതി കെ. ആർ. ഗൗരി: മാർച്ച് മാസത്തിലെ ശമ്പളം എത്ര കൊടുക്കണം?

ഡോ. കെ. സി. ജോസഫ്: ഞാൻ അതിലേക്ക് വരാം.

ശ്രീ. ഇ. കെ. നായനാർ: ഇത് ആരാണ് സ്ഥാപിച്ചത്? നിങ്ങൾക്ക് കേന്ദ്രഗവൺമെന്റിന്റെ കത്ത് കിട്ടിയപ്പോൾ ഇവിടെ ശ്രീമാൻ മാണി പറഞ്ഞിരിക്കുന്നത് സത്യമാണെന്നാണോ ധരിച്ചിരിക്കുന്നത്? കള്ളമാണ്.

ഡോ. കെ. സി. ജോസഫ്: ഞാൻ പറയാം. ഞാൻ പറഞ്ഞത് പ്രതിപക്ഷം അന്ന് ബഡ്ജറ്റ് കള്ളമാണെന്ന് പറയുവാൻ പ്രധാനമായി ഉന്നയിച്ചിരുന്ന പ്രധാനരേഖ കേന്ദ്ര ധനകാര്യമന്ത്രിയുടെ എഴുത്തോടുകൂടി തള്ളിക്കളഞ്ഞു എന്നാണ്. 62 കോടി രൂപ മിച്ചമുണ്ടാകുമെന്നു പറഞ്ഞിരുന്ന സ്ഥാനത്ത് ഇന്ന് 168 കോടി രൂപയുടെ മിച്ചമുണ്ടെന്നു വന്നതോടുകൂടി ആ വാദമുഖങ്ങളെല്ലാം തള്ളിക്കളഞ്ഞു. 15 കോടി രൂപ മിച്ചമുണ്ടാകുമെന്ന് അന്ന് പ്രതീക്ഷ പ്രകടിപ്പിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 121.64 കോടി രൂപയായി മാറിയിരിക്കുന്നു. ഇത് പറയുന്നതുകൊണ്ട് ഇവിടത്തെ സാമ്പത്തികസ്ഥിതി മെച്ചമായി എന്നല്ല അർത്ഥം. ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ ശ്രീ. കെ. എം. മാണി 88-ാമത്തെ പാരഗ്രാഫിൽ, അന്ന് ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ഈ വർഷവും അടുത്ത വർഷവും ബഡ്ജറ്റിലും ഗവൺമെന്റിന്റെ റിസർവ്വ് ബാങ്ക് അക്കൗണ്ടിലും മിച്ചമുള്ളതുകൊണ്ട്, നമ്മുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിരിക്കുന്നുവെന്ന് അർത്ഥമില്ല എന്നു പറഞ്ഞിട്ടുണ്ട്. പ്രശ്നങ്ങൾ പരിപൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. പ്രശ്നങ്ങൾ ഇനിയുമുണ്ടാകാം. ഈ വർഷത്തെ ധനകാര്യസ്ഥിതി മെച്ചമായിരിക്കുന്നു എന്നു മാത്രമേയുള്ളൂ. സാമ്പത്തികപ്രശ്നങ്ങൾ ഇനിയുമുണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് കൂടുതൽ കരുതലോടുകൂടി ഗവൺമെന്റ് മുന്നോട്ടു പോകേണ്ടതായിട്ടുണ്ടെന്ന സൂചന ആ ബഡ്ജറ്റിലൂടെത്തന്നെ ശ്രീ. കെ. എം. മാണി നൽകിയിരുന്നു. 62.13 കോടി രൂപയുടെ സ്ഥാനത്ത് 106 കോടി രൂപയുടെ മിച്ചം നമ്മൾ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ഉണ്ടായി. 106-ഉം 15.64-ന്റെ മിച്ചവുംകൂടി കണക്കാക്കിയാൽ ആകെ വരുന്നത് 121.64 കോടി രൂപയാണ്.

സർ, കമ്പനി ബഡ്ജറ്റും ഗവൺമെന്റുകളുടെ ബഡ്ജറ്റും ഒരേപോലെ കരുതുന്നതിൽ അർത്ഥമില്ല. കമ്പനി ബഡ്ജറ്റ് അവതരിപ്പിക്കുന്നതും ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിക്കുന്നതും (അത് സ്റ്റേറ്റ് ഗവൺമെന്റ് ആകട്ടെ, യൂണിയൻ ഗവൺമെന്റ് ആകട്ടെ) വ്യത്യസ്തമായ രൂപത്തിലാണ്. കമ്പനികൾ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അസ്സറ്റ്സും ലയബിലിറ്റീസും പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടാണ് അവതരിപ്പിക്കുന്നത്. സംസ്ഥാന ഗവൺമെന്റാകട്ടെ യൂണിയൻ ഗവൺമെന്റാകട്ടെ ബഡ്ജറ്റുകൾ അവതരിപ്പിക്കുമ്പോൾ പിരിഞ്ഞു കിട്ടേണ്ട വരുമാനങ്ങളും, കിട്ടേണ്ട തുകകളും കണക്കിലെടുക്കാറില്ല. അതുകൊണ്ട് ഇതിലും കൊടുക്കാനുള്ളത് കണക്കിലെടുക്കേണ്ട കാര്യമില്ല. പിരിഞ്ഞു കിട്ടാനുള്ളതും കണക്കിലെടുക്കുന്നില്ല. അതുകൊണ്ട് ഈ ബഡ്ജറ്റ് കള്ളബഡ്ജറ്റാണ് എന്നുള്ള വാദഗതി ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ ഓരോ വർഷവും നീക്കി വയ്ക്കുന്ന തുക, ഓരോ ഡിപ്പാർട്ടുമെന്റിനും നീക്കിവയ്ക്കുന്ന തുക, പര്യാപ്തമല്ലെങ്കിൽ അതിന് ഇവിടെ നടപടിക്രമം ഉണ്ട്. 1957—ൽ കേരള ഗവൺമെന്റ് ഉണ്ടായതിനുശേഷം നാളിതുവരെ ബഡ്ജറ്റ് അവതരിപ്പിക്കുവാൻ കൈക്കൊണ്ടുവന്ന സമീപനത്തിൽ, 1986—87—ലെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴും വ്യത്യാസമൊന്നും വന്നിട്ടില്ല. 1957—ലെ ബഡ്ജറ്റും ഈ വർഷത്തെ ബഡ്ജറ്റും എല്ലാം എടുത്തു പരിശോധിച്ചാലും ഒരേ നയവും ഒരേ സമീപനവുമാണ് ബഡ്ജറ്റ് രൂപീകരണത്തിൽ അന്നും ഇന്നും കൈക്കൊണ്ടിട്ടുള്ളത് എന്നതുകൊണ്ട് അതിനകത്തു മാറ്റമില്ല. ഓരോ ബഡ്ജറ്റിലും ഓരോ ഡിപ്പാർട്ടുമെന്റിനുള്ള തുകകൾ നീക്കിവച്ചത് അപര്യാപ്തമാണെന്നു വന്നാൽ, അല്ലെങ്കിൽ കൂടുതൽ പുതിയ പദ്ധതികൾ ഏറ്റെടുക്കാനായി കൂടുതൽ തുകകൾ വേണ്ടതായി വന്നാൽ അതിന് ഇവിടെ പതിവ് നടപടികളുണ്ട്. അടുത്ത തവണത്തെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അതിൽനിന്ന് അപ്രോപ്രിയേറ്റ് ചെയ്ത കൂടുതൽ തുക എടുക്കാൻ കഴിയും. അല്ലെങ്കിൽ സപ്ലിമെന്ററി ഡിമാൻഡുകൾകൊണ്ടു വന്നു തുകകൾ വിനിയോഗിക്കാൻ കഴിയും. ആ നടപടിക്രമങ്ങൾ നിൽക്കുകയാണ്. ഇവിടെ ഇപ്പോൾ വന്നിരിക്കുന്ന കണക്കുകൾ അനുസരിച്ച്, ഞാൻ നേരത്തേ പറഞ്ഞ കണക്കനുസരിച്ച് 121.64 കോടി രൂപ അധികം കാണാൻ കഴിയും. ഇവിടെ ധനകാര്യമന്ത്രി അവസാനം വച്ച ധനകാര്യ സ്റ്റേറ്റ്മെന്റിൽ ഇനി 60 കോടി രൂപയോളം പെൻഡിംഗ് ബിൽ കൊടുക്കാനായിട്ടുണ്ടെന്നു പറഞ്ഞു. അതൊരു പുതിയ പ്രതിഭാസമല്ല. 1986—87—ലുണ്ടായ പുതിയ പ്രതിഭാസമല്ല. 1984—85, 1985—86, 1986—87 ഈ വർഷങ്ങളിലൊക്കെ കഴിഞ്ഞ പദ്ധതിക്കാലത്തുണ്ടായ ബുദ്ധിമുട്ടുകൾ പരിഗണിക്കാതെ ഇതിനെ കണ്ടിട്ട് കാര്യമില്ല. ഓരോ വർഷവും പെൻഡിംഗ് ബില്ലുകൾ ഉണ്ടായിരുന്നു. അതേ മാനദണ്ഡമാണ് ഇപ്പോഴും സ്വീകരിക്കേണ്ടത്. ഇപ്പോൾ പുതുതായി പെൻഡിംഗ് ബില്ലുകൾ കൊടുക്കാനാവട്ടെ, അല്ലെങ്കിൽ ഓരോ ഡിപ്പാർട്ടുമെന്റിനും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ആകട്ടെ കൂടുതൽ തുക വേണമെങ്കിൽ ഇനിയും നമുക്ക് നീക്കിവയ്ക്കാനായി കഴിയും. 15 കോടി മാറ്റിയതുൾപ്പെടെയുള്ള കണക്കാണ് 121 കോടി എന്നത്. 60 കോടി കഴിഞ്ഞാൽ വീണ്ടും 60 കോടി ഇവിടെ അധികമായി നിൽക്കുന്നത് നമുക്കു കാണാൻ കഴിയും.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഡോ. കെ. സി. ജോസഫ് സത്യസന്ധമായി വസ്തുതകൾ അസംബ്ലിയിൽ പറയുന്ന ആളാണ്. ബഹുമാന്യനായ ധനകാര്യമന്ത്രി ശ്രീ. മാണി ഈ കേരളത്തിലെ സാമ്പത്തിക സ്ഥിതിയെസംബന്ധിച്ച് ഒരു ധവളപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം പ്രതിദിനം 60 ലക്ഷം രൂപ കമ്മിയുണ്ടായിരുന്നു എന്നു പറഞ്ഞ ഈ സംസ്ഥാനത്ത് ഈ വർഷം 22 ലക്ഷം രൂപ മിച്ചമുണ്ടായി എന്നു പറയുന്നത്, എങ്ങനെയാണെന്ന് സത്യസന്ധമായി പറയാൻ കഴിയുമോ?

ഡോ. കെ. സി. ജോസഫ്: സർ, അതിന് ഞാൻ മറുപടി പറയാം. പ്രതിപക്ഷം ചോദിക്കുകയുണ്ടായി ഇത് ഒരു വർഷം കൊണ്ടുണ്ടായ മായാജാലമാണോ, അതോ പൊടുന്നനവേ ഏതെങ്കിലും തരത്തിൽ വീണു കിട്ടിയ തുക കൊണ്ടാണോ ഈ കമ്മി മുഴുവൻ മാറിയത് എന്ന്. കഴിഞ്ഞ ബഡ്ജറ്റിലും, അതിനു മുന്നിലെ ബഡ്ജറ്റിലും എല്ലാം വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ 2 വർഷത്തെ നിരന്തരമായ ശ്രമത്തിന്റെ ഫലമായിട്ടാണ് ഈ നിലയിലേയ്ക്ക് എത്തിച്ചേരുവാൻ നമുക്കു സാധിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

1984–85–ൽ ബഡ്ജറ് അവതരിപ്പിക്കുമ്പോൾ, പ്ലാനിംഗ് കമ്മീഷനു മായി നടന്ന ചർച്ചയിൽ അവസാനം നമ്മുടെ ഉദ്യോഗസ്ഥൻമാരും പ്ലാനിംഗ് കമ്മീഷനും എത്തിച്ചേർന്നത് ആ വർഷം 297 കോടി രൂപയുടെ കമ്മി ഉണ്ടാകുമെന്ന നിഗമനത്തിലാണ്. എന്നാൽ 1984–85 അവസാനി ച്ചപ്പോൾ, 85 മാർച്ച് മാസം അവസാനമായപ്പോൾ ആ ഒരു വർഷത്തെ ധനകാര്യ മാനേജുമെൻറിൻെറ ഫലമായി ഉണ്ടാകുമായിരുന്ന കമ്മി 297 കോടി രൂപയിൽ നിന്നും 205 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞു. 92 കോടി രൂപയുടെ മിച്ചം ഉണ്ടാക്കുവാൻ ആ നടപടികളിലൂടെ കഴിഞ്ഞു. അതുപോലെ 1984–85–ലെ നടപടികളുടെ ഭാഗമായി 100 കോടി രൂപയുടെ മിച്ചം നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞു. അങ്ങനെ 2 വർഷം 192 കോടി രൂപ യുടെ മിച്ചം ഇവിടത്തെ ധനകാര്യ മാനേജുമെൻറിലൂടെ ഉണ്ടാക്കുവാനായി കഴിഞ്ഞു. സംസ്ഥാന ഗവൺമെൻറിൻെറ ഈ നടപടികളോടൊപ്പം കേന്ദ്ര ഗവൺമെൻറിൽനിന്നും ഉണ്ടായ സഹായകരമായ നിലപാടും മറച്ചു വച്ചിട്ടു കാര്യമില്ല. അപ്പോൾ ചോദിക്കും കേരളത്തിന് പ്രത്യേകമായി ചെയ്ത ഒരു ഔദാര്യമാണോയെന്ന്. കേരളത്തിന് വേണ്ട ഔദാര്യമല്ലെങ്കിലും ശരി ആ പ്രത്യേകമായ ഒരു തീയതി ഓവർഡ്രാഫ്റ് ഇല്ലാതാക്കാൻ, ഓവർ ഡ്രാഫ്റ് വീട്ടുവാൻ വേണ്ടി കൊടുത്ത മുഴുവൻ തുകയും മിഡ് ടേം ലോണായി സംസ്ഥാനങ്ങൾ കൊടുക്കുവാനായി കേന്ദ്ര ഗവൺമെൻറ് നിശ്ചയിച്ചപ്പോൾ നമുക്ക് പ്രത്യേക ഗുണമുണ്ടായി. 242 കോടി രൂപ മിഡ് ടേം ലോണായി നമുക്ക് ലഭിച്ചു. എന്നാൽ 205 കോടി രൂപയേ ഓവർ ഡ്രാഫ്ട് അഡ്ജസ്റ് ചെയ്യേണ്ടതായി വന്നുള്ളൂ. ബാക്കി 37 കോടി രൂപ അധികം വന്നു. അതോടൊപ്പം ഇവിടത്തെ നികുതി പിരി വിലൂടെ ഇവിടത്തെ മെച്ചപ്പെട്ട നികുതി വിഭവ സമാഹരണ പ്രക്രിയ യിലൂടെ ഇവിടത്തെ ധനകാര്യസ്ഥിതി മെച്ചപ്പെടുത്തുവാൻ ധനകാര്യ വകുപ്പിന് കഴിഞ്ഞു എന്ന വസ്തുത വിസ്മരിച്ചിട്ടു കാര്യമില്ല. 242 കോടി രൂപ മിഡ് ടേം ലോണാണ്, തിരിച്ചു കൊടുക്കേണ്ടതാണ്. എന്നാൽ ഓരോ വർഷവും തിരിച്ചു കൊടുക്കേണ്ട തുക ഓരോ വർഷ ത്തേയും ബഡ്ജറിൽ നീക്കി വച്ചിരിക്കുന്നുവെന്നുള്ളതുകൊണ്ട് അത് കണക്കിലെടുക്കേണ്ട കാര്യമില്ല. 37 കോടി രൂപ അതിൽനിന്നും കിട്ടിയ മിച്ചത്തിനു പുറമേ ഇവിടെ കഴിഞ്ഞ വർഷത്തെ ബഡ്ജറ് അവതരിപ്പിച്ചപ്പോൾ ആ ബഡ്ജറിൽ എസ്റിമേറ് ചെയ്തിരുന്നത്, സെയിൽസ് ടാക്സ് ഇനത്തിൽ നമുക്ക് ലഭിക്കും എന്ന് പ്രതീക്ഷിച്ചിരു ന്നത് 885 കോടി രൂപയാണ്. 385 കോടി രൂപ 85–86–ൽ സെയിൽസ് ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 1986–മാർച്ച് മാസം 31–ാം തീയതി ഇവിടെ 454 കോടി രൂപ സെയിൽസ് ടാക്സ് ഇനത്തിൽ പിരിക്കുവാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനിക്കാൻ കഴിയുന്ന നേട്ടമായി ഞാൻ കാണുകയാണ്. ആ ഒരൊറ ഇനത്തിൽ മാത്രം, പ്രതീക്ഷിച്ചതിനേക്കാൾ 69 കോടി രൂപ സംസ്ഥാനത്തെ ഖജനാവിലേക്കുണ്ടാക്കാൻ കഴിഞ്ഞു. 1984–85–ലേതിനേക്കാൾ 22% വർദ്ധനവ് ധനകാര്യ കമ്മീഷൻ ഇവിടെ ഉണ്ടാകേണ്ട ബോയൻസി സെയിൽസ് ടാക്സിൽ 8% മാത്രം വേണമെന്ന് ചുണ്ടിക്കാണിച്ചിരിക്കേ സംസ്ഥാന ഗവൺമെൻറിനു കഴിഞ്ഞ വർഷം ഉണ്ടാക്കാൻ കഴിഞ്ഞ ബോയൻസി 22% ആണ്. അതുപോലെ തന്നെ ആഗ്രിക്കൾച്ചറൽ ഇൻകം ടാക്സിൽ 14.22 കോടി രൂപ കളക്റ് ചെയ്യുവാനായി ബഡ്ജറിൽ എസ്റിമേറ് ചെയ്തിരുന്ന സ്ഥാനത്ത് കഴിഞ്ഞ വർഷം നമുക്ക് 22 കോടി രൂപ കളക്റ് ചെയ്യാൻ കഴിഞ്ഞു. സർ, കാർഷിക മേഖലയിൽ ഇളവുനൽകിക്കൊണ്ടാണ് പറയുന്നത്. 22 ശതമാനം ബോയൻസി വർദ്ധിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. 14.22 കോടി രൂപ കളക്ട് ചെയ്യാ ൻ ഉദ്ദേശിച്ച സ്ഥാനത്ത് ഈ വർഷം 22 കോടി രൂപ കളക്ട് ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

എസ്. ടി., എ. എസ്. ടി. എന്നു രണ്ടു സെക്ടറിലും കൂടി ഒരുവർഷം കൊണ്ട് അധിക വിഭവസമാഹരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്. മെച്ചമായ വിഭവസമാഹരണത്തിലൂടെ ഉണ്ടാക്കാൻ കഴിഞ്ഞത് 77 കോടി രൂപയാണ്. അങ്ങനെ കേന്ദ്രത്തിന്റെ ഉദാരമായ സമീപനത്തോടൊപ്പം ഇവിടുത്തെ മെച്ചമായ ധനകാര്യമാനേജ്മെന്റും വിഭവസമാഹരണവും കൂടി മെച്ചപ്പെട്ട ഒരു ധനകാര്യസ്ഥിതിയിലേക്ക് ഈ ഗവൺമെന്റിനെ കൊണ്ടുവന്നിരിക്കുന്നുവെന്നുള്ളത് വിസ്മരിക്കാൻ കഴിയുകയില്ല. എന്നാൽ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീ. മാണി പറഞ്ഞിരിക്കുന്നതുപോലെ, പ്രശ്നങ്ങളും മുഴുവൻ പരിഹരിക്കപ്പെട്ടു എന്നല്ല, പ്രശ്നങ്ങളുണ്ട്. ഞാൻ പ്രതിപക്ഷത്തെ മെമ്പർമാരുടെ പ്രസംഗങ്ങളും കേൾക്കുന്നുണ്ടായിരുന്നു. എന്തൊരന്തരം! പ്രതിപക്ഷത്തെ പ്രസംഗങ്ങളിൽ കഴിഞ്ഞ രണ്ടുകൊല്ലത്തിനുള്ളിൽ ഉണ്ടായ മാറ്റം ഒന്നു കാണേണ്ടതുതന്നെയാണ്. ശ്രീ. പീതാംബരൻമാസ്റ്ററും ശ്രീ. കെ. പി. അരവിന്ദാക്ഷനും പ്രസംഗിച്ചത് എന്താണ്? സംസ്ഥാന ഗവൺമെന്റിന്റെ വിഭവസമാഹരണം കുറഞ്ഞതുകൊണ്ട് ഇവിടുത്തെ സാമ്പത്തിക സ്ഥിതി മോശമായിരിക്കുന്നു എന്ന്. മാർക്സിസ്റ്റ് പാർട്ടി പഴയ കാര്യങ്ങളൊക്കെ വിട്ടിരിക്കുന്നു. ശ്രീ. എം. വി. രാഘവൻ പറഞ്ഞിരിക്കുന്നത് ശരിയാണോ എന്ന് തോന്നുംവിധമുള്ള വ്യത്യിയാനം പ്രസംഗങ്ങളിൽ കാണാൻ കഴിഞ്ഞു. അടുത്തകാലത്ത് ജനതാപാർട്ടിയുടേയും, ഇവിടെ ശ്രീ. പീതാംബരൻ മാസ്റ്റർ പ്രസംഗിച്ചതിൽ നിന്ന് വ്യത്യസ്തമായി കോൺഗ്രസ്സ് (എസ്) നേരെയും സംസ്ഥാന പ്രമേയങ്ങളും കാണുകയുണ്ടായി. അതിൽ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ചെറിയ ഒരു കാര്യമുണ്ട്. ഇവിടെ സർക്കാരിയാ കമ്മീഷനെ നിയമിച്ചു. കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള സൂചന മാർക്സിസ്റ്റ് പാർട്ടി വിസ്മരിച്ചിരിക്കുന്നു. ഇവിടുത്തെ ഭരണകക്ഷി പ്രതിപക്ഷം ഒന്നടങ്കം കേന്ദ്രഗവൺമെന്റിനേടുകൂടി ഒന്നിച്ച്, നമ്മുടെ സാമ്പത്തിക ബുദ്ധിമുട്ടിനുള്ള പരിഹാരമുണ്ടാക്കണം. കേന്ദ്രഗവൺമെന്റ് ഉൾപ്പെടെ ശ്രീമതി ഇന്ദിരാഗാന്ധിയുൾപ്പെടെ അംഗീകരിച്ച ചില വസ്തുതകളുണ്ട്. കേന്ദ്ര—സംസ്ഥാന ബന്ധങ്ങളിൽ എത്രത്തോളം മാറ്റങ്ങളും ആവശ്യമുണ്ട്, ആവശ്യമെങ്കിൽ എത്രത്തോളം മാറ്റങ്ങളും വരുത്തണം എന്നുള്ളതിനെക്കുറിച്ച് പഠനം നടത്തണമെന്നും ശ്രീമതി ഇന്ദിരാഗാന്ധിക്കും ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിനും കൂടി തോന്നിയതുകൊണ്ടാണ് ഇവിടെ സർക്കാരിയാ കമ്മീഷനെ നിയോഗിച്ചിരിക്കുന്നത്. അവർ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് മാർക്സിസ്റ്റ് പാർട്ടിക്ക് അഭിപ്രായമില്ല. സി. പി. ഐ.ക്ക് അഭിപ്രായമില്ല. ജനതാപാർട്ടിയും കോൺഗ്രസ്സ് എസ്സും ഏതാനും കാര്യങ്ങളും തുറന്നുപറഞ്ഞതിൽ ഞാൻ അവരെ അനുമോദിക്കുകയാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ജനതാപാർട്ടിയും കോൺഗ്രസ്സ് എസ്സും കേന്ദ്രഗവൺമെന്റിനെതിരായി ഈ കാര്യങ്ങളും തുറന്നുപറഞ്ഞിട്ടുണ്ടെങ്കിൽ, ഞങ്ങളും ഇവിടെയാണ് ഇരിക്കുന്നത്. ഇവിടെ വന്നിരിക്കാൻ നിങ്ങളും തയ്യാറുണ്ടോ?

ഡോക്ടർ കെ. സി. ജോസഫ്: അങ്ങോട്ടുപോകേണ്ട കാര്യമില്ല. കഴിഞ്ഞവർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി ഇവിടെ ഗവൺമെന്റിന്റെ അഭിപ്രായം പറയുകയുണ്ടായി. ഒരു ബഡ്ജറ്റ് ആ ഗവൺമെന്റിന്റെ നയരേഖയാണ്. അദ്ദേഹം പറഞ്ഞു, 8-ാം ധനകാര്യ കമ്മീഷന്റെ നിഗമനങ്ങളും അൽപ്പം തെറ്റിപ്പോയിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

അന്നത്തെ പൊതുവായ നയത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് ദോഷകരമായി വന്നിട്ടുണ്ട്, ആ നയങ്ങളിൽ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട് എന്ന്. ആ മാറ്റങ്ങൾ വരുത്തുന്നതിനെ സംബന്ധിച്ചു പഠിച്ചുകൊണ്ടിരിക്കുകയാണ്. ഐക്യജനാധിപത്യമുന്നണിയുടെ, കേരള കോൺഗ്രസ്സിന്റെ അഭിപ്രായം അന്നത്തെ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട് എന്നാണ്. അത് ഗവൺമെന്റ് ബഡ്ജറ്റ് പ്രസംഗത്തിലൂടെ പറഞ്ഞിരിക്കുന്നു. ശ്രീ. കോടിയേരി ചോദിച്ചു, പത്മരാജൻ പറഞ്ഞില്ലേ എന്ന്. അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല. കേരളാ കോൺഗ്രസ്സ് പാർട്ടിയുടെ നയം എല്ലാ കാലത്തും നിയമസഭയ്ക്കകത്തും പുറത്തും നിരവധി തവണ വ്യക്തമാക്കിയിട്ടുള്ളതാണ്. കേരള സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി, കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി ഇൻഡ്യയിലെ ജനാധിപത്യപരവും ഭരണഘടനാപരവുമായ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്ന പാർട്ടിയാണ് കേരള കോൺഗ്രസ്സ് പാർട്ടി. അത് ഏതെങ്കിലും ഒരു ദിവസം ഉണ്ടാക്കിയ നയമല്ല. പാർട്ടിക്ക് ഭരണഘടന ഉണ്ടാക്കിയപ്പോഴും കേരള കോൺഗ്രസ്സിന്റെ ലക്ഷ്യമായി അതിൽ എഴുതി ചേർത്തതാണ്. ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും വേണം. കേന്ദ്രം ശക്തമായിരിക്കണം. ഇൻഡ്യയുടെ അഖണ്ഡത കാത്തുസൂക്ഷിച്ചുകൊണ്ട് പോകാൻ കേന്ദ്രം ശക്തമായിരിക്കണം. അതുപോലെതന്നെ സംസ്ഥാനങ്ങളും സംതൃപ്തരായിരിക്കേണ്ടതാണ്. സംതൃപ്തമായ സംസ്ഥാനങ്ങളുണ്ടാക്കാനുള്ള സാമ്പത്തിക ഭദ്രതയുണ്ടാക്കത്തക്കവണ്ണം കേന്ദ്ര—സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ മാറ്റം വരുത്തണമെന്നുള്ളത് കേരള കോൺഗ്രസ്സിന്റെ അഭിപ്രായമാണ്. അത് ഞങ്ങൾ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. ഞങ്ങൾ കേന്ദ്രവിരുദ്ധ പാർട്ടിയല്ല. കേരള സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി വാദിക്കുന്ന പാർട്ടിയാണ്; കേരളത്തിലെ സാധാരണക്കാരന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി വാദിക്കുന്ന പാർട്ടിയാണ്. കേന്ദ്രവിരുദ്ധ സമീപനവും കേരള വിരുദ്ധ സമീപനവും ഒരേപോലെ വർജ്ജിക്കപ്പെടേണ്ടതാണെന്നാണ് കേരള കോൺഗ്രസ്സ് പാർട്ടിയുടെ അഭിപ്രായം.

ഈ ഫിനാൻസ് ബില്ലിന്റെ ചർച്ചാവേളയിൽ ബഡ്ജറ്റ് കള്ളമാണ്, കമ്മിയാണ് എന്നുള്ള വാദഗതി നിരർത്ഥകമാണ്, കേന്ദ്രഗവൺമെന്റിന്റെ കണക്കുകൾ കൊണ്ടുതന്നെ നമുക്ക് ഉണ്ടായിരിക്കുന്ന ധനകാര്യസ്ഥിതി വച്ചുകൊണ്ട്, അതേസമയം സാമ്പത്തിക സ്ഥിതി മെച്ചമാക്കാൻ, സാമ്പത്തിക സ്ഥിതി ഭദ്രമാക്കാൻ പുതിയ ധനകാര്യമന്ത്രി കൂടുതൽ ഊർജ്ജസ്വലമായി പ്രവർത്തിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. കൂടുതൽ ജാഗ്രത വേണം. ഓരോ ദിവസവും നമ്മൾ മെച്ചമാകണം. അതുതന്നെയാണ് ധനകാര്യമന്ത്രി കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. കൂടുതൽ ജാഗ്രതയോടുകൂടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കാരണം ഓവർഡ്രാഫ്റ്റ് ഇല്ലാതാക്കിയിരിക്കുന്നതുകൊണ്ട് നല്ല ഒരു ക്യാഷ്ബാലൻസ് ഗവൺമെന്റിനില്ലെങ്കിൽ ഏതു ദിവസവും ഓവർഡ്രാഫ്റ്റിലേക്ക് വഴുതി വീഴാൻ സാഹചര്യം ഉണ്ട്. എപ്പോഴും നല്ല ബാങ്ക്ബാലൻസ് ഉണ്ടാകത്തക്കരീതിയിൽ ധനകാര്യ മാനേജ്മെന്റും വിഭവസമാഹരണവും നടത്തേണ്ടത് ഈ സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യത്തിനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താനും ആവശ്യമാണെന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു. അതിനുവേണ്ടിയാണ് പുതിയ ധനകാര്യമന്ത്രി നികുതിസമാഹരണത്തിന്റെ കാര്യത്തിലെല്ലാം പുതിയ നടപടികൾ പ്രഖ്യാപിച്ചിരിക്കുന്നത്. അദ്ദേഹത്തിന് വിജയങ്ങൾ നേർന്നുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. കേരള നിയമസഭയിൽ ഇതുവരെ ഇതുപോലെ ഒരു വിവാദം ഉണ്ടായിട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. ഒരു ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞതിനുശേഷം അതിന്റെ പൊതുചർച്ചയും കഴിഞ്ഞ് പാർലമെന്റിലും സംസ്ഥാന നിയമസഭയിലും, ഈ വേദികൾക്കുള്ളിലും പുറത്തും, ബഡ്ജറ്റ് കമ്മിയോ മിച്ചമോ എന്നതിനെക്കുറിച്ച് ചർച്ച നടക്കുന്നത് വളരെ അപൂർവ്വമായി മാത്രം നടക്കുന്ന ഒരു കാര്യമാണ്. ഇവിടെ ബഹുമാനപ്പെട്ട കെ. സി. ജോസഫ് വിശദീകരിച്ചപ്പോഴും പുതിയ ധനകാര്യമന്ത്രി അധികാരം ഏറ്റെടുത്തതിനുശേഷം നടത്തിയ പ്രസ്താവന പൂർണ്ണമായി വായിച്ചപ്പോഴും ആ സംശയം വർദ്ധിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. ഈ ബഡ്ജറ്റ് ചർച്ച തുടങ്ങിവച്ച സന്ദർഭത്തിൽ തന്നെ പ്രതിപക്ഷത്തുനിന്ന് ഈ കണക്കുകൾ അയഥാർത്ഥമാണെന്ന് ചൂണ്ടിക്കാണിച്ചതാണ്. ധനകാര്യമന്ത്രിയായിരുന്ന ശ്രീ. മാണി അന്തരീക്ഷത്തിൽ ഒരു ചിത്രം വരയ്ക്കാനുള്ള ശ്രമം നടത്തുകയാണ്, ചെയ്തത്. ഈ കണക്കുകൾ അയഥാർത്ഥമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രതിപക്ഷം അതിനു വാദഗതികൾ മുന്നോട്ടുവച്ചപ്പോൾ അപ്പുറത്തുള്ളവർ അത് ശരിയല്ലെന്ന് ചൂണ്ടിക്കാണിച്ചു. എന്നാൽ ഏറ്റവും അവസാനം പുതിയ ധനകാര്യമന്ത്രിയുടെ പ്രസംഗം ഉൾപ്പെടെയുള്ളത് ചൂണ്ടിക്കാണിക്കുന്നത് ഈ കണക്കുകൾ തെറ്റായിരുന്നുവെന്നാണ്. നമ്മുടെ സംസ്ഥാനത്തു ഇത്തരം ഒരു ബഡ്ജറ്റ് അവതരിപ്പിക്കുക വഴി, ഇന്ന് നമ്മുടെ സംസ്ഥാനത്തോട് ചെയ്യുന്ന ദ്രോഹം മാത്രമല്ല, നാളെ നമ്മുടെ സംസ്ഥാനം നേരിടാൻ പോകുന്ന പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയാത്ത ഒരു സാഹചര്യം സൃഷ്ടിക്കുകയാണ് ചെയ്തത്. 8-ാം ധനകാര്യകമ്മീഷൻ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിസ്ഥാനമായി എടുത്ത വർഷം, നാം ജീവനക്കാർക്ക് കൊടുക്കേണ്ട പണം കൂടി കൂട്ടിയ കണക്കുകൾ അവതരിപ്പിക്കാതിരുന്നതുകൊണ്ട് കേരളത്തിന് എതിരായ നിലപാട് സ്വീകരിച്ചുവെന്ന് ഈ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്.

9-ാം ധനകാര്യകമ്മീഷൻ വരാൻ പോകുകയാണ്. 9-ാം ധനകാര്യ കമ്മീഷന്റെ അടിസ്ഥാനവർഷം 1986-87 ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവർ അടിസ്ഥാനവർഷമായി എടുക്കുന്നത് 1986-87 ആണെങ്കിൽ ഈ തെറ്റായ കണക്കുകൾ അവതരിപ്പിച്ച് ഈ സംസ്ഥാനം വളരെ സാമ്പത്തികമായ ഭദ്രതയിൽ ആണെന്ന് തെറ്റായ ധാരണ വരുത്തുക വഴി ഇന്ന് മാത്രമല്ല, നാളെയോടും നമ്മൾ ചെയ്യുന്ന ഏറ്റവും വലിയ തെറ്റായിരിക്കും. കാരണവൻമാർ, ചില ആളുകളെപ്പറ്റി പറഞ്ഞുകേട്ടിട്ടുണ്ട്. 'ഇരുന്നാലും പാര, മരിച്ചാലും പാര' എന്ന്. കഴിഞ്ഞ ധനകാര്യമന്ത്രി അയഥാർത്ഥമായ കണക്കുകൾകൊണ്ട് മായാജാലം സൃഷ്ടിച്ച് ഈ സംസ്ഥാനത്തിന് ന്യായമായി കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട വിഹിതം ഉൾപ്പെടെയുള്ളത് തടഞ്ഞുനിർത്തുന്നതിനാവശ്യമായ വാദഗതിയുണ്ടാക്കാൻ കഴിയുന്ന ഒരു സാഹചര്യം ഉണ്ടാക്കിയിരിക്കുകയാണ്. കഴിഞ്ഞകാലത്തെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ കേന്ദ്രവിഹിതം നമ്മുടെ സംസ്ഥാനത്തിന് കുറഞ്ഞിട്ടുണ്ട് എന്ന് കാണാൻ കഴിയും. നമുക്ക് കിട്ടേണ്ട നികുതികൾ അഡീഷണൽ എക്സൈസ് ഡ്യൂട്ടിയായിട്ട് കൺവർട്ട് ചെയ്തതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ആ നഷ്ടം തിരിച്ചുതരണം. അത് വകവച്ചുതരണം, എന്ന് ഈ സംസ്ഥാന നിയമസഭ പ്രമേയം പാസ്സാക്കി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. മുൻ ധനകാര്യമന്ത്രി നിരവധി പ്രാവശ്യം ഡൽഹിയിൽ പോയിട്ടുണ്ട്. ശ്രീ. പ്രണാബ് മുക്കർജി ധനകാര്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

യായിരുന്നപ്പോഴും വാക്കുതന്നിട്ടുമുണ്ട്. സർ, ശ്രീ. പ്രണാബ് മുക്കർജിയും പോയി, ശ്രീ. മാണിയും പോയി; ഇനി കേരളത്തിന്റെ സ്ഥിതി എന്തായിരിക്കും? സെയിൽസ് ടാക്സ് പിരിക്കാൻ അനുവാദമുള്ള, നമ്മുടെ സംസ്ഥാനത്തിന് വരുമാനം ലഭിക്കേണ്ട, ചില ഇനങ്ങൾക്ക് അഡീഷണൽ എക്സൈസ് ഡ്യൂട്ടി ചുമത്തുകവഴി കേന്ദ്രം വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്തിന് മൊത്തം റവന്യൂ വരുമാനത്തിന്റെ 19.21 ശതമാനം മാത്രമേ 1986–87 വർഷം കേന്ദ്ര നികുതി വിഹിതമായി കിട്ടിയുള്ളു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. എ. മജീദ്)

സർ, 1980–81–ൽ 23.62 ശതമാനമായിരുന്നു. കണക്കുകളെടുത്തു പരിശോധിക്കുകയാണെങ്കിൽ ഇത് കുറഞ്ഞു വരുകയാണെന്ന് മനസ്സിലാക്കാൻ കഴിയും. അതുപോലെതന്നെ ഇൻകം ടാക്സിനേറയും എക്സൈസ് ഡ്യൂട്ടിയുടേയും വരുമാനം കഴിഞ്ഞ വർഷക്കാലങ്ങളിലെ കണക്കുകൾ എടുത്ത് പരിശോധിക്കുകയാണെങ്കിൽ 1970–71–ൽ ഇൻകം ടാക്സിന്റെ 44.9 ശതമാനം ഈ സംസ്ഥാനത്ത് ലഭിച്ചപ്പോൾ 1986–87–ൽ 25.95 ശതമാനം മാത്രമേയുള്ളൂ. 1981–82–ൽ എക്സൈസ് ഡ്യൂട്ടി 75.88 ശതമാനം ലഭിച്ചപ്പോൾ 1986–87–ൽ 73.53 ശതമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ വരുമാനത്തിൽ ഇൻകം ടാക്സും എക്സൈസ് ഡ്യൂട്ടിയും. മറെല്ലാം ഈ 1986–87–ലെ കേന്ദ്ര ബഡ്ജറ്റ് പരിശോധിച്ചപ്പോഴും പൊതുവേ 22 ശതമാനത്തിലധികം വർദ്ധനവ് കണക്കാക്കുന്നുവെന്നാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അങ്ങനെ കേന്ദ്രത്തിന്റെ വരുമാനത്തിൽനിന്നും, നമ്മുടെ സംസ്ഥാനത്തിന് ന്യായമായും ലഭിക്കേണ്ട വിഹിതം ചോദിച്ചുവാങ്ങുന്നതിനുവേണ്ടി; കേരളത്തിന്റെ യഥാർത്ഥ ചിത്രങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഒരു ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുപകരം തെറ്റായ കണക്കുകളിൽ ഊന്നിനിന്നുകൊണ്ട് ബഡ്ജറ്റ് അവതരിപ്പിച്ചു. 82 കോടി രൂപയുടെ മിച്ചത്തെക്കുറിച്ച് കണക്ക് പറഞ്ഞു. ഓരോ ദിവസം കഴിയുതോറും മിച്ചം വർദ്ധിക്കുകയാണ്; 140 കോടി രൂപയായി; 160 കോടി രൂപയായി! ഈ തീയതിക്കൊക്കെ ഒരു പ്രാധാന്യമുണ്ട്. മാർച്ച് മാസം 31–ാം തീയതി, കൃത്യമായ കണക്കുകൾ വച്ചുനോക്കിയാൽ. 3–ാം തീയതിയോ 4–ാം തീയതിയോ എടുത്താൽ 95 കോടി രൂപയായി കുറയും ഈ 160 കോടി രൂപ. അങ്ങനെ തെറ്റായ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ യഥാർത്ഥ വരുമാനം കാണാതെയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. അതിന്റെ ഫലമായി ഇന്ന് മിച്ചമോ കമ്മിയോ എന്ന് പറയാൻ കഴിയുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ ബാദ്ധ്യതകൾ എത്രയെന്ന് കണക്കാക്കേണ്ടേ? പുതിയ ധനകാര്യമന്ത്രിതന്നെ പറഞ്ഞു 60 കോടി രൂപയുടെ ബില്ലുകൾ കൊടുത്തുതീർക്കാനുണ്ടെന്ന്. ഇന്ന് അദ്ദേഹം 11.5 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിച്ചിട്ടുണ്ട്. എന്തിനാണ് 11.5 കോടി രൂപയുടെ സപ്ലിമെന്ററി ഗ്രാന്റ്സ് അവതരിപ്പിച്ചത്? എട്ടു കോടി രൂപ കെ. എസ്. ആർ. ടി. സി. ക്ക് കൊടുക്കാൻ വേണ്ടിയാണ്. ഓരോ മാസവും ഓരോ കോടി രൂപ കെ. എസ്. ആർ. ടി. സി. ക്ക് കൊടുക്കുന്നു. ഈ കെ. എസ്. ആർ. ടി. സി. യിൽ നിന്ന് നമുക്ക് കിട്ടേണ്ട വരുമാനം ഈ വർഷം കിട്ടുമോ? പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ഈ വർഷം ലഭിക്കേണ്ട വരുമാനം നമുക്ക് കിട്ടുമോ? പവ്വർകട്ട് മൂലം വ്യവസായങ്ങൾ സ്തംഭിച്ചിരിക്കുമ്പോൾ പൊതുമേഖലാസ്ഥാപനങ്ങളിൽനിന്ന് വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിച്ചതിന് കാരണമെന്താണ്? ഇപ്പോൾ 11 കോടി രൂപയുടെ സപ്ലിമെന്ററി

LIBRARY ARCHIVES Kerala Legislative Assembly

ഡിമാൻറല്ല ശ്രീ. തച്ചടി പ്രഭാകരൻ ഇവിടെ അവതരിപ്പിക്കേണ്ടത്. എൺപതോ എൺപത്തിയഞ്ചോ കോടി രൂപയുടെ സപ്ലിമെൻറി ഗ്രാൻറ് അവതരിപ്പിക്കേണ്ടതായിരുന്നു. കഴിഞ്ഞ ബഡ്ജറ്റിൻറെ സമയത്ത് കൊടുക്കാനുള്ളത് എല്ലാം മാറ്റിവച്ചിരിക്കുകയാണ്. പേയ്മെൻറുകൾ നിർത്തിവച്ച്, കൃത്രിമമായി കണക്കുകൾ കാണിക്കുന്നതിനുള്ള പരിശ്രമമാണ് ഇവിടെ നടത്തിയത്. ശ്രീ. കെ. എം. മാണിയെ സംബന്ധിച്ചിടത്തോളം, അദ്ദേഹത്തിന് എല്ലാം മിച്ചമാണ്, അദ്ദേഹത്തിൻറെ ജീവിതം തന്നെ മിച്ചമാണ്. അതുകൊണ്ട് അദ്ദേഹം എങ്ങനെയെങ്കിലുമൊരു മിച്ച ബഡ്ജറ് അവതരിപ്പിക്കാൻവേണ്ടി പരിശ്രമിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. പുതിയ ധനകാര്യമന്ത്രി പറഞ്ഞു നിങ്ങളുടെയെല്ലാം സഹായമുണ്ടെങ്കിൽ കമ്മിയില്ലാതെ എങ്ങനെയെങ്കിലും കരയ്ക്ക് അടുത്തുകൊള്ളാമെന്ന്. ഒരു മിച്ച ബഡ്ജറ് അവതരിപ്പിച്ചതിനുശേഷം ആകാശം ഇടിഞ്ഞു വീണാലും 15 കോടി രൂപയുടെ മിച്ചമുണ്ടെന്നാണ് മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി പറഞ്ഞത്. ആകാശം ഇടിഞ്ഞു വീണാലും 15 കോടി രൂപയുടെ മിച്ചമെന്ന് മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി പത്രസമ്മേളനം നടത്തി ഒരു മാസം കഴിയുമ്പോൾ നമ്മുടെ പുതിയ ധനകാര്യമന്ത്രി പറയുന്നു നിങ്ങളെല്ലാം കൂടി സഹായിച്ചാൽ കമ്മിയില്ലാതെ കരയ്ക്കടുക്കാമെന്ന്. ആ മിച്ച ബഡ്ജറ് അവതരിപ്പിച്ച് മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി കേരള രാഷ്ട്രീയത്തിലും അവരുടെ പാർട്ടിയിലും ഇന്ന് ഒരു കമ്മിക്കാരൻ ആയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിൻറെ യഥാർത്ഥ വരുമാനം കണക്കാക്കി അതിൻറെ അടിസ്ഥാനത്തിൽ കേന്ദ്രത്തോട് കിട്ടേണ്ടത് ചോദിച്ചു വാങ്ങുന്നതിനും മറ്റുമുള്ള ശ്രമം നടത്തുന്നതിനിടയിൽ കഴിഞ്ഞവർഷം ഒരു ദിവസം 60 ലക്ഷം രൂപയുടെ കമ്മിയെന്ന് പറഞ്ഞിട്ട് ഈ വർഷം വളരെ വേഗം ഒരു മിച്ച ബഡ്ജറാക്കി മാറ്റിയതിൻറെ കാര്യം എന്താണെന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതാണ്. ഈ കുടിശ്ശിക ബില്ലുകളുടെ കാര്യം മാത്രമല്ല ചെറുകിട വ്യവസായങ്ങൾക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ, ശ്രീ. ടി. വി. തോമസ് വ്യവസായവകുപ്പു മന്ത്രിയായിരുന്ന കാലഘട്ടത്തിൽ, അന്നത്തെ ഗവൺമെൻറ് കൊണ്ടുവന്ന വിൽപ്പന നികുതി വായ്പ ഒക്കെ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. അത് നടപ്പിലാക്കാൻ 8 കോടി രൂപ ഒരു വർഷം വേണ്ടിവരും. പുതിയ ധനകാര്യമന്ത്രിക്ക് വീണ്ടും വീണ്ടും ഈ മിച്ചത്തിൽനിന്ന് കോടികൾ കുറഞ്ഞുപോകുന്നതിൻറെ കണക്കുകൾ എനിക്ക് ഇവിടെ അവതരിപ്പിക്കാനുണ്ട്. അങ്ങനെ ഈ സംസ്ഥാനത്തിൻറെ പൊതുവായ താൽപ്പര്യത്തിന് എതിരായി 9–ാം ധനകാര്യ കമ്മീഷൻ നമ്മുടെ രാജ്യത്തെ പൊതുവേയുള്ള സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ച് വിലയിരുത്താൻ പോകുന്ന ഒരു പശ്ചാത്തലത്തിൽ ഇവിടെ ഒരു ബഡ്ജറ് അവതരിപ്പിച്ച് അയഥാർത്ഥമായ കണക്കുകളുമായി മുന്നോട്ടു പോവുകയാണ്. ഈ ബഡ്ജറിൽ തന്നെ ചില നികുതി നിർദ്ദേശങ്ങൾ ഉണ്ട്. ആ നികുതി നിർദ്ദേശങ്ങളിൽ മൊത്തം 32 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നുണ്ട്. ആ 32 കോടി രൂപയുടെ വരുമാനത്തിൽ 5 കോടി രൂപ ലോട്ടറി ടിക്കറ് വഴിയാണ്; അതിൻറെ കാര്യം പോയി. 20 കോടി രൂപയുടെ കാര്യം: ''രജിസ്ട്രേഷൻ നിയമത്തിൽ ഭേദഗതി വരുത്തി, ഇത്രയും പണം കിട്ടുമോ എന്ന് എനിക്ക് ഉറപ്പില്ലെങ്കിൽ പോലും 20 കോടിരൂപയുണ്ടാക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്'' എന്നത്രെ ശ്രീ. മാണി ബഡ്ജറ് പ്രസംഗത്തിൽ സൂചിപ്പിച്ചത്. അങ്ങനെ വരുമാനത്തെ സംബന്ധിച്ചിടത്തോളം തികച്ചും അയഥാർത്ഥമായ പ്രതീക്ഷകൾ ആണ് ഈ ബഡ്ജറിൽ ഉള്ളത്. അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കട്ടെ. നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലാത്ത ചെറുപ്പക്കാർക്കുവേണ്ടി ഈ ബഡ്ജറിൽ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ പോകുന്നത് കെ. എഫ്. സി. എന്നുപറയുന്ന ധനകാര്യമന്ത്രിയുടെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനത്തിൽകൂടിയാണെന്നാണ് ഇവിടെ ബഡ്ജറിൽ തന്നെ പറയുന്നത്. കെ. എഫ്. സി. യിൽ നടക്കുന്ന അഴിമതിയെക്കുറിച്ച്, കെ. എഫ്. സി. ക്ക് എതിരായിട്ട് ഇന്ന് ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങൾ അങ്ങേയ്ക്കു അറിയാം. ശ്രീ. മൊയ്തീൻ കുട്ടി ഹാജിയാണ് അതിന്റെ ചെയർമാൻ. കെ. എഫ്. സി. യുടെ ചെയർമാന് ആ ഓഫീസിലിരിക്കാൻ ഒരു സ്ഥലം ഇല്ലെന്നു പറഞ്ഞാൽ അത് എന്ത കഷ്ടമാണ് സർ? അങ്ങ് സ്റ്റേറ്റ് കോ—ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡൻറാണ്. ധാരാളം സഹകരണ സ്ഥാപനങ്ങളുടെ ചെയർമാനാണ്. ആ ചെയർമാൻ അവിടെ പോയിട്ട് വരാന്തയിൽക്കൂടി അലഞ്ഞുതിരിഞ്ഞു നടക്കേണ്ട ഗതികേട് ഉണ്ടാകുമോ? മാനേജിംഗ് ഡയറക്ടറും ചെയർമാനും തമ്മിലുള്ള തർക്കം, ജീവനക്കാരും മറ്റുള്ളവരും തമ്മിലുള്ള തർക്കം; ഈ സംസ്ഥാനത്തെ കോടിക്കണക്കിന് രൂപ ഇനിയും ചെറുപ്പക്കാരുടെ കൈയിൽ എത്താൻവേണ്ടി ഏൽപ്പിക്കുന്നത് ഇതുപോലുള്ള ഒരു സ്ഥാപനത്തെയാണ്. കഴിഞ്ഞ ദിവസം ശ്രീ. മൊയ്തീൻകുട്ടി ഹാജിയുടെ സാന്നിദ്ധ്യത്തിൽ എറണാകുളത്ത് ഒരു ഓഫീസ് ഉദ്ഘാടനം ചെയ്തു. ആ ഓഫീസ് ഉദ്ഘാടനം ചെയ്തത് അവിടെ ഒരു ശിലയും സ്ഥാപിച്ചു. ആ ശിലയിൽ In the presence of Shri. Moideenkutty Hajee എന്നാണ് എഴുതിയിരിക്കുന്നത്. 5 ദിവസം കഴിഞ്ഞപ്പോൾ മാനേജിംഗ് ഡയറക്ടർ ആ കല്ല് എടുത്തുകൊണ്ടുപോയി. അതിനുപകരം in the presence of Managing Director എന്ന് എഴുതിയ കല്ല് കൊണ്ടിട്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ വായ്പയും സഹായങ്ങളും നൽകുന്ന സ്ഥാപനമാണ് കെ. എഫ്. സി. യാതൊരു സെക്യൂരിറ്റിയുമില്ലാതെ ലോൺ കൊടുക്കുന്ന ഒരു സ്ഥാപനത്തെ ഈ കേരളത്തിലെ ചെറുപ്പക്കാരുടെ കാര്യം ഏൽപ്പിക്കരുതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് പറയാനുള്ളത്. അഴിമതികൊണ്ട് നടത്തുന്ന ഇത്തരം സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷണം നടത്തി ധനകാര്യമന്ത്രി അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ചെറുപ്പക്കാർക്കുവേണ്ടി ഒന്നും ഈ ബഡ്ജറിൽ മാറ്റിവച്ചിട്ടില്ലെങ്കിലും അവസാനം ചില വാഗ്ദാനങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ആ വാഗ്ദാനങ്ങളും ഇതുപോലുള്ള സ്ഥാപനങ്ങളെയാണ് ഏൽപ്പിക്കുന്നതെങ്കിൽ അത് നടപ്പിലാക്കാൻ ബുദ്ധിമുട്ട് ആയിരിക്കും. അങ്ങനെ അയഥാർത്ഥമായ ഒരു ബഡ്ജറിന്റെ അടിസ്ഥാനത്തിലുള്ള ധനകാര്യബില്ലാണിത്. ഈ ധനകാര്യബില്ലിൽത്തന്നെ ഇവിടെ ശ്രീമതി ഗൗരിയമ്മ ചൂണ്ടിക്കാണിച്ചതുപോലെ ബഡ്ജറ് പ്രസംഗത്തിൽപ്പറയുന്ന നിർദ്ദേശങ്ങളെ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിന് വിരുദ്ധമായിട്ടുള്ള ചില സമീപനങ്ങളുണ്ട്. അതിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഈ സന്ദർഭത്തിൽ ഈ ധനകാര്യബില്ല് അവതരിപ്പിച്ചുകൊണ്ട് 1986—87ലെ ബഡ്ജറിന് കൂടുതൽ വരുമാനം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇവിടെ അവതരിപ്പിച്ച ഈ ധനകാര്യബില്ലിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, ഇവിടെ അവതരിപ്പിച്ച ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ പുതിയ ധനകാര്യമന്ത്രി ഈ സംസ്ഥാനത്തിന്റെ വിശാലമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് ഈ ബില്ല് അവതരിപ്പിച്ചിട്ടുള്ളത്. ശ്രീ. തച്ചടി പ്രഭാകരൻ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സഹകരണ ബാങ്കിന്റെ പ്രസിഡൻറായി വളരെക്കാലം പ്രവർത്തിച്ചിട്ടുള്ളതുകൊണ്ട് സാമ്പത്തിക രംഗത്ത് വളരെയധികം അച്ചടക്കം പാലിക്കാനും വളരെയധികം വികസന മാർഗ്ഗങ്ങളും കണ്ടുപിടിക്കാനും കഴിയുന്ന ഒരു വ്യക്തിയാണ്. ആ നിലയിൽ അദ്ദേഹം ഈ വകുപ്പ് മുന്നോട്ടുകൊണ്ടുപോകുമ്പോൾ വളരെ ശോഭിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. തച്ചടി പ്രഭാകരൻ, ഒരു ധനകാര്യമന്ത്രിയെന്ന നിലയിൽ പ്രാക്ടിക്കലാണ്. മുമ്പത്തെ ധനകാര്യമന്ത്രി തിയററിക്കലായിരുന്നു. ഈ രണ്ട് മന്ത്രിയുടേയും ചിന്തകളും ഒന്നിച്ചു കൂടുമ്പോൾ തീർച്ചയായും നല്ല സാമ്പത്തിക പരിണാമവും ശോഭനമായ ഒരു ഭാവിയും ഈ സംസ്ഥാനത്തിന് കാഴ്ച വെക്കാൻ കഴിയും. നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന മന്ത്രിസഭ രാജിവച്ച് പോകുമ്പോൾ ഏതാണ്ട് 135 കോടി രൂപ ഓവർ ഡ്രാഫ്റ്റിനത്തിൽ ഉണ്ടായിരുന്നല്ലോ? കേരളത്തിലെ ഓരോ പൗരനും എത്ര സംഖ്യയായിരുന്നു കടം എന്ന് ഒന്ന് കണക്കുകൂട്ടാൻഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ട് നാലുവർഷം കഴിഞ്ഞു. ഗവൺമെൻറ് നാലാമത്തെ തവണ അവതരിപ്പിച്ച ബഡ്ജറ്റിൽ മുൻ ധനകാര്യമന്ത്രി പറഞ്ഞ 15 കോടി രൂപയും പുതിയ ധനകാര്യമന്ത്രി പറഞ്ഞ മിച്ചവും കൂടി നോക്കുമ്പോൾ ഈ ഗവൺമെൻറിനും 5 വർഷം കഴിഞ്ഞ് കാലാവധി തീരുമ്പോൾ ഒരു നയാപൈസ പോലും കേരളത്തിലെ ജനങ്ങൾക്ക് കടമുണ്ടാവുകയില്ല. അതുതന്നെ ഒരു വലിയ ഭാഗ്യമാണെന്ന് ഞാൻ കരുതുകയാണ്. 135 കോടി രൂപ കടംവച്ച് നാടുമുടിപ്പിച്ച് ഭരണം വിട്ടുപോയി പ്രതിപക്ഷത്തിരിക്കുന്നവർക്ക് ഇതിനെക്കുറിച്ച് എന്തുപറയാനുണ്ട്? ധനകാര്യ ബില്ലിനെപ്പറ്റി പ്രതിപക്ഷത്ത് പല അംഗങ്ങളും സംസാരിച്ചു. അവയെല്ലാം അയഥാർത്ഥങ്ങളായിരുന്നു. ശ്രീമതി ഗൗരിയമ്മ പറഞ്ഞതിൽമാത്രം യാഥാർത്ഥ്യമുണ്ടെന്ന് തോന്നി. മറ്റു മെമ്പർമാർ പറഞ്ഞതെല്ലാം നഗ്നമായ പച്ചക്കള്ളം ആയിരുന്നു. അവർ ഈ ബഡ്ജറ്റിനെക്കുറിച്ച് വിമർശിച്ചത് ഖേദകരമായിപ്പോയി.

2 P.M.] കേരളത്തിന്റെ സാമ്പത്തിക അടിത്തറ നമ്മുടെ കാർഷിക മേഖലയാണ്. എന്നാൽ നമ്മുടെ സ്ഥിതിയെന്താണ് കേരളത്തിന്റെ അടിസ്ഥാനപരമായ സാമ്പത്തിക അടിത്തറ കാർഷികമേഖലയായതുകൊണ്ട് വ്യാവസായികരംഗത്ത് കൂടുതൽ ഊന്നൽ കൊടുക്കാൻ കഴിയാതെ വരുകയാണ്. നമുക്കാവശ്യമായ വിഭവങ്ങളില്ല. ഇപ്പോൾ മാവൂർ റയോൺസ് തുടങ്ങിയ വ്യവസായസ്ഥാപനങ്ങൾ പൂട്ടിയിടേണ്ടിവന്നിരിക്കുന്നത് വ്യാവസായികത്തകർച്ചയെയാണ് കാണിക്കുന്നത്. അതിന്റെ കാരണങ്ങളും നമുക്ക് അസംസ്കൃതവിഭവങ്ങളും കുറവാണെന്നുള്ളതാണ്. അസംസ്കൃത വിഭവങ്ങളുണ്ടാകാൻ സാഹചര്യമുള്ള മേഖലകളിലായിരിക്കും ഒരുപക്ഷേ വ്യവസായസംരംഭങ്ങളും കൂടുതലുണ്ടാകുക. നമ്മുടെ സംസ്ഥാനം കാർഷിക മേഖലയായതുകൊണ്ട് കാർഷികമേഖലയ്ക്ക് ഊന്നൽ കൊടുക്കേണ്ടിവരും. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്ത് കാർഷിക ജോലിയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ കൂലി കൊടുക്കേണ്ടിവരുന്നു. അവരുടെ ജീവിതസൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടിവരുന്നു. അതുകൊണ്ട് അരി മറ്റ് സംസ്ഥാനങ്ങളിൽനിന്നു കൊണ്ടുവരുമ്പോൾ ഇവിടത്തേതിനേക്കാൾ ലാഭകരമായിരിക്കും. തമിഴ്നാട്ടിൽ 10 രൂപ കൂലികൊടുക്കുമ്പോൾ കേരളത്തിൽ 30 രൂപ കൂലി കൊടുക്കേണ്ടിവരുന്നു. കർണ്ണാടകത്തിൽ 12 രൂപ കൂലികൊടുക്കുമ്പോൾ ഇവിടെ 30 രൂപ കൂലി കൊടുക്കേണ്ടിവരുന്നു. പശ്ചിമബംഗാളിൽ 13 രൂപ കൂലി കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുമ്പോൾ ഇവിടെ 30 രൂപ കൂലി കൊടുക്കേണ്ടി വരുന്നു. അതിന്റെ അടിസ്ഥാനത്തിലായിരിക്കും സാധനങ്ങളുടെ വില. മുളകായാലും അരിയായാലും ഉള്ളിയായാലും പരിപ്പായാലും മറ്റേതുസാധനങ്ങളായാലും ശരി പുറം സംസ്ഥാനങ്ങളിൽ വിലകുറച്ചു കിട്ടുന്നു. അതേസമയം ഇവിടെയുൽപ്പാദിപ്പിക്കുന്ന കാർഷികവിഭവങ്ങൾക്ക് ഉൽപ്പാദന ചിലവിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വില കൊടുക്കേണ്ടിവരുകയും ചെയ്യുന്ന ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടെന്നുള്ള വസ്തുത നാം മറന്നിട്ട് കാര്യമില്ല.

അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ സെയിൽസ്ടാക്സ് പിരിവിന്റെ കാര്യമെടുത്തുനോക്കിയാൽ വളരെയധികം അപാകതകളുള്ളതായികാണാൻ കഴിയും. അത് ഇവിടെ പലരും ചൂണ്ടിക്കാട്ടി. ആ അപാകതകളും ശരിയാണ്. സെയിൽസ്ടാക്സ് അസ്സസ് ചെയ്യുന്നകാര്യത്തിൽ നമ്മുടെ ഉദ്യോഗസ്ഥൻമാർ ചില കുഴപ്പങ്ങളും കാണിക്കുന്നുണ്ട്. അവർ സെയിൽസ്ടാക്സ് മൻപ്പൂർവ്വം കൂടുതൽ അസ്സസ് ചെയ്യുന്നു. അതിന്റെ ഫലമായി ധാരാളം അഴിമതികളും നടക്കുന്നുണ്ട്. അത്തരം അഴിമതികളും കണ്ടുപിടിച്ച് ശക്തമായ നടപടികളും സ്വീകരിക്കാൻ ഈ ഗവൺമെന്റിന്റെ പുതിയ ധനകാര്യവകുപ്പുമന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് ഈയവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ളത്. ചെക്ക് പോസ്റ്റുകളാണെങ്കിൽ അഴിമതിയുടെ കൂത്തരങ്ങാണ്—ഇതെല്ലാം കണ്ടുപിടിക്കുന്നതിനുവേണ്ടി ഫലപ്രദമായ എന്തെങ്കിലും ക്രമീകരണങ്ങൾ ഉണ്ടാക്കിക്കൊണ്ട് അത്തരമുദ്യോഗസ്ഥൻമാർക്കെതിരെ ശക്തമായ നടപടി എടുത്താൽ ചോർന്നുപോകുന്ന സെയിൽസ്ടാക്സ് ഇനത്തിൽ കോടിക്കണക്കിനു രൂപ നമ്മുടെ സംസ്ഥാനത്തിനു നേടിയെടുക്കുവാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

സർ, ഈ രാജ്യത്ത് തൊഴിലില്ലാത്ത അനവധി ചെറുപ്പക്കാർക്ക് സ്വയം തൊഴിൽ നൽകുന്നതിനുവേണ്ടി ഈ സർക്കാർ അനവധി പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 25,000 രൂപ ചെറുകിട വ്യവസായങ്ങൾക്കുവേണ്ടി കൊടുക്കുന്നുണ്ട്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് വലിയ ആശ്വാസകരമായ നടപടിയാണ്. ലക്ഷോപലക്ഷം ചെറുപ്പക്കാർക്ക് അതിന്റെ ഫലമായി ജോലി കിട്ടുന്നുണ്ട്. ഇവിടെ പാവപ്പെട്ടവർക്ക്, അന്തിയുറങ്ങുവാൻ വീടില്ലാതെ കഷ്ടപ്പെടുന്നവർക്ക്, ദുർബ്ബലവിഭാഗങ്ങൾക്ക് ഒരുലക്ഷത്തോളം വീടുകളും ഏൽപ്പിക്കുവാൻ പോകുന്നു. ഈ ആഗസ്റ്റുമാസം തന്നെ അവർക്കെല്ലാം ആ വീടുകളിൽ കയറിപ്പാർക്കാനുള്ള സൗകര്യമുണ്ടാകാൻ പോകുന്നു. അതുപോലെതന്നെ ഹരിജനവിഭാഗങ്ങൾക്ക് ആർ.എൽ.ഇ.ജി.പി. യുടെയും എൻ.ആർ.ഇ.പി. യുടെയും പ്രവർത്തനത്തിന്റെ ഫലമായിട്ട് കേന്ദ്രഗവൺമെന്റ് അനുവദിച്ച സഹായത്തോടുകൂടിത്തന്നെ ഇവിടെ 30,000 ത്തിൽപ്പരം വീടുകളും ഈയവസരത്തിൽ അവർക്ക് പണിതീർത്തുകൊടുക്കുവാൻ പോകുന്നു. അങ്ങനെ വീടുകളുടെ കാര്യത്തിൽ ഇന്നലെവരെയില്ലാത്ത മാറ്റങ്ങളുണ്ടായിട്ടുണ്ട്. കഴിഞ്ഞ നാലുവർഷത്തെ മൊത്തം കണക്കെടുത്താൽ ലക്ഷോപലക്ഷം വീടുകളല്ലേ ഇവിടെ പണിതത്? നമ്മുടെ രാജ്യത്ത് ശുദ്ധജലവിതരണ പദ്ധതികളും വിപ്ലവകരമായിട്ടാണ് നടപ്പിലാക്കിയത്. വരൾച്ചയുടെകാലത്ത് കുടിവെള്ളംകിട്ടാത്ത എല്ലാ ഗ്രാമങ്ങളിലും കുടിവെള്ളം എത്തിക്കാൻ മുൻമന്ത്രി ശ്രീ. ഗംഗാധരൻ ചെയ്ത സേവനങ്ങൾ വിസ്മരിക്കാൻ കഴിയുമോ? നാലുവർഷം പൂർത്തിയാക്കിയ ഈ ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറ് അഭിമാനത്തോടുകൂടി അഞ്ചാംവർഷം പൂർത്തിയാക്കാൻ മുന്നോട്ടു പോകുകതന്നെ ചെയ്യും. ശ്രീ. നായനാർ രാജിവെച്ചുപോകുമ്പോഴും 135 കോടിരൂപ സംസ്ഥാനത്തിലെ ജനങ്ങൾക്ക് കടക്കാരായി പോയത് ശരിയായില്ല. സാമ്പത്തികമായി കേരളത്തിൻറെ ഖജനാവ് മുടിച്ചതിന് പ്രതിപക്ഷങ്ങൾ കണക്ക് പറയേണ്ടിവരും. നിങ്ങൾവരുത്തിയ 135 കോടി രൂപയുടെകടം നിങ്ങൾ ഈ രാജ്യത്ത് കട്ടുമുടിച്ചകടം കരുണാകരൻ ഗവൺമെൻറ് വീട്ടിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ കൂടുതൽ മിച്ചമുള്ള, കൂടുതൽ മെച്ചമായ ഒരു ബഡ്ജറുമായി അഞ്ചുവർഷം ഞങ്ങൾ പൂർത്തിയാക്കുമെന്നു പ്രതിജ്ഞയെടുത്തുകൊണ്ട് ഞങ്ങൾ മുന്നോട്ടു പോകുകയാണ്. ആ പ്രതിജ്ഞ ഈ രാജ്യത്തിലെ ജനങ്ങൾക്കറിയാം. ഈ ഗവൺമെൻറ് ഇവിടെ ചെയ്തിട്ടുള്ള നല്ല കാര്യങ്ങളെക്കുറിച്ച് ഇവിടത്തെ ജനങ്ങൾക്കറിയാം. ഇവിടത്തെ തൊഴിലാളികൾക്കറിയാം. ഇവിടത്തെ വിദ്യാർത്ഥികൾക്കറിയാം. ഇവിടത്തെ സാമാന്യജനങ്ങൾക്കറിയാം. ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അഞ്ചുവർഷം പൂർത്തിയാക്കുമ്പോൾ കേരളത്തിലെ മുഴുവൻ ജനങ്ങളും ഞങ്ങളെ ആദരവോടുകൂടി സ്വീകരിക്കും, ഞങ്ങളെ കൈപിടിച്ചുയർത്തും എന്ന് വിശ്വസിക്കുന്നു. ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എ. കെ. പത്മനാഭൻ: സർ, ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. സബ് ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന ഈ പ്രമേയം പിൻവലിച്ച് അദ്ദേഹം അവതരിപ്പിച്ച ബില്ലിൽ ഉന്നയിച്ച നികുതിനിർദ്ദേശങ്ങളൊക്കെ പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. കാരണം അപ്രായോഗികമായ, യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത നികുതിനിർദ്ദേശങ്ങളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബഡ്ജറിൽത്തന്നെ 27 കോടിരൂപ സംഭരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ആ 27 കോടിരൂപ സംഭരിക്കുന്നത് പ്രധാനമായും രണ്ടിനത്തിലാണെന്ന് ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ആ രണ്ടിനത്തിൽ ഒന്ന് ലോട്ടറിയിൽനിന്നുള്ള വരുമാനമായിരുന്നു. അത് പിൻവലിക്കേണ്ടിവന്നു. അതുകൊണ്ട് അഞ്ചുകോടിരൂപ നഷ്ടപ്പെട്ടു. മറെറാന്ന് സ്റേറാമ്പ് ഡ്യൂട്ടി ആക്ട് ഭേദഗതിചെയ്തതുകൊണ്ട് അതിൽനിന്നുകിട്ടുന്ന വരുമാനമായിരുന്നു. അതും കിട്ടുമെന്ന കാര്യത്തിൽ യാതൊരുറപ്പുമില്ല.

അത്തരം ഒരു പരിതഃസ്ഥിതിയിൽ ഭൂരിഭാഗം സംഖ്യയും കിട്ടാനിടയില്ലാത്ത വിധത്തിലുള്ള ധനകാര്യനിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഇപ്പോഴുണ്ടായിട്ടുള്ളത്. അതിൽ അദ്ഭുതപ്പെടേണ്ട ആവശ്യമില്ല. മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ബഡ്ജറ് അവതരിപ്പിച്ചുകൊണ്ട് നിർദ്ദേശിച്ച നികുതി നിർദ്ദേശങ്ങളും വസ്തുതകളും കണക്കുകളുമെല്ലാംതന്നെ യാഥാർത്ഥ്യവുമായി ബന്ധമില്ലാത്തതാണെന്ന് തെളിഞ്ഞിരിക്കുകയാണ്. അപ്പുറത്തുനിന്നു സംസാരിച്ച ചില ആളുകൾ ഈ ബഡ്ജറിൽ മിച്ചമെന്ന രജതരേഖയൊക്കെ കണ്ടിട്ടുണ്ട്. പക്ഷേ അവരുടെ പാർട്ടിയിൽത്തന്നെയുള്ള കേന്ദ്രത്തിലെ ധനകാര്യവകുപ്പു സഹമന്ത്രി ശ്രീ. ജനാർദ്ദൻ പൂജാരി പറഞ്ഞത് ഈ ബഡ്ജറ് കമ്മിയാണെന്നാണ്. ഈ ബഡ്ജറ് കമ്മിയല്ല മിച്ചമാണെന്നു സ്ഥാപിച്ചെടുക്കാൻവേണ്ടി ഡോ. കെ. സി. ജോസഫ് ചില കണക്കുകളൊക്കെ ഇവിടെ നിരത്തിവയ്ക്കുകയുണ്ടായി. പക്ഷേ ആ കണക്കുകളെല്ലാംകൂടി കൂട്ടിനോക്കിയാലും ഈ ബഡ്ജറ് മിച്ച

LIBRARY ARCHIVES Kerala Legislative Assembly

മാകാനുള്ള യാതൊരു സാദ്ധ്യതയും കാണുന്നില്ലെന്നുള്ളതാണ് വസ്തുത എന്താണു സർ, അതിന്റെ യാഥാർത്ഥ്യം? 1984 മാർച്ച് 31-ന് 75.24 കോടിരൂപ കമ്മിയും 1985 മാർച്ച് 31-ന് 204.98 കോടി രൂപ കമ്മിയുമുണ്ടായിരുന്ന സ്ഥാനത്ത് 1986 മാർച്ച് ആയപ്പോഴേയ്ക്കും അത് 168.14 കോടി രൂപയുടെ മിച്ചമായി മാറുകയാണു ചെയ്തത്. ഇങ്ങനെ 373.12 കോടി രൂപയുടെ വർദ്ധനവ്. ഒരുവർഷംകൊണ്ട് ഉണ്ടാക്കിയെടുക്കാൻ മുമ്പത്തെ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞെന്നുപറഞ്ഞാൽ അത് അദ്ഭുതം തന്നെയാണ്. എന്താ അദ്ദേഹത്തിന്റെ കൈയിൽ അലാവുദ്ദീന്റെ അദ്ഭുത വിളക്കുണ്ടോ? ഒരുവർഷംകൊണ്ട് 373.12 കോടി രൂപയുടെ അധികവരുമാനമുണ്ടാക്കിയെടുക്കാൻ അദ്ദേഹത്തിന് എങ്ങനെ കഴിഞ്ഞു? അദ്ദേഹം ഈ കണക്ക് ഉണ്ടാക്കിയെടുത്ത കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് ചില സംഭവങ്ങൾ നടക്കുന്നുണ്ടായിരുന്നു. കേരളാ കോൺഗ്രസ് കേന്ദ്രവിരുദ്ധ സമരം നടത്തുന്ന സന്ദർഭമായിരുന്നു അത്. നാളികേരത്തിന്റെ വിലയിടിവിനെതിരായി കേന്ദ്രത്തിനെതിരായി സമരം നടത്താൻവേണ്ടി റെയിൽപാളങ്ങളിലേക്കു കടക്കാൻ കേരള കോൺഗ്രസ്സുകാരെ നയിച്ചുകൊണ്ട് നേതാക്കന്മാർ പോയിരുന്ന സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട മുൻധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ഈ ബഡ്ജറ് ഇവിടെ അവതരിപ്പിച്ചത്. അതോടൊപ്പംതന്നെ ശ്രീ. കെ. എം. മാണി കഴിഞ്ഞകാലഘട്ടങ്ങളിൽ ധനകാര്യം ശരിയായ രീതിയിൽ കൈകാര്യം ചെയ്യാതെ ധനകാര്യ മാനേജ്മെന്റ് പ്രശ്നമാക്കിയതുകൊണ്ട് ഈ സംസ്ഥാനമാകെ പാപ്പരായിക്കഴിഞ്ഞുവെന്ന് കോൺഗ്രസ് (ഐ) യുടെ ഭാഗത്തുനിന്ന് സംഘടിതമായ പ്രചാരവേല ആരംഭിച്ച സന്ദർഭത്തിലാണ് ഈ മിച്ചബഡ്ജറ് അവതരിപ്പിച്ചത്. പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. പി. കെ. ഗോപാലകൃഷ്ണനടക്കമുള്ള ചില ആളുകൾ അന്നു പറഞ്ഞിരുന്നത് ഈ ധനകാര്യവകുപ്പുമന്ത്രി ഈ സംസ്ഥാനത്തെയാകെ നശിപ്പിക്കുകയാണെന്നാണ്. ഈ ധനകാര്യമന്ത്രിയുടെ കൈയിൽ ഈ സംസ്ഥാനത്തിന്റെ ഭാവി സുരക്ഷിതമല്ലെന്ന് കോൺഗ്രസ് (ഐ) യുടെ ഭാഗത്തുനിന്നും ശക്തമായ പ്രചാരവേല ആരംഭിച്ച ഒരു സന്ദർഭത്തിലാണ് ശ്രീ. കെ. എം. മാണി ഈ ബഡ്ജറവതരിപ്പിച്ചത്. ഈ സന്ദർഭത്തിൽ ഇങ്ങനെയൊരു മിച്ചബഡ്ജറവതരിപ്പിച്ചത് ധനകാര്യവകുപ്പു കൈകാര്യം ചെയ്ത ഈ സംസ്ഥാനത്തെ നല്ലനിലയിലെത്തിച്ചുവെന്നു കാണിക്കാൻ വേണ്ടിയാണ്. അതിനുവേണ്ടി ഉണ്ടാക്കിയ കള്ളക്കണക്കാണ് കഴിഞ്ഞ ബഡ്ജറിലുള്ളത്. അതുകൊണ്ട് ആ കണക്കുകളും കൊണ്ട് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ മുന്നോട്ടുപോകേണ്ട ആവശ്യമില്ല. അദ്ദേഹത്തിന് ഈ യാഥാർത്ഥ്യം മനസ്സിലായിട്ടുണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായി ചാർജെടുത്തതിനുശേഷം നമ്മുടെ സംസ്ഥാനത്തിലെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്ന കാര്യത്തെക്കുറിച്ചും പുതിയ വിഭവസമാഹരണത്തിന്റെ ആവശ്യകതയെക്കുറിച്ചും ഉന്നിപ്പറയുകയുണ്ടായി. പുതിയ മേഖലകളിൽനിന്ന് അതിനുള്ള സംഖ്യ കണ്ടെത്തണം. ദേശീയ സമ്പാദ്യ പദ്ധതിയിൽനിന്ന് 125 കോടിരൂപ ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നാണ് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ പറയുന്നത്. അങ്ങനെ പല മേഖലകളിൽനിന്നും പണമുണ്ടാക്കിയെടുക്കാനുള്ള ശ്രമത്തിലാണ് ശ്രീ. തച്ചടി പ്രഭാകരൻ. മുമ്പ് ഈ സംസ്ഥാനത്തിനകത്തുനിന്നു ലഭിക്കേണ്ട വിഭവങ്ങൾ ശരിയായി സമാഹരിക്കാത്തതിന്റെ ഫലമായിട്ട്, നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളിലേക്ക് വന്നുചേരേണ്ട സംഖ്യ സ്വരൂപിച്ചെടുക്കാൻ കഴിയാതെ വന്നതിന്റെ ഫലമായിട്ട് നമുക്കു ധാരാളം നഷ്ടം

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുണ്ടെന്നും കേന്ദ്രത്തിൽനിന്നും അർഹമായ തോതിൽ സംഖ്യ വകുടി ച്ചെടുക്കാൻപോലും നമുക്കു കഴിഞ്ഞിട്ടില്ലെന്നും പറഞ്ഞുകൊണ്ടുള്ള ശ്രീ. തച്ചടി പ്രഭാകരന്റെ ഒട്ടേറെ പ്രസ്താവനകളും വന്നിരിക്കുകയാണ്. ആലപ്പുഴയിൽ വച്ച് കയർ ഫെഡ്ഡിന്റെ ഒരു യോഗത്തിലാണ് അദ്ദേഹം ഈ പ്രസ്താവന ചെയ്തിട്ടുള്ളത്. മുമ്പത്തെ ധനകാര്യ മന്ത്രിക്ക് നമ്മുടെ സംസ്ഥാനത്തിനർഹമായ വിഹിതം ചോദിച്ചു വാങ്ങി ക്കാൻ കഴിഞ്ഞിട്ടില്ലെന്നും, ജനങ്ങളിൽനിന്നും ലഭിക്കേണ്ട വരുമാനം സ്വരൂ പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ലെന്നും നേരിട്ടല്ലെങ്കിലും അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതാണ് യാഥാർത്ഥ്യം. അങ്ങനെ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു ഇരുൾനിറഞ്ഞ ഭാവിയാ ണുള്ളത്. ഈ കണക്കുകൾ വച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷമാണിന്നുള്ളത്. ഈ സാമ്പത്തികവർഷമെന്നു പറ യുന്നത് തിരഞ്ഞെടുപ്പു വർഷമാണ്. ഈ തിരഞ്ഞെടുപ്പു വർഷ ത്തിൽ ഒരുപക്ഷേ പുതിയ കണക്കുകൾ അവതരിപ്പിച്ചുകൊണ്ട് ഈ സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാണെന്നു കാണിക്കാൻ ഭര ണകക്ഷിക്കാർക്ക് തിടുക്കമുണ്ടായേക്കാം. ശ്രീ. രാഘവൻ പൊഴക്കടവിൽ പറഞ്ഞതുപോലെ ശ്രീ തച്ചടി പ്രഭാകരൻ പ്രാക്ടിക്കലായ മനുഷ്യനും ശ്രീ. കെ. എം. മാണി തിയററ്റിക്കലായ മനുഷ്യനുമാണ്. തിയററ്റി ക്കലായ ശ്രീ കെ. എം മാണിയുടെ ബഡ്ജറ്റിലൂടെ പ്രാക്ടിക്കലായ ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിക്കുന്ന ധനകാര്യ നിർദ്ദേശങ്ങളാണിത്. ആ നിർദ്ദേശങ്ങളിലൂന്നി നിൽക്കാതെ ഒരുപക്ഷേ പുതിയ വിഭവസമാ ഹരണങ്ങൾക്കുള്ള പരിപാടികളുമായിട്ടായിരിക്കും അദ്ദേഹം മുന്നോട്ടു പോകുന്നത്. പക്ഷേ ശരിക്ക് ഈ സംസ്ഥാനത്തിന്റെ സ്ഥിതി യൊന്നു പരിശോധിച്ചു നോക്കിയാൽ ഈ സംസ്ഥാനത്തിനകത്തുനിന്നു ലഭിക്കേണ്ട വരുമാനം പൂർണ്ണമായും സ്വരൂപിച്ചെടുത്താൽപ്പോലും ഈ സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ സാധിക്കുകയില്ല. കേന്ദ്രഗവൺമെന്റ് ഈ സംസ്ഥാനത്തോടെ ടുക്കുന്ന സമീപനമെന്താണെന്നതാണ് വളരെ കാതലായ പ്രശ്നം. കേന്ദ്ര ത്തിൽനിന്ന് ഈ സംസ്ഥാനത്തിനർഹമായ തോതിലുള്ള സഹായം നമുക്ക് ലഭിച്ചിട്ടുണ്ടോ? 1982-ൽ നിയമസഭയിലേക്ക് തിരഞ്ഞെടുപ്പു നടന്നപ്പോൾ ഐക്യജനാധിപത്യമുന്നണിയുടെ നേതാക്കൻമാർ ഈ രാജ്യത്തു പറഞ്ഞ കാര്യങ്ങളെല്ലാം ഞങ്ങൾക്കറിയാം. ഞങ്ങൾ അധികാരത്തിൽ വന്നാൽ കേന്ദ്രത്തിൽനിന്ന് നിർല്ലോഭമായ സഹായസഹകരണങ്ങൾ കിട്ടുമെ ന്നാണു പറഞ്ഞത്. നിങ്ങൾക്കതു വാങ്ങിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? കേന്ദ്രഗവൺമെന്റ് വിൽപ്പന നികുതി നിയമത്തിൽ വരുത്തിയ ഭേദഗതി മൂലം പ്രതിവർഷം നമ്മുടെ സംസ്ഥാനത്തിന് 22 കോടിരൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. അങ്ങനെ 208 കോടി രൂപയുടെ നഷ്ടം 1985-86 വരെ നമ്മുടെ സംസ്ഥാനത്തിനുണ്ടായി. അതിനാവശ്യമായ എന്തു സഹാ യസഹകരണമാണ് നിങ്ങൾക്ക് കേന്ദ്രത്തിൽനിന്ന് ലഭിച്ചിട്ടുള്ളത്? ഇപ്പോഴാണെങ്കിൽ കെ. പി. സി. സി. (ഐ) യുടെ പ്രസിഡൻറ് ശ്രീ. സി. പി. പത്മരാജൻ പറയുന്നു കേന്ദ്രത്തിനെതിരായി സംസാരിക്കുന്ന ഒരാളും ഞങ്ങളോടൊപ്പം വേണ്ട എന്ന്. അതായത് കേന്ദ്രവുമായി ഏറ്റു മുട്ടാൻ തയ്യാറുള്ള അല്ലെങ്കിൽ കേന്ദ്രത്തിന്റെ നയത്തിനെ എതിർക്കുന്ന ഒരാളും ഞങ്ങളോടൊപ്പം വേണ്ടെന്നാണ് ശ്രീ. പത്മരാജൻ പറഞ്ഞിരിക്കു ന്നത്. അങ്ങനെയുള്ള ഒരു തിരഞ്ഞെടുപ്പു മുന്നണിയാണ് ഉണ്ടാക്കാൻ പോകുന്നതെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. അങ്ങനെയാണെ കിൽ കേരള കോൺഗ്രസ്സുകാർ ആ മുന്നണിയിലുണ്ടാകുമോ, അവർക്ക് ആ മുന്നണിയോടൊപ്പം നിൽക്കാൻ സാധിക്കുമോ? രാജീവ് ഗാന്ധി

LIBRARY ARCHIVES Kerala Legislative Assembly

യെന്നു പറഞ്ഞാൽ മഹാവിഷ്ണുവാണോ എന്നാണ് ശ്രീ. ആർ. ബാല കൃഷ്ണപിള്ള മുമ്പു ചോദിച്ചത്? രാജീവ്ഗാന്ധിയെന്നു പറഞ്ഞാൽ മഹാവിഷ്ണുവാണോയെന്നു ചോദിച്ച ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയും കേന്ദ്രത്തിൽനിന്ന് അർഹമായതു വാങ്ങിച്ചെടുക്കണമെന്നും വേണ്ടി വന്നാൽ കേന്ദ്രത്തിനെതിരെ സമരം നടത്തുമെന്ന് കഴിഞ്ഞവർഷംവരെ പ്രഖ്യാപിക്കുകയും കഴിഞ്ഞ കേരള കോൺഗ്രസ്സിനും നിങ്ങളോടൊപ്പം നിൽക്കാൻ കഴിയുമോ? അപ്പോഴാ കേന്ദ്രത്തിൽനിന്ന് ന്യായമായ വിഹിതം വാങ്ങിച്ചെടുക്കാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉണ്ട്. കേന്ദ്രത്തിൽനിന്ന് മറ്റു സംസ്ഥാനങ്ങൾ അവർക്ക് അർഹമായ വിഹിതം വാങ്ങിച്ചെടുക്കാൻ വേണ്ടി പരമാവധി പരിശ്രമിക്കുന്ന ഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തി നർഹമായത് വാങ്ങിച്ചെടുക്കാൻ സാധിക്കുന്നില്ലെന്നുമാത്രമല്ല കേന്ദ്രം നിരന്തരമായ അവഗണന കാണിച്ചിട്ടും അതിനെതിരായി ഒരക്ഷരംപോലും സംസാരിക്കാനുള്ള തന്റേടവും നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റിനുണ്ടാകുന്നില്ല. നമ്മുടെ ഇപ്പോഴത്തെ ധനകാര്യവകുപ്പുമന്ത്രി ദേശീയ വീക്ഷണമുള്ള പാർട്ടിയിൽപ്പെട്ട ആളാണ്. അദ്ദേഹത്തിനു മുമ്പ് സങ്കുചിതമായ വീക്ഷണത്തിൽപ്പെട്ട പാർട്ടിയിലുള്ള ആളുകളായിരിക്കും ധനകാര്യം കൈകാര്യം ചെയ്തത്. കേന്ദ്രത്തിൽനിന്ന് നമുക്കുകിട്ടാനുള്ള സംഖ്യ ഈ അനുകൂലസാഹചര്യം ഉപയോഗപ്പെടുത്തി വാങ്ങിക്കാനോ ഈ സംസ്ഥാനത്തെ അവഗണിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ നയത്തിനെതിരായി ശക്തിയായി സംസാരിക്കാനോ നിങ്ങൾക്ക് സാധിക്കുമോയെന്നുള്ളതാണ് ഇവിടത്തെ പരമപ്രധാനമായ പ്രശ്നം. നിങ്ങൾക്ക് വിവിധ മേഖലകളിൽനിന്നും നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വരുമാനം പിരിച്ചെടുക്കാൻപോലും കഴിയുന്നില്ല. സെയിൽസ് ടാക്സ് ഇനത്തിൽത്തന്നെ എത്രയോ സംഖ്യ ഇനിയും പിരിഞ്ഞുകിട്ടാനുണ്ട്. അഗ്രിക്കൾച്ചർ ഇൻകംടാക്സ് ഇനത്തിൽ മാത്രം ധാരാളം സംഖ്യ ഇനിയും സ്വരൂപിച്ചെടുക്കാനുണ്ട്. മുമ്പത്തെ ധനകാര്യവകുപ്പു മന്ത്രിക്ക് ഒരു സൂത്രമുണ്ട്. അദ്ദേഹം ധനകാര്യ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ തന്നെ ലക്ഷ്യമിടുന്ന സംഖ്യ വളരെക്കുറച്ചാക്കുകയും എന്നിട്ട് അതിൽക്കൂടുതൽ പിരിച്ചുവെന്നു പറഞ്ഞ് അഭിമാനിക്കുകയും ചെയ്യും. ആ സ്ഥിതിയിലുള്ള നീക്കങ്ങളായിരുന്നു മുമ്പത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ ധനകാര്യ ബഡ്ജറ്റ് അവതരിപ്പിച്ചിരുന്ന സന്ദർഭത്തിൽ നിങ്ങൾ കാണിച്ചിരുന്നതിൽ നിന്നും കൂടുതലായി എത്രയോ ചെലവുകൾ ഈ സംസ്ഥാനത്ത് ഇനി വരാൻ പോകുകയാണ്. പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുന്നതിനുവേണ്ടി അതിൽ സംഖ്യ നീക്കിവച്ചിട്ടില്ല. പ്രീഡിഗ്രി ബോർഡ് രൂപീകരിക്കപ്പെട്ടാൽ നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യതയെപ്പറ്റിയൊന്നും അതിൽ പറയുന്നില്ല. അങ്ങനെയുള്ള ഒട്ടേറെ കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഇനി വരാൻ പോകുകയാണ്. പുതിയ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ ചില പ്രസ്താവനകളൊക്കെ ഈയടുത്ത ദിവസത്തിൽ ഇറക്കിയിട്ടുണ്ട്. അദ്ദേഹം തന്നെയാണോ അതു നടത്തിയതെന്ന് എനിക്കറിയാൻ പാടില്ല. ചില വാരികകളിലൊക്കെ അത് അച്ചടിച്ചുവന്നിരിക്കുകയാണ്. ഒരു വാരികയുമായി അദ്ദേഹം നടത്തിയ അഭിമുഖ സംഭാഷണത്തിൽ അദ്ദേഹം പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൽ ഒരു താലൂക്ക് ഈ ആഗസ്റ്റ് ഒന്നാംതീയതി മുതൽ നിലവിൽവരാൻ പോകുകയാണെന്നാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹം പറഞ്ഞതാണോ അതോ ആ വാരിക അച്ചടിച്ചതാണോയെന്ന് എനിയ്ക്കറിയില്ല. പുതിയ താലൂക്കുകൾ വരുന്നതിനോട്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ എതിരല്ല. എന്നാൽ പുതിയ താലൂക്കുകളുടെ കാര്യം ഗവൺമെൻറ് ഇപ്പോൾ പരിഗണിക്കുന്നതല്ലെന്നു റവന്യൂ വകുപ്പുമന്ത്രിതന്നെ ഇവിടെ പലപ്രാവശ്യം പറയുകയുണ്ടായി.

ശ്രീ. വി. ദിനകരൻ: സർ, കായംകുളത്തെ ജില്ല രൂപീകരിക്കണമെന്നു പറഞ്ഞു മാർക്സിസ്റ്റ് പാർട്ടി സമരം ചെയ്ത കാര്യം മെമ്പർക്ക് അറിയാമോ?

ശ്രീ. എ. കെ. പത്മനാഭൻ: സർ, കായംകുളത്ത് താലൂക്ക് വരുന്നതിന് ഞാൻ എതിരല്ല. കായംകുളത്ത് താലൂക്ക് വരുന്നതോടൊപ്പം തന്നെ പുതിയ താലൂക്കുകൾക്കുവേണ്ടിയുള്ള മറ്റു ചില നിർദ്ദേശങ്ങളും പരിഗണിക്കണം. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് കോഴിക്കോട് ജില്ലയിൽ താമരശ്ശേരി, പേരാമ്പ്ര എന്നീ 2 താലൂക്കുകൾ ഭാഗിക്കാനുള്ള നിർദ്ദേശമുണ്ടായിരുന്നു. പുതിയ ധനകാര്യമന്ത്രി കായംകുളം താലൂക്കുണ്ടാക്കുമ്പോൾ ഈ താലൂക്കുകളുടെ കാര്യംകൂടി പരിഗണിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. അപ്പോൾ, അതിൻെറയും സാമ്പത്തിക ബാദ്ധ്യത വരാൻപോകുകയാണ്. അങ്ങനെ, യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത കള്ളക്കണക്കുകൾ അവതരിപ്പിച്ചുകൊണ്ട് ഈ സംസ്ഥാനത്തിൻെറ ഭാവിയെ സംബന്ധിച്ചു ശോഭനമായ ഒരു ചിത്രം വരച്ചുകാട്ടി കേന്ദ്രത്തിൽനിന്നു ലഭിക്കേണ്ട വീതംപോലും വാങ്ങിച്ചെടുക്കാൻ സാധിക്കാത്ത വിധത്തിൽ അവതരിപ്പിച്ചിട്ടുള്ള ഈ ധനകാര്യബില്ലിനെ ഞാൻ എതിർക്കുകയാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ധനകാര്യ ബില്ലിൻെറ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും കൂടുതൽ വിഭവസമാഹരണത്തിനുവേണ്ടി നടത്തിയിട്ടുള്ള സൃഷ്ടിപരമായ നിർദ്ദേശങ്ങൾക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഇവിടെ ഒരു കാര്യം വലിയ വിവാദപരമായി പ്രതിപക്ഷം അവതരിപ്പിക്കുകയുണ്ടായി. അത് ബഡ്ജറ്റ് കമ്മിയാണോ മിച്ചമാണോ എന്നുള്ളതിനെ സംബന്ധിച്ചാണ്. ഇന്നത്തെ ചർച്ചകളോടുകൂടി നമുക്ക് അത് അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം അങ്ങനെയൊരു സംശയം ഈ സഭയ്ക്കകത്തും പുറത്തുമുണ്ടായതിനെത്തുടർന്ന് ഞാൻ ഈ സഭയിൽത്തന്നെ രേഖാമൂലമായ ഒരു സ്റ്റേറ്റ്മെൻറ് സമർപ്പിക്കുകയുണ്ടായി. ഇന്ന് ഒന്നുകൂടി ഞാൻ അത് ആവർത്തിക്കാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ എൻെറ മുൻഗാമി അവതരിപ്പിച്ച ബഡ്ജറ്റിൽ വളരെ ക്ലിയറായിട്ട് പറയുന്നുണ്ട്; റവന്യൂ കണക്കനുസരിച്ച് വരവ് 1418.88 കോടി രൂപയും ചെലവ് 1520.99 കോടിയുമാണ്. ആ ഇനത്തിൽ റവന്യൂ കണക്കനുസരിച്ചുള്ള കമ്മി 101.11 കോടിയാണ്. പക്ഷേ ക്യാപ്പിറ്റൽ അക്കൗണ്ട് വന്നയവസരത്തിൽ വരവ് 441.05 കോടിയും ചെലവ് 472.33 കോടിയും അതിൽ കമ്മി 31.28 കോടി രൂപയുമാണ്. പബ്ലിക് അക്കൗണ്ടനുസരിച്ചുള്ള വരവ് 1651.36 കോടി രൂപയും ചെലവ് 1577.39 കോടി രൂപയും അതിലെ മിച്ചം 73.9 കോടി രൂപയുമാണ്. ഈ മൂന്ന് അക്കൗണ്ടിലുള്ള കമ്മിയാണ് 59.4 കോടി രൂപ. കേന്ദ്രഗവൺമെൻറിൻെറ ഒരു കണക്ക്. എല്ലാ സ്റ്റേറ്റുകളിലും അവർ കണക്കാക്കുന്നത് ഈ 3 അക്കൗണ്ടിലുള്ള വരുമാനം അടിസ്ഥാനമാക്കി എടുത്തുകൊണ്ടാണ്. അതാണ് കേന്ദ്രധനകാര്യമന്ത്രി പൂജാരി അങ്ങനെയൊരു സ്റ്റേറ്റ്മെൻറ്

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ കാരണം. പക്ഷേ ഇവിടെ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന കണക്കനുസരിച്ച് 15.62 കോടി രൂപ മിച്ചമാണ്. ഓപ്പണിംഗ് സർപ്ലസ് 82.13 കോടി രൂപയും 1986-87-ലെ അധിക വിഭവസമാഹരണം ഇന്ന് ഇവിടെ കൊണ്ടുവന്നിരിക്കുന്ന ധനകാര്യബില്ലനുസരിച്ച് 27.9 കോടി രൂപയും, അങ്ങനെ 110.03 കോടി രൂപയായിരുന്നപ്പോൾ നേരത്തെ പറഞ്ഞ മൈനസ് 59.4 കോടി രൂപ കുറച്ചുകഴിയുമ്പോൾ ബാക്കി മിച്ചം 50.63 കോടി രൂപയാണ്. 50.63 കോടി രൂപയുള്ളപ്പോൾ കഴിഞ്ഞ വർഷത്തെ കുടിശ്ശികയ്ക്കുവേണ്ടി 20 കോടി രൂപയും, ഈ വർഷത്തെ കുടിശ്ശികയ്ക്കുവേണ്ടി 15 കോടി രൂപയും ആണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. ബാക്കിയുള്ള 35 കോടി രൂപ തട്ടിക്കഴിച്ചപ്പോൾ 15.63 കോടി രൂപ മിച്ചമുണ്ടാകുമെന്നാണ് എന്റെ മുൻഗാമി ഈ സഭയിൽ കണക്ക് അവതരിപ്പിച്ചിട്ടുള്ളത്. അപ്പോൾ കണക്കുകൂട്ടൽ വ്യക്തമായിരിക്കുന്ന സാഹചര്യത്തിൽ, സഭയിൽ വന്ന ഒരു പ്രമേയത്തെക്കുറിച്ച് വാസ്തവത്തിൽ നമ്മൾ വിവാദപരമായി മുന്നോട്ടു പോകേണ്ട ആവശ്യമില്ല. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനകാര്യബിൽ ഇനി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകുന്നതുകൊണ്ടും ഇതിനുശേഷം വീണ്ടും സംസാരിക്കണമെന്നുള്ളതുകൊണ്ടും ഞാൻ ഇപ്പോൾ ദീർഘമായി ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കുന്നില്ല. നമ്മൾ ഇവിടെ 27.9 കോടി രൂപയാണ് പുതിയ നിർദ്ദേശമായി വച്ചിട്ടുള്ളത്. ശ്രീമതി ഗൗരിയമ്മ ഇവിടെ നേരത്തെ ചോദിച്ചു 20 കോടി എങ്ങനെ കിട്ടുമെന്ന്? 20 കോടിയല്ല കിട്ടേണ്ടത്. ശ്രീമതി ഗൗരിയമ്മയെപ്പോലുള്ള ആളുകൾ ക്കറിയാം നമ്മുടെ രാജ്യത്തെ ഗ്രാമങ്ങളിൽ കുറഞ്ഞ വിലവച്ചാണ് പ്രമാണങ്ങൾ നടക്കുന്നത്. ഇത് എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. അതുകൊണ്ടാണ് ഒരു കമ്മീഷനെ വച്ച് ഇക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുകയുണ്ടായത്. ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് പരിശോധിച്ച് ഓരോ പ്രദേശമെടുത്തു വില്ലേജുകളിലും പട്ടണങ്ങളിലുമുള്ള ഭൂമിയുടെ കുറഞ്ഞ വില നിശ്ചയിച്ച് കളക്ടർമാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുവേണ്ട ബില്ല് ഗവൺമെന്റ് തയ്യാറാക്കി വച്ചിരിക്കുന്നു. പക്ഷേ ആ ബില്ല് പാസ്സാക്കാൻ അൽപ്പം കാലതാമസമുണ്ടാകും. ഏകദേശം സെപ്റ്റംബർ മാസമാകുമ്പോഴേക്കും ഇതു നടപ്പിലാക്കത്തക്കരീതിയിൽ വന്നുകഴിഞ്ഞാൽ 50 കോടി രൂപയുടെ സ്ഥാനത്ത് 20 കോടി രൂപ കൂടി സമാഹരിക്കാൻ കഴിയും.

ശ്രീമതി കെ. ആർ. ഗൗരി: കളക്ടർമാർ ഇതൊക്കെ തീരുമാനിക്കുന്നതിന് ഒരു നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്താലും ഭൂമിയുടെ വില എന്താണെന്നുള്ളതിന് ഒരു മാനദണ്ഡമില്ലേ? കളക്ടർ ഇറങ്ങിനടന്ന് അന്വേഷിച്ചിട്ട് വില നിശ്ചയിച്ചാൽ മതിയോ? അതിന് ഒരു മാനദണ്ഡം സ്വീകരിച്ചിട്ടില്ല. സാധാരണ ലാൻഡ് അക്വിസിഷനാണ് നമ്മൾ മാനണ്ഡമായി എടുക്കുന്നത്. ആ ലാൻഡ് അക്വിസിഷൻ വിലയാണോ നിങ്ങൾ പറയുന്നത്? എങ്കിൽ ഒന്നും കിട്ടാൻ പോകുന്നില്ല.

ശ്രീ. തച്ചടി പ്രഭാകരൻ: ഓരോ പ്രദേശത്തെ വിലയെ സംബന്ധിച്ചിടത്തോളം, ലാൻഡ് അക്വിസിഷന്റെയും അതുപോലെയുള്ള നടപടികളുടെയും അടിസ്ഥാനത്തിൽ കളക്ടർമാർക്ക് ഇപ്പോഴത്തന്നെ ഒരു ധാരണയുണ്ട്. പഴയ പല പ്രമാണങ്ങളും എടുത്തു പരിശോധിച്ചു നോക്കിയപ്പോൾ ലാൻഡ് അക്വിസിഷനിൽ വരുന്ന വിലയേക്കാൾ 100 ശതമാനം വരെ കുറച്ചാണ് പഴയ പ്രമാണങ്ങൾ നടത്തിയിട്ടുള്ളത്. അതുകൊണ്ട് സമഗ്രമായ ഒരു പരിശോധന നടത്തി വ്യക്തമായ ഒരു വില

LIBRARY ARCHIVES Kerala Legislative Assembly

നിർണ്ണയം നടപ്പിലാക്കണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ആഗ്രഹം. ബഡ്ജറ്റിൽ നിർദ്ദേശിച്ച നികുതിയിളവുകൾക്കെല്ലാം ഫിനാൻഷ്യൽ ബിൽ കൊണ്ടുവരണമെന്ന ഗൗരിയമ്മയുടെ നിർദ്ദേശം നടപ്പിലാക്കാൻ യാതൊരു നിവൃത്തിയുമില്ല. അങ്ങനെയൊരു കീഴ്വഴക്കവുമില്ല. ഗൗരിയമ്മ തന്നെ മന്ത്രിയായിരുന്നയവസരത്തിൽ ചില നികുതിയിളവുകൾ എക്സിക്യൂട്ടീവ് അധികാരം ഉപയോഗിച്ചുകൊണ്ട് പലപ്പോഴും നടത്തിയ സാഹചര്യം ഉണ്ടായിട്ടുണ്ട്. ഗൗരിയമ്മ പറഞ്ഞ മറ്റൊരു കാര്യം സെയിൽസ് ടാക്സിനെപ്പറ്റിയാണ്. സെയിൽസ് ടാക്സ് നിയമത്തിലെ സെക്ഷൻ 10 അനുസരിച്ച് 31-3-1986—ൽ തന്നെ ഗസറ്റിൽ നോട്ടിഫിക്കേഷൻ വന്നിട്ടുണ്ട്. അങ്ങനെ ആ ഭേദഗതിയനുസരിച്ച് ഇക്കാര്യം നടപ്പിലാക്കുന്നതിന് ഗവൺമെൻറിന് വൈമനസ്യമില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഷെഡ്യൂൾ നോട്ടിഫിക്കേഷൻ വന്നോ? ഞങ്ങളാരും കണ്ടില്ല. അതുകൊണ്ടാണ് ചോദിച്ചത്. ഷെഡ്യൂളാണ് നോട്ടിഫിക്കേഷനായി വരേണ്ടത്. അത് നോട്ടിഫിക്കേഷനായി ഇഷ്യൂ ചെയ്യാൻ പറ്റുകയില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഫൈനാൻസ് ബിൽ, വളരെ ഇളവ് ചെയ്യുമെന്ന്. നിങ്ങൾക്ക് വേണമെങ്കിൽ പിരിക്കാതിരിക്കാം. പക്ഷേ ഉദ്യോഗസ്ഥൻമാർ പിരിക്കും. ഉദ്യോഗസ്ഥൻമാർ ഇതിൽ നിൽക്കുന്ന കാലമത്രയും പിരിക്കും.

ശ്രീ. തച്ചടി പ്രഭാകരൻ: സെയിൽസ് ടാക്സ് ആക്ടിലെ സെക്ഷൻ 10 അനുസരിച്ച് നോട്ടിഫൈ ചെയ്താൽ മതി. ഏതു സെയിൽസ് ടാക്സിനും എക്സംപ്ഷൻ കൊടുക്കണമെങ്കിൽ സെക്ഷൻ 10 അനുസരിച്ച് നോട്ടിഫിക്കേഷൻ വേണമെന്നു മാത്രമേയുള്ളൂ. അതനുസരിച്ച് ഗവൺമെൻറ് നോട്ടിഫൈ ചെയ്താണ് നികുതിയിളവു തന്നിരിക്കുന്നത്. ചില കാര്യങ്ങൾ ഗവൺമെൻറ് ചെയ്യണമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് നികുതി വെട്ടിക്കുന്ന സാഹചര്യമുണ്ടാകരുതെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. നികുതി വെട്ടിക്കുന്ന സാഹചര്യം തടയാൻവേണ്ടി നമ്മുടെ ചെക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തമാക്കാൻ തീരുമാനിച്ച കാര്യം ഞാൻ നേരത്തേതന്നെ സൂചിപ്പിക്കുകയുണ്ടായി. നമ്മൾ എത്ര ശ്രമിച്ചാലും നമ്മുടെ ചെക്പോസ്റ്റുകളിൽക്കൂടി വാഹനങ്ങൾ നികുതി വെട്ടിച്ചു പുറത്തുപോകുന്നുണ്ടെന്ന യാഥാർത്ഥ്യം ഞാൻ വിസ്മരിക്കുന്നില്ല. അതുകൊണ്ടാണ് ചെക്പോസ്റ്റുകളിലെ പരിശോധന കുറച്ചുകൂടി ശക്തമായ രീതിയിൽ നടത്താനുള്ള നടപടി ഗവൺമെൻറ് സ്വീകരിച്ചത്. വിജിലൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ചു. വിജിലൻസ് സ്ക്വാഡുകളെക്കൂടി വിജിലൻസിനെക്കൊണ്ട് പരിശോധിപ്പിക്കുന്നതിനാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. 3 മേഖലകളിലായി തിരിച്ച് ഐ. എ. എസ്., ഐ. പി. എസ്. ഉദ്യോഗസ്ഥൻമാരുടെ നേതൃത്വത്തിൽ 3 വിജിലൻസ് സ്ക്വാഡുകൾ കൂടി ഉണ്ടാക്കണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. നേരത്തേ ശ്രീ. പങ്കജാക്ഷൻ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഇനി ഒരു പുതിയ നികുതിനിർദ്ദേശമുണ്ടാക്കിക്കൊണ്ട് നമ്മുടെ വിഭവസമാഹരണം വലുതായി വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് ഗവൺമെൻറ് വിശ്വസിക്കുന്നില്ല.

ശ്രീ. ഇ. കെ. നായനാർ: കൂടുതൽ നികുതി ചുമത്തിക്കൊണ്ട് വിഭവസമാഹരണം നടത്താൻ സാധിക്കുകയില്ലെന്നു നിങ്ങൾ പറയുമ്പോൾ തന്നെ നമ്മൾ ഇവിടെ പാസ്സാക്കിയെടുത്തിട്ടുള്ള ബഡ്ജറ്റ് പ്രസംഗ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ 130 കോടി രൂപ കൂടുതൽ ഉണ്ടാക്കിയാലേ 7–ാം പദ്ധതിയിലേക്ക് പണമുണ്ടാകുകയുള്ളൂ, നടപ്പാക്കാൻ കഴിയുകയുള്ളൂ എന്ന് പേജ് 33–ൽ പറയുന്നു. അതിനാകെ വേണ്ടത് 322 കോടി രൂപയാണ്. അത് ഇവിടെയുണ്ടാക്കാം, 130 കോടി ഞങ്ങൾ പിരിച്ചെടുത്തുകൊള്ളാം എന്നു മാണിയും മുഖ്യമന്ത്രിയും ഉറപ്പു കൊടുത്തിരിക്കുകയാണ്. ആ പിരിച്ചെടുക്കുന്ന പണം എവിടെ നിന്നാണ്?

ശ്രീ. തച്ചടി പ്രഭാകരൻ: 1985–86–ലെ ബഡ്ജറിൽ സെയിൽസ് ടാക്സിനത്തിൽത്തന്നെ 385 കോടി രൂപ പിരിച്ചെടുക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 454 കോടി രൂപ 1985–86–ൽ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ബഡ്ജറിൽ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിനുവേണ്ടി 14.22 കോടി രൂപ പിരിക്കണമെന്നു നിശ്ചയിച്ചപ്പോൾ ആ ഇനത്തിൽ 22 കോടി രൂപ പിരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് ഗവൺമെന്റ് 454 കോടി രൂപയുടെ സ്ഥാനത്ത്, അധികനികുതി വരുമാനമാക്കി സെയിൽസ് ടാക്സിലും അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിലും 100 കോടി രൂപയെങ്കിലും സമാഹരിക്കണമെന്ന് ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം കൊടുത്തിരിക്കുന്നത്. 100 കോടി രൂപയെങ്കിലും ആ ഇനത്തിൽ മാത്രമായിട്ടാണ് വരുന്നത്. അതുപോലെതന്നെ കഴിഞ്ഞ വർഷം എക്സൈസ് .....

ശ്രീമതി കെ. ആർ. ഗൗരി: ആരോ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു കഴിഞ്ഞകൊല്ലം അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ഉണ്ട്. ഇൻകം ടാക്സിനു ബദലായി ഒരു ഏക്കറിന് 50 ഉറുപ്പിക എന്നു പറഞ്ഞുകൊണ്ട് ഒരു ടാക്സ് വന്നിട്ടുണ്ട്. അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ഇനിയും കിട്ടുമെന്നാണോ പറയുന്നത്? ഒന്നോ രണ്ടോ ഏക്കർ ഒഴിച്ച് ബാക്കിയുള്ള ഓരോ ഏക്കറിനും 50 ക. ഫ്ളാറ്റായിട്ട് ഒരു ടാക്സ് കൊണ്ടുവന്നിട്ടുണ്ട്. അത് നടപ്പിലാക്കാൻ നിയമം വന്നുകഴിഞ്ഞു. അത് നടപ്പിൽവന്നു കഴിഞ്ഞാൽ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് കിട്ടുമെന്നാണോ പറയുന്നത്?

ശ്രീ. തച്ചടി പ്രഭാകരൻ: അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് കഴിഞ്ഞ വർഷം കിട്ടിയിരുന്നത് 22 കോടി രൂപയാണ്. ഫൈനാൻസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരെ വിളിച്ചുകൂട്ടി, ഓരോ കമോഡിറ്റിയിലും എത്ര കളക്ഷൻ ചെയ്യുന്നുവെന്നുള്ളതിനെ സംബന്ധിച്ച് ഒരു വ്യക്തമായ രേഖ തയ്യാറാക്കണമെന്ന് മുൻപൊരിക്കൽ ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ ഗവൺമെന്റിന്റെ കൈവശം രേഖ കിട്ടിയിട്ടുണ്ട്. ആ രേഖവച്ച് ഓരോ കമോഡിറ്റിയുടെയും ഉൽപ്പാദനം നമുക്കറിയാം. റബ്ബറിന്റെ ഉൽപ്പാദനം എത്രയാണെന്ന് നമുക്കറിയാം. ഉൽപ്പാദിപ്പിക്കുന്നതിനനുസരിച്ച് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ടാക്സ് കിട്ടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ വേണ്ട നടപടികളെപ്പറ്റി ഞാൻ പറയാം. ഇപ്പോൾ സെയിൽസ് ടാക്സ് കൂടുതൽ വരുന്നുണ്ട്. പെട്രോളിൽനിന്നും പെട്രോളിയം പ്രോഡക്റ്റ്സിൽനിന്നുമാണ് 106.87 കോടി രൂപ. ടീ–6,75,00,000, കോഫി–4,48,00,000, റബ്ബർ–18.5 കോടി, കാർഡമം–2.4 കോടി, പെപ്പർ–4 കോടി, കാഷ്യൂ... ഇങ്ങനെ ഓരോ ഐറ്റംസ് തിരിച്ച് എത്ര ഇൻകം ഉണ്ടാകും എന്ന് അറിയാൻ വിഷമമില്ല. റബ്ബർ ബോർഡിന്റെ കണക്കനുസരിച്ചാണെങ്കിൽ കേരളത്തിൽ എത്ര റബ്ബർ ഉൽപ്പാദിപ്പിക്കുന്നു എന്നറിയാനുള്ള മാർഗ്ഗമുണ്ട്. പക്ഷേ ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് ഇതുവരെ ഇങ്ങനെ ഓരോ ഇനത്തിലും ഉണ്ടാകുന്ന പ്രോഡക്ടിവിറ്റിയെക്കുറിച്ച് പരിശോധന നടത്താൻ ശ്രദ്ധിച്ചിട്ടില്ലെന്നാണ് അവരുടെ ചർച്ചയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. എങ്ങനെയാണ് ഓരോ പ്രോഡക്ട്സും കേരളത്തിൽ ഉണ്ടാക്കുന്നത്? മറ്റൊരു കാര്യമുള്ളത്, ഇവിടെ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ 90 ശതമാനവും പുറത്തുകൊണ്ടു പോയിട്ടാണ് വിൽക്കുന്നത്. അതുകൊണ്ടാണ് ടാക്സ് കിട്ടാതെ പോകുന്നതെന്ന് ഗവൺമെന്റിന് ബോദ്ധ്യം വന്നിട്ടുണ്ട്. റബ്ബർ ഗ്രോവേഴ്സിന്റെ പേരിൽ കച്ചവടക്കാരായ ആളുകൾ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ ഒരു നല്ല പങ്ക് കേരളത്തിനു വെളിയിൽ കൊണ്ടുപോയി വിൽക്കുന്നതുകൊണ്ട് കേരളത്തിനു ടാക്സ് കിട്ടാതെ പോകുന്നുണ്ട്. ഫരീദാബാദിലോ യു. പി. യിലോ മഹാരാഷ്ട്രയിലോ റബ്ബർ ചെന്നാൽ ടാക്സ് അടയ്ക്കാത്ത റബ്ബറിന് കിലോവിന് 100 ഉം 150-ഉം കമ്പോളത്തിൽ കിട്ടുന്നുണ്ട്. കാരണം വലിയ റബ്ബർ ഫാക്ടറികളിൽ ടാക്സ് അടയ്ക്കാത്ത റബ്ബറാണെങ്കിൽ അവർക്ക് അൺ അക്കൗണ്ടഡ് ആക്കാം. ഉൽപ്പാദനം ടാക്സിൽനിന്ന് ഒഴിവാക്കാം. അതുകൊണ്ട് ഗവൺമെന്റ് വളരെ കഠിനമായി സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. കൃഷിക്കാരന്റെ പേര് പറഞ്ഞുകൊണ്ട് കച്ചവടക്കാർ ചൂഷണം ചെയ്യുന്ന സമ്പ്രദായമുണ്ട്. ഒരു സാധനങ്ങളും പുറത്തു കടത്താൻ പാടില്ലെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് 100 കോടിരൂപയുടെ സ്ഥാനത്ത് കുറച്ചുകൂടി ചിലപ്പോൾ പിരിക്കാൻ കഴിയുമെന്നുള്ള ആത്മവിശ്വാസമാണ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർക്കുള്ളത്. ആ രീതിയിൽ നമുക്ക് വിഭവങ്ങൾ സമാഹരിച്ചുകൊണ്ട് മുന്നോട്ടുപോകുവാനുള്ള സാദ്ധ്യതയുണ്ട്. ബഹുമാന്യപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞതുപോലെ ടാക്സ് എന്ന ഒറ്റനിന്നത്തിൽ മാത്രമുള്ള പിരിവുകൊണ്ടല്ല ഇവിടെ വിഭവം സമാഹരിക്കുന്നത്. നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ ചെലവുകൾ കുറച്ചുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തുന്നതാണ്. അതുപോലെതന്നെ ഞാൻ ഇവിടെ നേരത്തെ പല പ്രസ്താവനകളിലും സൂചിപ്പിച്ചതുപോലെ വരുമാനമായി കാണാൻ കഴിയുന്ന മറ്റൊരു ദേശീയ സമ്പാദ്യ പദ്ധതി വളരെ വ്യാപകമായ രീതിയിൽ എല്ലാവിധജനങ്ങളുടെയും പാർട്ടിസിപ്പേഷനോടുകൂടി നടത്തി 100 കോടി രൂപയെങ്കിലും കുറഞ്ഞത് പിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. പക്ഷേ 150 കോടിയിൽ എങ്കിലും എത്തിക്കാമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഓഗസ്റ്റ് 9-ാം തീയതി മുതൽ പോകുന്നത്. പക്ഷേ ആ 150 കോടി കിട്ടും എന്ന് സങ്കൽപ്പിച്ചുകഴിഞ്ഞാൽ 100 കോടിരൂപയും നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ള സാഹചര്യമുണ്ടാകും. അതിന്റെ മൂന്നിൽരണ്ട് 25 വർഷക്കാലം കൊണ്ട് തിരിച്ച് അടയ്ക്കുകയും വേണം. കേന്ദ്രഗവൺമെന്റ് ഇത് പ്ലാനിംഗിനായി കണക്കാക്കി നമ്മുടെ വിഹിതമായി നമുക്ക് വിനിയോഗിക്കാൻ അനുവദിക്കുന്നതുകൊണ്ട് വ്യാപകമായ രീതിയിൽ ഈ രാജ്യത്ത് ദേശീയ സമ്പാദ്യ പദ്ധതി വളർത്തി സാമ്പത്തിക ഞെരുക്കത്തിന് ഒരു പരിധി വരെ പരിഹാരം ഉണ്ടാക്കണമെന്നുള്ളതാണ് ആഗ്രഹം. അങ്ങനെയുള്ള ....പല.... .....(തടസ്സം).....

ശ്രീ. വി. കെ. രാജൻ: 3 ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുമെന്ന് ഉദ്ദേശം പറഞ്ഞു; അത് എവിടെയെല്ലാമാണ് സ്ഥാപിക്കുന്നതെന്ന് പറയാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: കേരളത്തിലാകെ 45 ചെക്ക്പോസ്റ്റുകളാണുള്ളത്. ആ 45 ചെക്കുപോസ്റ്റുകളിൽ അമ്പതിന. ആന്ധ്രാവിൽ,

LIBRARY ARCHIVES Kerala Legislative Assembly

വാളയാർ, മഞ്ചേരി എന്നിങ്ങനെ പ്രധാനപ്പെട്ടതും ഏറ്റവും കൂടുതൽ വാഹനങ്ങൾ പോകുന്നതുമായ നാലഞ്ച് ചെക്ക്പോസ്റ്റുകളാണ്. ബാക്കിയുള്ളവ ചെറിയ ഇൻറേണൽ ചെക്ക്പോസ്റ്റുകളാണ്. ആ നാല് പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ ആണ് ഇപ്പോൾ ടൈറൻ ചെയ്തിരിക്കുന്നത്. ശ്രീ. അഹമ്മദാലി പറഞ്ഞതുപോലെ ഇപ്പോൾ കാസർകോട്ട് അങ്ങോട്ടുമിങ്ങോട്ടും പോകുന്നതിനും വരുന്നതിനും സൗകര്യമായ രീതിയിൽ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിയെടുക്കുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ ചെക്ക് പോസ്റ്റുകൾ സുരക്ഷിതമാക്കികൊണ്ട് നികുതി പിരിവ് വർദ്ധിപ്പിച്ചെടുക്കുകയെന്നുള്ളതാണ് ലക്ഷ്യം. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 176 ഐറ്റംസിന് സെയിൽസ്ടാക്സ് ഈടാക്കുന്നുണ്ട്. ഇപ്പോഴത്തെന്ന കയറിനേറത് ഇളവ് ചെയ്തു. വെറ്റില കൃഷിക്കാരുടേത് ഇളവു ചെയ്തു. വളരെ പരിമിതമായി മാത്രമുള്ളത്. ഏറ്റവും കൂടുതൽ കിട്ടാവുന്ന നികുതി കൂടുതൽ പിരിക്കുകയും അത് പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുകയും അതേസമയത്ത് നെഗ്ളക്റ്റഡായിട്ടുള്ള 50,000 രൂപ 30,000 രൂപ, അല്ലെങ്കിൽ അങ്ങനെയുള്ള ഐറ്റംസിൽ നിന്നുകിട്ടുന്ന, നെഗ്ളക്റ്റഡായിട്ട് കിട്ടുന്ന സെയിൽസ്ടാക്സ് ഒഴിവാക്കുകയും ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നത്. അല്ലെങ്കിൽ ജനങ്ങൾക്ക് അക്കാര്യത്തിൽ കുറേക്കൂടി ബുദ്ധിമുട്ടുണ്ടാകും. 50,000 രൂപ പിരിക്കുകയും 2 ലക്ഷം രൂപ അതിൻറെ എസ്റ്റാബ്ലിഷ്മെൻറ് എക്സ്പെൻഡിച്ചർ ആകുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ രീതിയിലുള്ള മാറ്റം വരുത്തണമെന്നാണ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് .....(ബഹളം).....ഈ ധനകാര്യ ബിൽ സബ്ജക്റ്റുകമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാൻ സഭ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 1986-ലെ ധനകാര്യബിൽ സാമ്പത്തികകാര്യം സംബന്ധിച്ച 8-ാം സബ്ജക്റ്റുകമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ സബ്ജക്ടുകമ്മിറ്റിക്ക് അയച്ചു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഇന്ന് ഉച്ചയ്ക്കുശേഷം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(സഭ 4 മണിക്ക് സമ്മേളിക്കുന്നതിലേക്കായി ഉച്ചയ്ക്കു ശേഷം 2.41-ന് പിരിഞ്ഞു.)

(നിയമസഭ ഉച്ചയ്ക്കുശേഷം 4 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വി. എം. സുധീരൻറെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിച്ചു)

(2) 1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1986-ലെ കേരള സമുദ്രമൽസ്യബന്ധന നിയന്ത്രണ (രണ്ടാംഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് അടിയന്തിരനിയമനിർമ്മാണം നടത്തുവാൻ ആവശ്യമായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെൻറും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly